Reg. No. M. 2293

ഒററപ്രതി 2ണ


# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 മാർച്ച് 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 കുംഭം 24 | ലക്കം. 30

## ലോകൈകധാർമ്മികസമ്രാട്ട് പന്ത്രണ്ടാം പിയുസ് പോപ്പുരാജൻ

# നീണാൾ വിജയിപ്പൂതാക!



ഭക്തശിരോമണിയായ പരിശുദ്ധ പിതാവിൻെറ ദിവ്യബലിയർപ്പണം

(പാപ്പാദിനമായ മാർച്ച് 11-ാംതീയതി ഞായറാഴ്ച ലോകം മുഴുവനുംവേണ്ടി സെൻറ് പീറേറഴ്സിൽ തിരുമേനി ഔദ്യോഗികമായി ബലിയർപ്പിക്കും)

## പരിശുദ്ധ പിതാവിൻെറ 80-ാം ജന്മദിനം മാർച്ച് 2

## പാപ്പാസ്ഥാനാരോഹണത്തിൻെറ 17-ാം വാർഷികം മാർച്ച് 12

## പാപ്പാദിനം മാർച്ച് 11

ക്രിസ്തുവിൻെറ വികാരിയും, വിശുദ്ധ പത്രോസിൻെറ 262-ാമത്തെ പിൻഗാമിയും, തിരുസഭയുടെ പരമാദ്ധ്യക്ഷനും, പാശ്ചാത്യലോകത്തിൻെറ പാത്രിയാർക്കും, ഇററലിയുടെ പ്രൈമേററും, റോമൻപ്രോവിൻസിൻെറ മെത്രാപ്പോലീററൻ ആർച്ചുബിഷപ്പും, റോമായുടെ മെത്രാനും, വത്തിക്കാൻ സംസ്ഥാനത്തിൻെറ രാജാവുമായ 12 ാം പീയൂസ് മാർപ്പാപ്പാ തിരുമേനി നീണാൾ വിരാജിക്കുന്നതിനു ദൈവം അനുഗ്രഹിക്കട്ടെ! ലോകൈകധാർമ്മികസമ്രാട്ടായ തിരുമനസ്സിലെ സ്വരം ലോകം ശ്രവിക്കട്ടെ! സമാധാനത്തിനുവേണ്ടി അലയുന്ന ജനത "സമാധാനദൂതനാ"യ അവിടുത്തെ നിർദ്ദേശങ്ങളും അനുവർത്തിക്കട്ടെ! "നീതിയുടെ പരിണതഫലമാണ് സമാധാനം" എന്നുള്ള തിരുമനസ്സിലെ മുദ്രാവാക്യം എല്ലാ രംഗങ്ങളിലും സാക്ഷാൽക്കരിക്കപ്പെടുന്നതിനു സുമനസ്സുകൾ ഒത്തൊരുമിച്ചു യത്നിക്കട്ടെ!




## അദ്ധ്യായം 14 [തുടർച്ച]

## "മിറിയാം; മിറിയാം"

[വി. സി. ജോർജ് ബി. എ. എൽ. റ്റി.]

ഉന്നതപുരോഹിതന്മാരിൽ പെട്ട നഥാനിയേൽ റാബി ജറുസലേമിൽനിന്നു ജറിക്കോയിലേക്കുള്ള പ്രധാനവഴിയിൽക്കൂടി സവാരി ചെയ്യുകയായിരുന്നു. ബറാബാസ് ജറിക്കോയിൽ ഒരു രഹസ്യമിത്രയുടെ വസതിയിൽ താമസിക്കുകയായിരുന്നുവെന്നു ഗ്രഹിച്ചിരുന്ന നഥാനിയേൽറാബി പുരോഹിതസമ്മേളനത്തിലെ നിശ്ചയമനുസരിച്ച് ഒരു സന്ദേശവാഹിയെ ജറിക്കോയിലേക്കയച്ചിട്ടുണ്ടായിരുന്നു. മേലിൽ പുരോഹിതവൃന്ദവുമായി യാതൊരു ഒടപാടും തനിക്കില്ലെന്നു നിർദ്ദയം മറുപടി നൽകി ദൂതനെ അനാദരപൂർവ്വം പറഞ്ഞയക്കുകയാണ് ബറാബാസ് ചെയ്തതു്. പുരോഹിതന്മാരുടെമേൽ ബറാബാസ് ചൊരിഞ്ഞ ശാപമാരി എത്ര ഉഗ്രമായിരുന്നുവെന്നു ദൂതൻ നഥാനിയേലിനെ ധരിപ്പിച്ചില്ല. പുരോഹിതന്മാർ റോമന്മാരുടെ പിടിയിൽനിന്നു ഇസ്രായേലിനെ മോചിപ്പിക്കുവാൻ സന്നദ്ധരാണെങ്കിൽ തനിക്കാകാര്യത്തിൽ യാതൊരു പ്രാതികൂല്യവുമില്ലെന്നും, മക്കാബ്യെന്റെ പൗത്രൻ യൂദാ ബെൻ യാക്കോബിനെ വിമോചനകർത്താവായി അവർക്കു ലഭിച്ചിട്ടുണ്ടല്ലോയെന്നും, ബറാബാസ് പ്രസ്താവിച്ചതായിട്ടു നഥാനിയേൽ അറിഞ്ഞിരുന്നു. സ്വകീകനിർമ്മിതമായ ആയുധങ്ങൾ ഉപയോഗിച്ചായിരിക്കും മക്കാബ്യൻ റോമന്മാരെ ഓടിക്കുന്നതെന്നു ബറാബാസ് പുച്ഛരസത്തിൽ പ്രസ്താവിച്ചതും മററും റാബിക്കജ്ഞാതമായിരുന്നു. ദൂതനിൽനിന്നു കിട്ടിയ വിവരങ്ങൾ അടിസ്ഥാനമാക്കി ബറാബാസുമായി ഒരഭിമുഖ സംഭാഷണം നടത്തുവാൻ നഥാനിയേൽറാബി തീരുമാനിച്ചു. വളരെ ക്ലേശകരമായ ഒരു കൃത്യമാണ് താൻ നിർവ്വഹിക്കേണ്ടിയിരുന്നതെന്നു റാബിക്കു നിശ്ചയമുണ്ടായിരുന്നു. എങ്കിലും അതു മാററിവയ്ക്കാവുന്നതായിരുന്നില്ല. ബറാബാസിനെ രഞ്ജിപ്പിച്ചില്ലെങ്കിൽ പ്രസ്ഥാനം പാടെ തുലയുമെന്നായിരുന്നു റാബിയുടെ വിശ്വാസം.

ബറാബാസ് മുമ്പൊരിക്കൽ ഈ പ്രദേശത്തുകൂടി യാത്ര ചെയ്തപ്പോൾ, ഇടതുവശത്തു മരതകപ്പച്ച അണിഞ്ഞു വസന്തപ്രൗഢിയോടുകൂടി കഴിഞ്ഞകനകളും വിസ്തൃതമായ ജോർഡാൻ താഴ്വരയും കാണുവാൻ കണ്ണോ നവജീവനോടുകൂടി അവിടെ ഉയന്ന കളനാദകോലാഹലം കേൾക്കുവാൻ കാതോ അയാൾക്കുണ്ടായിരുന്നില്ല. ഇതുതന്നെയായിരുന്നു ഈ പ്രയാണത്തിൽ നഥാനിയേൽറാബിയുടെ അനുഭവം. ഉന്മേഷരഹിതനായി മുമ്പിൽ കണ്ട വഴി ചൂഴ്ന്നുനോക്കി അദ്ദേഹം വേസരത്തെ മുന്നോട്ടുവിടുകയായിരുന്നു. ഹൃദ്യമല്ലാത്ത ജോലി ആവുന്നതും വേഗം അവസാനിപ്പിച്ചിട്ട് വിശുദ്ധ നഗരത്തിൽ മടങ്ങിയെത്തുവാനായിരുന്നു റാബിയുടെ ഉത്സാഹം. ഈ കഴപ്പം നിറഞ്ഞ സംഗതിയിൽ തലയിട്ടതിനെപ്പററി റാബിക്കു പശ്ചാത്താപം തോന്നി. ഇസ്രായേൽ പ്ര[illegible]ടെ കരങ്ങളിൽനിന്നു സ്വതന്ത്രയായിയെന്നിരിക്കട്ടെ. അതിൽനിന്നു തനിക്കെന്തു നന്മ ലഭിക്കുവാനാണ്? ഗുണം ലഭിക്കുന്നതു അന്നാസിനും അദ്ദേഹത്തിന്റെ ജാമാതാവിനുംതന്നെ. സ്വതന്ത്ര ഇസ്രായേലിൽ പ്രധാന പുരോഹിതന്റെ കുടുംബം രാജകുടുംബം തന്നെയായി പരിണമിക്കും. തനിക്കാകട്ടെ പ്രധാനപുരോഹിതസ്ഥാനത്തെത്തുവാൻ മാർഗ്ഗവുമില്ല. മററുള്ളവർക്കുവേണ്ടി മരം വെട്ടുകയായിരിക്കും അന്നും തന്റെ കൃത്യം. ആ മററുള്ളവർ രക്തബന്ധം, വൈവാഹികബന്ധം എന്നിവയാൽ ഏകോപിച്ച ആദായമെല്ലാം അനുഭവിക്കുകയും ചെയ്യും. ദേവാലയം ഇടപെട്ട കാര്യങ്ങളിൽ അസുഖകരമായ ഭാരങ്ങൾ സദാ വഹിക്കേണ്ട ഒരു ബലിമൃഗം മാത്രമാണല്ലോ താൻ. എങ്കിലും ഒന്നാംഗണത്തിൽപ്പെട്ട ഒരു പുരോഹിതൻ എന്ന അവസ്ഥ നിസ്സാരമല്ല, വളരെ പണിപ്പെട്ടു ക്ലേശങ്ങൾ സഹിച്ചാണ് ഇതനിലയിലെത്തിയതു്. പക്ഷെ, ഇനിയും പുരോഗമനത്തിന് മാർഗ്ഗമില്ലതന്നെ. ഇങ്ങനെ ചിന്തിച്ചു നഥാനിയേൽ റാബി യാത്ര തുടന്നു.

ഒരു വലിയ സംഘം ആളുകൾ അദ്ദേഹത്തെ അഭിമുഖീകരിച്ചു വഴിയിൽക്കൂടി വരുന്നുണ്ടായിരുന്നു. തീർത്ഥകദണ്ഡു് കൈയിലും ഒരു ചെറുഭാണ്ഡം മുതുകിലുമായിട്ടായിരുന്നു അവരിൽ ഓരോ ആളും സഞ്ചരിച്ചതു്. അവരുടെ ഗതി മന്ദമായിരുന്നു. കഠിനാദ്ധ്വാനികളുടെ രീതിയിൽ പാദം വെച്ചുവർ നീങ്ങി. വെള്ളയങ്കിധരിച്ച് അവരുടെകൂടെ സഞ്ചരിച്ച ഒരാളുടെ സംഭാഷണത്തിൽ അവർ ശ്രദ്ധിക്കുന്നതായും കാണപ്പെട്ടു. കാലേകൂട്ടി വിശുദ്ധ നഗരത്തിൽ പ്രവേശിച്ച് സൗകര്യപ്രദങ്ങളായ താവളങ്ങൾ കരസ്ഥമാക്കി ആസന്നമായ പെസഹാതിരുനാളിൽ സംബന്ധിക്കുവാൻ ഉത്സാഹപൂർവ്വം പുറപ്പെട്ടവരായിരുന്നു ഈ സംഘമെന്നു തോന്നി. ഈ തീർത്ഥകർ റാബിനഥാനിയേലിന്റെ പ്രാപ്യസ്ഥാനമായ ജറിക്കോയിൽനിന്നു വന്നവരായിരുന്നു. അതു് ഇസ്രായേലിന്റെ വിവിധഭാഗങ്ങളിൽനിന്നു മാത്രമല്ല വിദേശങ്ങളിൽനിന്നു പോലും പെസഹാതിരുനാളിൽ സംബന്ധിക്കുവാൻ യഹൂദസംഘങ്ങൾ ധാരാളം വന്നുകൊണ്ടിരുന്ന കാലമായിരുന്നതിനാൽ വെള്ളയങ്കിക്കാരൻ തന്റെ ശ്രദ്ധ അദ്ദേഹത്തിങ്കലേക്കു ബലമായി തിരിച്ചില്ലായിരുന്നുവെങ്കിൽ റാബി നഥാനിയേൽ ഈ തീർത്ഥകസംഘത്തെ ഗൗനിക്കുമായിരുന്നില്ല. വെള്ളയങ്കിക്കാരന്റെ അസാധാരണ പാണ്ഡുവസ്ത്രമോ, അത്ഭുതവദനാകാരപരിശുദ്ധിയോ ഏതാണ് തന്നെ ശക്തിയുക്തം ആ അപരിചിതനിലേക്കു ആകർഷിച്ചതെന്നു സ്വയം വിശദീകരിക്കുവാൻ നഥാനിയേൽറാബിക്കു് അസാദ്ധ്യമായി. ഏതോ അജേയതേജസ്സ് അദ്ദേഹത്തിൽനിന്നു് നിർഗ്ഗമിച്ചു ധൂളിയിൽ കുളിച്ച സഹചരരെ അഭിഷേകം ചെയ്യുന്നതായി റാബിക്കു തോന്നി.

ചെറുകഥ

## സതീർത്ഥ്യരുടെ സമാഗമം

(F. M. N.)

"ഇതാ, ഒരെഴുത്തു്, യജമാനനേ."

മിസ്റ്റർ ഹെക്കൻഹാം മംഗിയായി സീറ്റിൽചെയ്തിരുന്ന ആ എഴുത്തുവാങ്ങി മേൽവിലാസം സൂക്ഷിച്ചുനോക്കി കൈയക്ഷരം പരിചയമില്ലാത്തതുപോലെ തോന്നി. അദ്ദേഹം ഭൃത്യനോടു ചോദിച്ചു:

ഈ മനുഷ്യൻ ആരായിരിക്കാം? ഏതോ ദുർഗ്രഹവികാരത്തിന്നധീനനായി റാബി സ്വയം മറന്നു, അത്ഭുതവിവശനായി. ഇങ്ങനെ ചിന്താധീനനായി കഴിയുകയിൽ മനഃപൂർവ്വം അല്ലാതെ എന്നുപറയാം, ഈ അസുഖ സാഹചര്യങ്ങളിൽ നിന്നൊഴിഞ്ഞുമാറുവാൻ ആഗ്രഹിച്ചു് എന്നുതോന്നുമാറ് കൈയിലുണ്ടായിരുന്ന ചാട്ടകൊണ്ടു് സ്വന്തം വാഹനമൃഗത്തെ ഒന്നടിച്ചു. ഈ വിധമപകാരം സ്വീകരിച്ചു ശീലിക്കാതിരുന്ന മൃഗം ഒപ്പെട്ടെന്നൊരു വശത്തേക്കു ചാടിയതും, സവാരിയിൽ ഇലേശം സാമർത്ഥ്യം കുറഞ്ഞ പുരോഹിതൻ വഴിയുടെ നടുഭാഗത്തു വീണു്, അദ്ദേഹത്തിന്റെ തല ഒരു കല്ലിൽ തല്ലി ബോധരഹിതനായിത്തീന്നതും ഒരുക്ഷണത്തിൽ കഴിഞ്ഞു.

പിന്നീടു് കണ്ണു തുറന്നപ്പോൾ തീർത്ഥകസംഘത്തിൽ പെട്ട ഒരുവൻ തന്റെ വാഹനമൃഗത്തിന്റെ കടിഞ്ഞാൺ പിടിച്ചിരിക്കുന്നതും അപരൻ തന്നെ പിടിച്ചെഴുന്നേല്പിച്ചു ഇരുത്തുവാൻ ശ്രമിക്കുന്നതുമായ കാഴ്ചയാണു് നഥാനിയേൽ റാബി കണ്ടതു്. റാബിയുടെ നെററിത്തടത്തിൽ നിന്നു രക്തം ഒലിക്കുന്നുമുണ്ടായിരുന്നു.

"റാബി നഥാനിയേൽ, സമാധാനം" എന്നിങ്ങനെ അദ്ദേഹത്തെ സഹായിക്കുന്ന ആൾ അഭിവാദ്യം ചെയ്തു. "നിങ്ങളുടെ മൃഗം നിങ്ങളെ താഴെയെറിഞ്ഞതാണ്. ദേഹം കുറെയിളകിയിട്ടുണ്ടായിരിക്കണം."

"സമാധാനം", ഏതാണ്ടർദ്ധബുദ്ധിയോടുകൂടി റാബി പറഞ്ഞു. തലകറക്കം മൂലം ഉദ്ഗ്രീവനാകുവാൻ അദ്ദേഹത്തിനു വളരെ പ്രയാസപ്പെട്ടു. തീർത്ഥകർ ചെയ്ത ഉപകാരത്തിനു് നന്ദി പറഞ്ഞു് അയാൾ തന്റെ പേരെങ്ങനെ അറിഞ്ഞു എന്നു് ചോദിക്കുവാൻ റാബി ആലോചിക്കുകയിൽ വെള്ളയങ്കിക്കാരന്റെ ചുററും കാണപ്പെട്ട സംഘം വീണ്ടും നഥാനിയേലിന്റെ ശ്രദ്ധാവിഷയമായി. അതു് റാബി ആദ്യം വിചാരിച്ചതിലധികം ആളുകൾ ഉൾപ്പെട്ടതായിരുന്നു. അതിൽ പുരുഷന്മാരും സ്ത്രീകളും ഉണ്ടായിരുന്നുതാനും. വഴിയരികെ ഇരുന്നിരുന്ന രണ്ടു വൃദ്ധന്മാരുടെ തലപ്പുമിതെ കുനിഞ്ഞു് നില്ക്കുന്ന വെള്ളയങ്കിക്കാരന്റെ സമീപം അർദ്ധവൃത്തരീതിയിൽ ആളുകൾ നിരന്നു. വൃദ്ധന്മാർ രണ്ടുകൈ കൂപ്പി അദ്ദേഹത്തോടെന്തോ അർത്ഥിക്കുകയായിരുന്നു. അവർ സംസാരിക്കുകയല്ലായിരുന്നു, ഉൽക്രോശിക്കുകയായിരുന്നു എന്നു പറയാം. മുപ്പതു് അടിയിലധികം അകലെയല്ലാതിരുന്ന നഥാനിയേലിനു് അവരുടെ അപേക്ഷ നല്ലവണ്ണം കേൾക്കാമായിരുന്നു; "നാഥാ, ദാവീദിൻ പുത്രാ, ഞങ്ങളോടു കാരുണ്യം കാണിക്കേണമേ" എന്നു മുറവിളി.

വെള്ളയങ്കിക്കാരനാരെന്നു നഥാനിയേൽ റാബിക്കിപ്പോൾ മനസ്സിലായി. അദ്ദേഹത്തിൽ നിന്നു് ഓടി മറയുന്നതിനു തനിക്കുണ്ടായ അഭിനിവേശവും. നസ്രത്തിലെ ഈശോ തന്നെ വെള്ളയങ്കിക്കാരൻ. (തുടരും)

"ഇതാരു കൊണ്ടുവന്നു?"

"അശ്വാരൂഢനായ ഒരാൾ. അയാൾ മേരിയുടെ കൈയിൽ എഴുത്തുകൊടുത്തിട്ടു് ഉടൻതന്നെ കുതിര ഓടിച്ചുപോയി. വേലക്കാർക്കു ആർക്കും അയാളെ പരിചയമില്ല. അയാളുടെ സംഭാഷണത്തിൽനിന്നു് അയാൾ സസെക്സ്ഭാഗത്തുനിന്നാണെന്നു തോന്നുന്നു."

"വാർത്തകളൊന്നും പറഞ്ഞില്ലേ?"

"ഇല്ല. മിസ്റ്റർ ഹെക്കൻഹാമിന്റെ വീടു് ഇതാണോയെന്നു ചോദിച്ചിട്ടു് ഈ എഴുത്തു് അത്യാവശ്യമായി നൽകേണ്ടതാണെന്നു പറഞ്ഞു് ഒരു നിമിഷം പോലും താമസിക്കാതെ പോവുകയാണു ചെയ്തതു്. പക്ഷേ......"

"മതി, മതി. നിന്നെ ആവശ്യമുള്ളപ്പോൾ വിളിക്കാം. ദൂരെയെങ്ങും പൊയ്ക്കളയരുതു്."

ഭൃത്യൻ പോയപ്പോൾ മിസ്റ്റർ ഹെക്കൻഹാം തന്റെ സ്യാലനായ കത്ത്ബേർട്ട് മേർട്ടനോടുതിരിഞ്ഞു് ഇങ്ങനെ പറഞ്ഞു: "ചാരന്മാരെക്കൊണ്ടും "യൂദാസു"മാരെക്കൊണ്ടും നിറഞ്ഞിരിക്കുന്ന ഇക്കാലത്തു് എത്ര സൂക്ഷിച്ചാലും അധികമായിപ്പോവില്ല. നമുക്കു ഈ എഴുത്തെന്താണെന്നു നോക്കാം."

സമീപത്തിരുന്ന ഒരു വലിയ മേശയിലേക്കു ചാരിക്കൊണ്ടു് അദ്ദേഹം എഴുത്തുതുറന്നു ഓരോ വാക്കും സൂക്ഷ്മമായി വായിച്ചു. അവസാനം ഉത്സാഹഭരിതനായി പറഞ്ഞു: "ഇതൊരു പുതുമയായിരിക്കുന്നു. പക്ഷെ സന്തോഷവർത്തമാനമാണ്. ഡോവറിലുള്ള എന്റെ സ്നേഹിതനായ ജാൺ ജഫ്റിയുടെ എഴുത്താണ്. 25-ാം തീയതി ഡ്യൂവെസമ്മിനാരിയിൽ നിന്നും ഒരു കൊച്ചച്ചൻ അയാളുടെ വീട്ടിൽ വരുന്നെന്നും അദ്ദേഹത്തെ ഉടൻതന്നെ ഇങ്ങോട്ടയക്കുമെന്നും ആ കശ്മലൻ ട്രിൻവെൽ, ജഫ്റിയുടെ വീടിനുചുററും കാവൽകിടക്കുന്നതുകൊണ്ടു് കൊച്ചച്ചൻ അവിടെ താമസിക്കുന്നതു ആപല്ക്കരമാണെന്നും പറഞ്ഞിരിക്കുന്നു."

"ദൈവത്തിനു സ്തുതി." ആഹ്ളാദഭരിതനായി മേർട്ടൻ പ്രതിവചിച്ചു: "അവസാനം ഒരു വൈദികനെ കാണാനുള്ള ഭാഗ്യം നമുക്കു ലഭിച്ചു. ദിവ്യപൂജയിൽ സംബന്ധിച്ചിട്ടു് എത്രയോ നാളായി. ഓ! മൂന്നുമാസം കഴിഞ്ഞു. മേരിക്കു അവളുടെ കാമുകനെ വിവാഹം ചെയ്യാൻ ഒരവസരവും ലഭിച്ചു. എന്നാൽ അച്ചന്റെ പേരെന്താണ്? നമുക്കു അദ്ദേഹത്തെ എങ്ങനെ തിരിച്ചറിയാൻ സാധിക്കും?"

"ഫാദർ കൂർട്ടനെ എന്ന പേരിലാണ് അദ്ദേഹം ഇപ്പോൾ അറിയപ്പെടുന്നതു്. ജാൺജഫ്റിയുടെ ശുപാർശക്കത്തുമുണ്ടു്. ജാണിന്റെ കൈക്കു നല്ല സുഖമില്ലാത്തതുകൊണ്ടു് എഴുത്തു മുഴുവനും സ്വന്തകൈപ്പട എഴുതാതെ വെറുതെ ഒപ്പുവയ്ക്കുകമാത്രമേ ചെയ്തിട്ടുള്ളു." അല്പസമയം ആലോചിച്ചിട്ടു്: "ഇന്നു 25-ാം തീയതിയല്ലേ, അച്ചനുവേണ്ടി ഇതുവരെ ഒന്നും തയ്യാറാക്കിയിട്ടില്ലല്ലോ. ഉടൻതന്നെ അദ്ദേഹം ഇവിടെ എത്തുകയുംചെയ്യും" എന്നു പറഞ്ഞിട്ടു് അയാൾ അകത്തേക്കു പോയി.

വൈദികനെ സ്വീകരിക്കുന്നതിനു സകലതും സജ്ജീകരിച്ചതിനുശേഷം സമീപസ്ഥരായ കത്തോലിക്കരെയെല്ലാം ദിവ്യപൂജയിൽ സംബന്ധിക്കുവാൻ രഹസ്യമായി ക്ഷണിക്കുന്നതിനു് ദൂതന്മാരെ നാലുപാടും നിയോഗിച്ചു.

കത്ത്ബേർട്ട് മേർട്ടൻ ചിന്താമഗ്നനായി ഇരുന്ന സ്ഥലത്തുതന്നെ ഇരുന്നു. കത്തോലിക്കരോടു ചെയ്യുന്ന അനീതികളെപ്പററിയും അവർ സഹിക്കുന്ന പീഡനങ്ങളെപ്പററിയും ചിന്തിക്കുന്തോറും അയാളുടെ മനസ്സിൽ ശോകാഗ്നി കത്തിജ്വലിക്കുവാൻ തുടങ്ങി. ഒടുവിൽ "ഓ! എന്റെ ദൈവമേ" എന്നുമാത്രം അയാൾ ദീർഘമായി നിശ്വസിച്ചു. അപ്പോഴേക്കും വീട്ടുടമസ്ഥൻ തിരികെവന്നു. "എല്ലാം തയ്യാറായി. ദിവ്യബലിക്കുള്ള പീഠവും പൂജാപാത്രങ്ങളും ഉടുപ്പുകളുമെല്ലാം ഞാൻതന്നെ തയ്യാറാക്കി. അളിയനെന്താണു് ഇങ്ങനെ ചിന്താകുലനായിരിക്കുന്നതു്?"

For favours received



Aleyamma Thoma
Kanjirapally

"പ്രത്യേകിച്ചൊന്നുമില്ല. നമ്മുടെ ഈ സ്വതന്ത്രരാജ്യത്തിൽ നടക്കുന്ന അനീതിയെപ്പററി ചിന്തിക്കുന്തോറും എന്റെ ഹൃദയം തകരുകയാണ്. മാത്രമല്ല ആ യൂദാസ് ട്രിൻവെൽ പാവപ്പെട്ട ജാണിന്റെ വീടിനേയും വലയം ചെയ്തിരിക്കുന്നല്ലോ."

"ട്രിൻവെൽ തിരുസഭയെ ഉപേക്ഷിച്ചതിനുശേഷം ഒരു കുട്ടിപ്പിശാചായി മാറിയിരിക്കുകയാണ്. എന്നാൽ നമ്മുടെ ജാൺ ആ ചെന്നായുടെ കൈയിൽ അകപ്പെടുവാൻ ഇടയായാൽതന്നെ—ദൈവം അതിനു് ഇടയാക്കാതിരിക്കട്ടെ—നമ്മുടെ മതത്തിനുവേണ്ടി മരിക്കുമെന്നുള്ളതു തീർച്ചയാണ്."

ഇത്രയുമായപ്പോൾ ആരോ ഒരാൾ കതകിൽമുട്ടി. അനുവാദത്തോടുകൂടി ഒരു ഭൃത്യൻ അകത്തു കടന്നുവന്നു. "ഒരാൾ തന്റെ ഭൃത്യ

(ശേഷം 4-ാം പേജിൽ)

## വൈദികാർത്ഥികളോടു്

നിങ്ങൾക്കു് മഹത്തായ ആദർശങ്ങളും, ഈശ്വരദാസവനസന്നദ്ധതയും, ആത്മരക്ഷയിൽ ശുഷ്കാന്തിയും, ആരോഗ്യവുമുണ്ടെങ്കിൽ അഹമ്മദ്ബാദ് ജസ്വിററ് മിഷനിലേയ്ക്കു് സ്വാഗതം. ഈകൊല്ലത്തെ സ്കൂൾഫൈനൽ പരീക്ഷയിൽ ജയിക്കുമെന്നു പ്രതീക്ഷയുള്ളവരെല്ലാം ഉടൻതന്നെ അപേക്ഷിക്കുക.

മേൽവിലാസം:-

V. Rev. Fr. Superior
St. Xavier's,
Ahmedabad—1

# ദൈവദൂതസന്നിഭനായ പരി. പിതാവ്

(ഫാദർ ലേത്തൂസ് സി. ഡി.)

ഇപ്പോൾ എൺപതു തിരുവയസ്സു പൂർത്തിയാകുന്ന പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു് പരിശുദ്ധ സിംഹാസനം വാഴുന്ന 262-ാമത്തെ മാർപ്പാപ്പായാണു്. തന്റെ മുൻഗാമികളായ 261 മാർപ്പാപ്പാമാരിൽ 84 പേരും വിശുദ്ധന്മാർ എന്ന നാമകരണം ചെയ്യപ്പെട്ടിട്ടുള്ളവരാണു്. വിശുദ്ധ പത്രോസു മുതൽ 496-ൽ നാടുനീങ്ങിയ ജലാസിയൂസ് പ്രഥമൻവരെയുള്ള സകല മാർപ്പാപ്പാമാരും (49 പേരും) വിശുദ്ധന്മാരാണു്. ഈശോമിശിഹാ തന്റെ തിരുസഭയെ ഭരിക്കയും ശുദ്ധീകരിക്കയും പഠിപ്പിക്കുകയും ചെയ്യുവാൻവേണ്ടി ലക്ഷോപലക്ഷങ്ങളിൽനിന്നു തിരഞ്ഞെടുക്കുന്ന തന്റെ പ്രതിപുരുഷനായ ഒരു മാർപ്പാപ്പാ അഗാധമായ ആദ്ധ്യാത്മികത്വമില്ലാത്ത വ്യക്തിയായി പ്രത്യക്ഷപ്പെടുക എന്നതു് ചിന്തനീയമല്ലതന്നെ. അപവാദങ്ങൾ ഉള്ളതായി ചരിത്രത്തിൽ വല്ലേടത്തും വല്ല ഉദാഹരണവും കാണുന്നുണ്ടെങ്കിൽ അതിനു കാരണം ചരിത്രം പലപ്പോഴും പ്രമാദങ്ങൾക്കു വിധേയമായിട്ടുണ്ടു് എന്നുള്ളതുതന്നെ. ആദ്ധ്യാത്മികത്വത്തിന്റെ ബാഹ്യരൂപം മാററത്തിനു വിധേയമാണു് എന്നുള്ള തത്വവും ഇവിടെ സ്മൎത്തവ്യമത്രെ.

"ദൈവദൂതസന്നിഭൻ" എന്നു പ്രവചനപ്രസിദ്ധിയാർന്ന പരിശുദ്ധ പിതാവാണല്ലോ പന്ത്രണ്ടാം പീയൂസ്. ഈ പ്രവചനത്തിനു ഒരു വിലയും കല്പിക്കാതെ നിഷ്പക്ഷബുദ്ധ്യാ പച്ചെല്ലിപ്പാപ്പായുടെ ജീവചരിത്രം അവധാനപൂർവ്വം പഠിക്കുന്ന ഏതൊരു നിരീക്ഷകനും കാണുവാൻ കഴിയുന്നതു് തിരുമനസ്സുകൊണ്ടു് സാക്ഷാൽ പരിശുദ്ധനായ ഒരു പരിശുദ്ധ പിതാവാണെന്ന പരമാർത്ഥമായിരിക്കും. ഒരു 55 സംവത്സരം പുറകോട്ടുപോകുക; ഒസ്സർവത്തോരെ റൊമാനയുടെ പഴയ പ്രതികൾ പരിശോധിക്കുക. 1899 ഏപ്രിൽ 3-ാംനു പ്രസ്തുത പത്രം തലേദിവസം ഗുരുപ്പട്ടം സ്വീകരിച്ച ഒരു കൊച്ചച്ചനെപ്പററി ഇങ്ങനെ പ്രസ്താവിക്കുന്നതു കാണാം. "ദൈവത്തിന്റേയും തിരുസഭയുടേയും മഹത്വത്തിനായി അദ്ദേഹം കാലുകുത്തിയിരിക്കുന്ന ജീവിതവീഥിയിൽ ഭാസുരമായ ഭാവിവിജയത്തെ പ്രദ്യോതിപ്പിക്കുന്ന അഗാധപാണ്ഡിത്യവും സുകൃതപരപുഷ്കല്യവും തികഞ്ഞ നവവൈദികൻ ഡോൺ എവുജെനിയോ പച്ചെല്ലിക്കു് ഞങ്ങൾ ഹൃദയംഗമമായ ഭാവുകങ്ങൾ ആശംസിക്കുന്നു." എവുജീൻ പച്ചെല്ലിയെ വൈദികനായോ, മോൺസിഞ്ഞോറായോ, മെത്രാനായോ, കർദ്ദിനാളായോ അല്ല തിരുസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പാസ്ഥാനത്തുതന്നെ അവിടുത്തെ അടുത്തറിഞ്ഞിട്ടുള്ളവരെല്ലാം ഏകകണ്ഠമായി പറയുന്നതു് "സുകൃതപരപുഷ്കല്യം നിറഞ്ഞ വൈദികൻ" എന്ന ഒസ്സർവത്തോരേയുടെ അരനൂററാണ്ടിലധികം പഴക്കമുള്ള ആ അഭിപ്രായംതന്നെയാണു്.

സ്റ്റേയിററു് സെക്രട്ടറി ആയിരുന്ന കാലത്തു്, കൃത്യാന്തരബഹുലതയിൽ നിമഗ്നനായിരുന്നപ്പോഴും കൈകൾ കൂപ്പി ഒരു മാർബിൾശിലപോലെ നിശ്ചലനായി നീണ്ടമണിക്കൂറുകൾ പച്ചെല്ലികർദ്ദിനാളിനെ പരിശുദ്ധ കുർബാനയുടെ തിരുസന്നിധിയിൽ കാണുക പതിവായിരുന്നു. "പുണ്യവാൻ കർദ്ദിനാൾ" എന്നു റോമാക്കാർ അദ്ദേഹത്തെ അഭിസംബോധനം ചെയ്തിരുന്നു! മാർപ്പാപ്പാ ആയശേഷം സ്വതേ തപോധനനായ തിരുമേനി തന്റെ തപസ്സും പ്രായശ്ചിത്തങ്ങളും വളരെ വർദ്ധിപ്പിക്കയുണ്ടായി. ആറടി മൂന്നിഞ്ചുയരമുള്ള തിരുമനസ്സിലെ തൂക്കം വെറും 128 റാത്തൽ മാത്രമാണു്. നിരന്തരം 18 മണിക്കൂർ ജോലിചെയ്യുന്ന തിരുമേനിയുടെ ഭക്ഷണരീതിയെപ്പററി കേട്ടാൽ നാം വിസ്മയിച്ചുപോകും. മഹായുദ്ധകാലത്തു് പന്ത്രണ്ടാം പീയൂസ് മാംസം പരിപൂർണ്ണമായി വർജ്ജിച്ചിരുന്നു. മൂന്നു മണിക്കൂർ മാത്രമാണു തിരുമേനി പള്ളിയുറങ്ങിയിരുന്നതു്. ഈ 80-ാം വയസ്സിലും ഒരുമണി കഴിയാതെ നിദ്രക്കുപോകുക പതിവില്ല. തിരുമനസ്സുകൊണ്ടു് വെറും തറയിൽ കിടന്നാണു് മഹായുദ്ധകാലം മുഴുവൻ ഉറങ്ങിയിരുന്നതെന്ന രഹസ്യം വത്തിക്കാൻ അരമനവാസികൾ കണ്ടുപിടിച്ചുകളഞ്ഞു. തിരുമേനി ഒരിക്കലും പുകവലിക്കുകയില്ല; വീഞ്ഞു കുടിക്കുകയില്ല. അനുദിനം അതിരാവിലെ അവിടുന്നു സ്വയം മുഖം വടിക്കുന്നു. ഒരിക്കലും ആ ചടങ്ങിനു തിരുമേനി സോപ്പുപയോഗിക്കുന്നില്ല. ഒരു കപ്പു ചായയും ഒരു റൊട്ടിക്കഷണവും കുറച്ചു ചോക്ലേററും മാത്രമാണു് അവിടുത്തെ പ്രഭാതഭക്ഷണം. അത്താഴം പേരിനുമാത്രം കഴിക്കുന്നു. ഒരു കോഴിമുട്ട മാത്രമാണു് അപ്പോൾ അവിടുത്തെ അമൃതേത്തു്. ഒന്നരമണിക്കാണു് ഉച്ചഭക്ഷണം. അപ്പോൾ സൂപ്പും, മീനും, പച്ചക്കറിയും, പഴങ്ങളും ആഹരിക്കുന്നു. ദിവസവും കുളിക്കുന്നു. ഈ വാർദ്ധക്യകാലത്തും തിരുമേനി പച്ചവെള്ളത്തിലാണു നീരാടുന്നതു്. 1940 നവമ്പർ 24-ാം തീയതി മുതൽ ഒരാഴ്ചവട്ടത്തേക്കു് ലോകസമാധാനത്തിനായി നിരാഹാരവ്രതമെടുത്ത വൃത്താന്തവും യുദ്ധകാലത്തു് ഒരു ദുഃഖവെള്ളിയാഴ്ച ഭാരമുള്ള മരക്കുരിശു ചുമന്നുകൊണ്ടു നടത്തിയ പ്രായശ്ചിത്തയാത്രയും മററും പ്രസിദ്ധങ്ങളാണല്ലോ.

സ്റ്റേയിററു് സെക്രട്ടറി ആയിരുന്ന കാലത്തു് പച്ചെല്ലി കർദ്ദിനാൾ ഉദ്ദ്യോഗം രാജിവച്ചു സ്വിററ്സർലണ്ടിലെ ഒരു കൊവേന്തയിൽ ചേരുവാൻ പോകുന്നു എന്ന ശ്രുതി വത്തിക്കാനിൽ വളരെ ശക്തിപ്പെട്ടിരുന്നതാണു്. കഷ്ടിച്ചു മൂന്നു മണിക്കൂർപോലും (യുദ്ധകാലത്തു) നിദ്രചെയ്യുന്നതിനു സമയം ലഭിക്കാതിരുന്ന പരിശുദ്ധ പിതാവു് പ്രതിദിനം 3 ജപമാല ചൊല്ലിയിരുന്നു. തിരുമനസ്സിലെ ദിവ്യബലിക്കു 40 മിനിട്ടു സമയം എടുക്കുന്നു. 7-30 മുതൽ 8-10 വരെയാണു് തിരുമേനിയുടെ കർബാന. അതിനുമുമ്പു 20 മിനിട്ടുസമയം ഒരുക്കമായും കർബാന കഴിഞ്ഞു 20 മിനിട്ടു ഉപകാരസ്മരണയായും തന്റെ ചാപ്പലിൽ അവിടുന്നു കഴിച്ചുകൂട്ടുന്നു. ഉപകാരസ്മരണയുടെ സമയത്തു സെക്രട്ടറി അർപ്പിക്കുന്ന പൂജ കാണുകയാണു പരിശുദ്ധ പിതാവിന്റെ പതിവു്. "കാനൻപ്രെയറും" മററും അപ്പോൾ ജപിക്കാറില്ല.




മാർപ്പാപ്പായുടെ പ്രാർത്ഥനാരംഗം


ഒരു ഒന്നാന്തരം രാജ്യതന്ത്രജ്ഞൻ എന്നു ലോകം കരുതിപ്പോന്ന പച്ചെല്ലികർദ്ദിനാളിന്റെ കൃതികൾ പരിശോധിച്ചു നോക്കുക. തിരുമനസ്സിലെ ഗ്രന്ഥങ്ങൾ രാഷ്ട്രീയമോ, സാമുദായികമോ, താത്വികമോ ആയ പ്രതിപാദനങ്ങളല്ല; അവ ഭൂരിഭാഗവും വിശുദ്ധന്മാരുടെ സ്തുതിക്കായി റോമിൽ ചെയ്തിട്ടുള്ള പ്രസംഗങ്ങളും, വിശ്വാസപ്രകടനാർത്ഥം റോമിനു വെളിയിൽ നടത്തിയ പ്രഭാഷണങ്ങളും ആകുന്നു. സെക്രട്ടറിയേററിൽ ജോലി ചെയ്തിരുന്ന കാലത്തു് സെമ്മിനാരികളിലും മഠങ്ങളിലും കമ്പസാരത്തിനും ഉപദേശങ്ങൾക്കും പോകുവാൻ ഉൽസുകനായിരുന്നു. ചുരുങ്ങിയകാലം ഒരു മഠത്തിന്റെ കപ്പ്ലോനായിരുന്നിട്ടുണ്ടു്. അന്നു പണ്ഡിതാഗ്രേസരനായ തോമസ് അക്വിനസ്സിന്റെ Summa Theologia എന്ന മഹത്ഗ്രന്ഥത്തെ വ്യാഖ്യാനിച്ചുകൊണ്ടുള്ള ലേഖനങ്ങൾ അടക്കി കന്യാസ്ത്രീകൾക്കുവേണ്ടി ഒരു ഗ്രന്ഥം വിരചിച്ചിട്ടുണ്ടു്. അതു അദ്ധ്യാത്മവിജ്ഞാനസമൃദ്ധവും ഭക്തിരസനിഷ്യന്ദിയുമായ ഒരു ഗ്രന്ഥമത്രെ.

1911-ൽ ഫാദർ എവുജീൻ പച്ചെല്ലി റോമിലെ കാരാമതാവിന്റെ മഠത്തിലെ കപ്പ്ലോനായിരുന്ന കാലത്തു നടന്ന ഒരു സംഭവം ചിന്താമൃതമാണു്. കാർളോ എന്ന ഒരു പിഞ്ചുപൈതലിനെ അദ്ദേഹം ആദ്യകർബാന കൈക്കൊള്ളപ്പാടിനായി ഒരുക്കി. ആ കുഞ്ഞിനെ ഒരു സംഗതി അന്നു പ്രത്യേകം ഭരമേല്പിച്ചു. കപ്പ്ലോനച്ചൻ പറഞ്ഞു "കുഞ്ഞേ നാളെ ഈശോ നിന്റെ ഹൃദയത്തിൽ എഴുന്നെള്ളിവരുമ്പോൾ നീ എന്തു ചോദിച്ചാലും അവിടുന്നു അതു നിനക്കു നൽകും. അച്ചനുവേണ്ടി നീ ഒരു കാര്യം ഈശോയോടു പ്രത്യേകം അപേക്ഷിക്കണം" എന്നു്. സംഗതി എന്തായിരുന്നെന്നോ? മാതാവു് ഉടലോടെ സ്വർഗ്ഗത്തേക്കു കരേറ്റപ്പെട്ടു എന്നതു് മാർപ്പാപ്പാ വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുവാൻ ഇടയാകണം. അതായിരുന്നു ആ കൊച്ചച്ചൻ ആ മാലാഖാക്കുഞ്ഞിനെക്കൊണ്ടപേക്ഷിപ്പിച്ചതു്. അവൾ, അല്ല ആരും അന്നു സ്വപ്നേപി ചിന്തിച്ചില്ല ആ കപ്പ്ലോനച്ചൻതന്നെ പാപ്പാസ്ഥാനത്തെത്തി ഈ വിശ്വാസസത്യപ്രഖ്യാപനം ചെയ്യുമെന്നു്!! പക്ഷേ അവൾക്കതു കാണുവാനിടവന്നു. പന്ത്രണ്ടാം പീയൂസ് തിരുമനസ്സിലേക്കു കുഞ്ഞുങ്ങളോടുള്ള വാത്സല്യവും കുഞ്ഞുങ്ങളുടെ പ്രാർത്ഥനയിലുള്ള വിശ്വാസവും എത്ര വലുതാണെന്നു പരിശുദ്ധ സിംഹാസനാരോഹണത്തിനുശേഷം തന്നെ എത്രയോ പ്രാവശ്യമാണു് അവിടുന്നു പ്രത്യക്ഷമാക്കിയിട്ടുള്ളതു്! "നാം ആരുടെ പ്രാതിനിദ്ധ്യം വഹിക്കുന്നുവോ ആ ഈശോയെപ്പോലെ പ്രത്യേകവിധത്തിൽ നാം കുഞ്ഞുങ്ങളെ സ്നേഹിക്കുന്നു" എന്നു ആധുനികപീയൂസ് പല പ്രാവശ്യം കല്പിച്ചരുളിയിട്ടുണ്ടു്. സംഗീതം, പുഷ്പങ്ങൾ, കുഞ്ഞുങ്ങൾ, പക്ഷികൾ ഇവയെല്ലാം പന്ത്രണ്ടാംപീയൂസിനു ഏററം പ്രിയപ്പെട്ടവയാണു്. മ്യൂനിച്ചിൽ പേപ്പൽപ്രതിനിധി ആയിരുന്ന കാലത്തു് ആർച്ചുബിഷപ്പു് പച്ചെല്ലി വളരെ സമയം സംഗീതത്തിനുവേണ്ടി വിനിയോഗിച്ചിരുന്നതിനെപ്പററി വിമർശനമുണ്ടായപ്പോൾ തിരുമേനി പ്രസ്താവിച്ചതു് "സംഗീതം ഹൃദയാവർജ്ജകമായ പ്രാർത്ഥനയാണു്. അതിൽ പുച്ഛിക്കുവാനൊന്നുമില്ല" എന്നായിരുന്നു. ബാല്യകാലം മുതൽ എവുജീൻ പച്ചെല്ലിയിൽ വിശേഷവിധിയായി പ്രകാശിച്ചിരുന്ന ഒരു സുകൃതം അജയ്യമായ അദ്ദേഹത്തിന്റെ മരിയഭക്തിയാണു്. ഇക്കഴിഞ്ഞ 17 സംവത്സരക്കാലത്തെ ഭരണത്തിനിടയിൽ ചരിത്രത്തിൽ ഒരു മാർപ്പാപ്പായും ചെയ്തിട്ടില്ലാത്തവിധം അത്രയധികം മഹൽകാര്യങ്ങളല്ലേ മരിയഭക്തിപ്രോജ്ജ്വലിപ്പിക്കുവാൻവേണ്ടി "മരിയൻപാപ്പാ" എന്നപരനാമംതന്നെ ആർജ്ജിച്ചുകൊണ്ടു "ദൈവദൂതസന്നിഭൻ" നിർവ്വഹിച്ചിട്ടുള്ളതു്.

പരിശുദ്ധ പിതാവു് പന്ത്രണ്ടാംപീയൂസ് വാർദ്ധക്യത്തിലേക്കു നീങ്ങുന്തോറും, തിരുമേനിയെപ്പററി ചിന്തിക്കുമ്പോൾ പരിശുദ്ധനായ പത്താംപീയൂസിന്റെസ്മരണയാണു് ഒരു "പീയൂസ് പാപ്പാ"വിനുണ്ടാകുന്നതു്. പത്താംപീയൂസിനു പച്ചെല്ലിയച്ചനെ വലിയ കാര്യമായിരുന്നു. 1904 മാർച്ച് 12-ാംനു വെറും നാലുവയസ്സുമാത്രം പ്രായമുള്ള ആ വൈദികശിശുവിനെ—ഫാദർ പച്ചെല്ലിയെ—മോൺസിഞ്ഞോർ സ്ഥാനത്തേക്കുയർത്താൻ പത്താംപീയൂസിനെ പ്രേരിപ്പിച്ചതു് ഈ വാത്സല്യാതിരേകമായിരുന്നു. വിശുദ്ധനായ ആ തിരുമേനി അന്നു് സ്വപ്നേപി ചിന്തിച്ചില്ല ഈ കൊച്ചച്ചൻതന്നെ അൾത്താരയിലേക്കുയർത്തുമെന്നു്! പന്ത്രണ്ടാംപീയൂസിനു് പത്താംപീയൂസ് പലപ്പോഴും പ്രത്യക്ഷനായി എന്നുള്ള വാർത്ത റോമൻപത്രങ്ങളിലും വത്തിക്കാൻ കേന്ദ്രങ്ങളിലും വലിയ ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ളതാണല്ലോ. 1939 ഫെബ്രുവരി 14-ാംനു ചൊവ്വാഴ്ച മഹാനായ 11-ാംപീയൂസ് സ്വർഗ്ഗം പൂകിയപ്പോൾ കമർലങ്കോ എന്ന നിലയിൽ തിരുസഭാഭരണം പച്ചെല്ലിയുടെ തോളിൽ വന്നുവീണു. 40000ത്തിൽപ്പരം അനുശോചനകമ്പികൾക്കു പച്ചെല്ലി മറുപടി അയക്കേണ്ടിവന്നു. 10 പ്രാവശ്യം കർദ്ദിനാൾ സംഘത്തിൽ അദ്ദേഹം ആ ദിവസങ്ങളിൽ അദ്ധ്യക്ഷതവഹിച്ചു. ഉടനെതന്നെ യുദ്ധം ആരംഭിക്കുവാൻ പോകുന്നു എന്നു കാണിച്ചുകൊണ്ടു ഹിററ്ലർ ബെർലിനിലെ പേപ്പൽപ്രതിനിധിക്കയച്ച കത്തു പച്ചെല്ലിക്കർദ്ദിനാളിനെ ചിന്താകുലനാക്കി. അന്നത്തെ ഒരു രാത്രി! റോമ്മാ പട്ടണം ഗാഢനിദ്രയിൽ ലയിച്ചിരിക്കുന്ന സമയത്തും പച്ചെല്ലിയുടെ മുറിയിൽ ദീപമണഞ്ഞിട്ടില്ല. രാത്രി വളരെ അതിക്രമിച്ചു. എല്ലായിടത്തും നിശ്ശബ്ദത. പെട്ടെന്നു തൂവെള്ളപ്പട്ടണിഞ്ഞ, പ്രഭാപൂരം വിതറുന്ന, ഒരു ധന്യരൂപം കമർലങ്കോ കർദ്ദിനാളിന്റെ (പച്ചെല്ലിയുടെ)മുറിയിൽ പ്രത്യക്ഷനാകുന്നു. വിസ്മയമോ പരിഭ്രാന്തിയോ കൂടാതെ കർദ്ദിനാൾ ചാടി എണീററു. "പരിശുദ്ധപിതാവേ!" എന്നു സ്നേഹാദരപുരസ്സരം ആഗതനായ ധവളരൂപത്തെ സംബോധനം ചെയ്തു. "അതേ എന്റെ മകനെ,




വത്തിക്കാൻ അങ്കണത്തിൽ തിങ്ങിക്കൂടിയിരിക്കുന്ന ജനലക്ഷങ്ങളോടു പ്രസംഗിക്കുന്നു



വത്തിക്കാൻ അങ്കണത്തിൽ തിങ്ങിക്കൂടിയ തൊഴിലാളികളുടെ ഇടയിലൂടെ സംവഹിക്കപ്പെടുന്നു

ഞാൻ തന്നെയാണു്. നിങ്ങളോടു സംസാരിക്കാൻ ദൈവമെനിക്കു പ്രത്യേക അനുമതി തന്നിരിക്കുന്നു. അഭയാർത്ഥ്യനായ എന്നെപ്പോലെ മിശിഹായുടെ വികാരി എന്ന നിലയിൽ തിരുസഭയെ ഭരിക്കാൻ നിങ്ങൾ തിരഞ്ഞെടുക്കപ്പെടും. നിങ്ങളുടെ ഭരണകാലത്തു് ഭീകരസംഭവങ്ങൾ നടക്കും. നിങ്ങളുടെ ഹൃദയം അതിരറ്റ വേദനയനുഭവിക്കും. ഭയപ്പെടാതെ പത്രോസിന്റെ വഞ്ചിയെ നയിച്ചാലും. ദൈവം നിങ്ങളെ സഹായിക്കും. ഞാനും നിങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധാലുവായിരിക്കാം. മാനവകുലത്തെ ഭയഭരിതമാക്കുന്ന ഭരണസംഭവങ്ങൾ നടക്കുവാൻ പോകുന്നു. ഈ സന്ദർഭത്തിൽ സമർത്ഥനായ ഒരാൾ ഭരണം നടത്തണമെന്നു ദൈവം തിരുമനസ്സായിരിക്കുന്നു. ആ ദൈവദാസൻ അങ്ങുതന്നെയാണു്. സാധുവായ എന്റെ ഹൃദയം അനു സങ്കടത്തിൽ ആണ്ടുപോയി എന്നാൽ ഏതു മഹാവിപത്തിലും നിങ്ങളുടെ ഹൃദയം അചഞ്ചലമായി നിലകൊള്ളും." ഇത്രയും പറഞ്ഞിട്ടു ആ ധവളരൂപം പെട്ടെന്നു അപ്രത്യക്ഷമായി. പത്താം പീയൂസ് അപ്രത്യക്ഷനായതും പച്ചെല്ലി ദീപമണച്ചതും ഒന്നിച്ചു കഴിഞ്ഞു. നിശയുടെ നിമിഷങ്ങൾ സാക്ഷിനിൽക്കെ ക്രൂശിതരൂപത്തെ സഹാസം പുണർന്നുകൊണ്ടു് മുട്ടിന്മേൽതന്നെ അദ്ദേഹം ആ രാത്രി കഴിച്ചു. കണ്ണീരും നെടുവീർപ്പും എല്ലാം ആ കൂരിരുട്ടിൽ നൃത്തമാടി. കോഴി കൂകിയപ്പോൾ ചിന്താഭാരത്തോടെ മുട്ടിൽനിന്നെഴുന്നേറ്റു. രണ്ടുപേപ്പൽ ഭടന്മാരെ വിളിച്ചുകൊണ്ടു അദ്ദേഹം നേരെ നടകൊണ്ടു; പത്താം പീയൂസിന്റെ ശ്മശാനത്തിലേക്കു്. അവിടെ സാഷ്ടാംഗം വീണു പച്ചെല്ലികർദ്ദിനാൾ പ്രാർത്ഥിച്ചു, "പിതാവേ, പാടുണ്ടെങ്കിൽ ഈ പാനപാത്രം അകന്നുപോകട്ടെ" എന്നു്. ആ പ്രാർത്ഥന തിരസ്കരിക്കപ്പെട്ടു. പച്ചെല്ലിയുടെ 63-ാമത്തെ ജന്മനക്ഷത്രം. മണി 5. 29 ആയി. സെന്റു് പീറ്റേഴ്സ് ദേവാലയത്തിന്റെ അങ്കണത്തിൽ അക്ഷമരായി നിന്നിരുന്ന ജനലക്ഷങ്ങൾ കർദ്ദിനാൾ കാച്ചിയ ഡൊമ്നിയോനിയുടെ അധരത്തിൽ നിന്നു കേൾക്കുന്നു സന്തോഷവാർത്ത. "നമുക്കു ഒരു പരിശുദ്ധപിതാവുണ്ടായിരിക്കുന്നു. കർദ്ദിനാൾ എവുജേനിയോ പച്ചെല്ലി." അങ്ങനെ 1939 മാർച്ച് രണ്ടാം തീയതി സായാഹ്നത്തിൽ പത്താം പീയൂസിന്റെ മുന്നറിയിപ്പു യഥാർത്ഥമായി ഭവിച്ചു. പത്താംപീയൂസിനോടുള്ള ഭക്ത്യാതിരേകത്താൽ പച്ചെല്ലി പന്ത്രണ്ടാം പീയൂസ് എന്ന നാമവും സ്വീകരിച്ചു!

1950-ലെ ജൂബിലികാലം പന്ത്രണ്ടാം പീയൂസിനു അത്യദ്ധ്വാനത്തിന്റെ ദിവസങ്ങളായിരുന്നു. ആ ഒരു വർഷത്തിനിടയിൽതന്നെ തിരുമേനി നാലായിരത്തോളം പ്രസംഗങ്ങൾ നടത്തി. അയ്യായിരത്തിമുന്നൂറു് സംഘം തീർത്ഥകർക്കു് തിരുമേനി അക്കൊല്ലം സന്ദർശനമരുളി. ചില സംഘങ്ങൾ ഒരു ലക്ഷംവരെ ജനങ്ങളുള്ളതായിരുന്നു. ദീർഘസമയം അവരോടു സംസാരിക്കേണ്ടതായി വന്നിട്ടുണ്ടു്. ആ നാളുകളിൽ രാത്രി 4 മണിക്കൂർ കഷ്ടിച്ചുറങ്ങുവാനേ തിരുമേനിക്കു സാധിച്ചിരുന്നുള്ളു. ഇതിന്റെ എല്ലാം ഫലമായി രോഗബാധിതനായിത്തീർന്നു. എങ്കിലും 1953-ൽതന്നെ 4 ലക്ഷത്തോളം തീർത്ഥകരെ സ്വീകരിക്കയും 84 ദീർഘമായ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു. ഇടനു തിരുമനസ്സിലെ ആലസ്യംവർദ്ധിച്ചു അവിടുന്നു മരണത്തിന്റെ വക്ത്രം വരെ എത്തി. പരലോകത്തേക്കു പുറപ്പെടുവാനുള്ള സകല ഒരുക്കങ്ങളും തിരുമേനി ചെയ്തു ഭൂലോകം മുഴുവൻ തിരുമനസ്സിലെ ആലസ്യത്തിൽ ഭീതിഭരിതരായിത്തീർന്നു. പത്രക്കാർ തിരുമനസ്സിലെ ദേഹവിയോഗത്തിൽ പ്രസിദ്ധം ചെയ്യുവാൻ മുഖപ്രസംഗങ്ങൾ തയ്യാറാക്കുക പോലും ചെയ്തു. പക്ഷേ അന്നു നാം പെട്ടെന്നു കേൾക്കുന്നു വിസ്മയവാർത്ത, പരിശുദ്ധപിതാവു ആരോഗ്യം പ്രാപിച്ചു പല മണിക്കൂറുകൾ വേല ചെയ്തു എന്നു്! ഇതിന്റെ രഹസ്യം എന്തെന്നറിയാതെ പലരും അത്ഭുതം കൊണ്ടു. ഇതാ ഇപ്പോൾ പുറത്തു വന്നിരിക്കുന്നു രഹസ്യം. ഈശോ പ്രത്യക്ഷനായി തന്റെ പ്രതിപുരുഷനു സൗഖ്യമരുളിയെന്നു്. ലോകത്തെങ്ങുമുള്ള സകല പത്രങ്ങളും ഈ വാർത്ത പ്രസിദ്ധീകരിച്ചു എങ്കിലും "ഒസർവത്തോരെ റൊമാനോ" അതിനെ നിഷേധിക്കുകയുണ്ടായില്ല. ഈ വാർത്ത പുറത്തു പോയതിൽ പരിശുദ്ധ പിതാവു വല്ലരെ കുണ്ഠിതപ്പെടുന്നു എന്നു മാത്രമാണു ആ പത്രം പ്രസ്താവിക്കുന്നതു്. പരിശുദ്ധനായ ഒരു പരിശുദ്ധപിതാവാണു്—സാക്ഷാൽ "ദൈവദൂതസന്നിഭനായ" ഒരു പാപ്പായാണു്—പന്ത്രണ്ടാം പീയൂസ് എന്നു നമുക്കു് അഭിമാനിക്കാവുന്നതാണു്. 1938-ലെ ശരൽക്കാലത്തു് സ്വിറ്റ്സർലണ്ടിലെ ഒരു ഗ്രാമീണ ആശുപത്രിയിൽ ആസന്നമരണനായിക്കിടന്ന കൊൻസിൽ ബയാറിൻ എന്ന ദർമ്മാൻസ്ത്രീയെ പച്ചെല്ലി അത്ഭുതകരമാംവണ്ണം മരണസമയത്തു മനസ്സുതിരിച്ചതും ഈയിടെ തന്നെ ചിലരുടെ സുഖക്കേടുകൾ തിരുമേനി വിസ്മയനീയമാംവണ്ണം നീക്കിയതും മറ്റും പ്രസിദ്ധങ്ങളാണു്. പത്താം പീയൂസിന്റെ ജീവിതകാലത്തും ഈദൃശസംഭവങ്ങൾ നടന്നതായി ചരിത്രം സാക്ഷ്യമരുളുന്നു. ലോകമെങ്ങും പാപ്പായുടെ ജന്മദിനം സാഘോഷം കൊണ്ടാടുന്ന ഈ അവസരത്തിൽ നമുക്കു തീവ്രമായി പ്രാർത്ഥിക്കാം ദൈവദൂതസന്നിഭനായ നമ്മുടെ പരിശുദ്ധപിതാവു് ചിരകാലം പത്രോസിന്റെ വഞ്ചിയെ വിജയപൂർവ്വം നയിക്കുമാറാകട്ടെ എന്നു്. പന്ത്രണ്ടാം പീയൂസ് വിജയിപ്പൂതാക!



മാർപ്പാപ്പയുടെ ദിവ്യബലിസമർപ്പണം

(2-ാം പേജ് തുടർച്ച)

നോട്ടുകൂടി വന്നു കാത്തുനിൽക്കുന്നു. യജമാനന്മാർ അദ്ദേഹത്തെ പ്രതീക്ഷിക്കുന്നുണ്ടെന്നും പറയുന്നു."

ഉടൻതന്നെ ഇരുവരും പുറത്തേക്കു ചെന്നു. ആഗതൻ ദീർഘകായനും ബലിഷ്ഠനുമായിരുന്നു. തന്റെ ആതിഥേയന്മാരെ "മിസ്റ്റർ ഷെക്കർഹാം" എന്നു അഭിവാദ്യം ചെയ്തു. ഷെക്കർഹാം തല കുനിഞ്ഞു് വൈദികനെ ആവരിച്ചിട്ടു് അദ്ദേഹത്തെ രണ്ടാമത്തെ നിലയിൽ സജ്ജീകൃതമായിരുന്ന മുറിയിലേക്കാനയിച്ചു. ആസനങ്ങളിൽ ഉപവിഷ്ടരായശേഷം ഷെക്കർഹാം ചോദിച്ചു: "അവിടുത്തെ പേരു ഇതുവരെ പറഞ്ഞില്ലല്ലോ. സൂക്ഷിക്കേണ്ട കാലമാണല്ലോ ഇതു്."

"ഓ! ഒന്നും പേടിക്കേണ്ടാ" വൈദികൻ മന്ദസ്മിതത്തോടെ മറുപടി പറഞ്ഞു: "ഒളിച്ചും പാത്തും ഓടിയും നടന്നുമുള്ള ഒരു ദീർഘയാത്ര കഴിഞ്ഞു് ഇവിടെ എത്തിയപ്പോൾ എന്തൊരാനന്ദം! തൽക്കാലം എന്റെ പേരു കൂർട്ടനെ എന്നായിരിക്കും. ഇതാ നമ്മുടെ പൊതുസ്നേഹിതനായ ജാൺജഫ്റിയുടെ ശുപാർശക്കത്തു്."

ഷെക്കർഹാം എഴുത്തുവാങ്ങി വായിച്ചു സംതൃപ്തനായി. "ഫാദർ കൂർട്ടനേ, അങ്ങയെ സ്വാഗതം ചെയ്യുന്നതിൽ എനിക്കു അനല്പമായ ആനന്ദമുണ്ടു്. ഇതു അങ്ങയുടെ സ്വന്ത ഭവനമാണെന്നു ഗണിച്ചാലും."

കത്തുംവെട്ടു് മേർട്ടൻ, ആഗതനെ നഖശിഖാന്തം പരിശോധിക്കുകയായിരുന്നു. അയാൾക്കും തൃപ്തിയായി. "അങ്ങയുടെ ആഗമനത്തിൽ ഞങ്ങൾക്കു അതിയായ ആഹ്ളാദമുണ്ടു്. വീണ്ടും ഒരു വൈദികനെ കാണാൻ ഇടയായതിൽ എന്തൊരാശ്വാസം."

ആ മുറിയിലേക്കു അവിചാരിതമായി കടന്നുവന്ന ഭീകരരൂപനായ ഭൃത്യനെക്കണ്ടു് ഷെക്കർഹാമിനു അല്പം ഈർഷ്യ തോന്നി. പറഞ്ഞു "അവിടുത്തെ ഭൃത്യൻ മുറിക്കുള്ളിലേക്കു കയറിവന്നല്ലോ!"

"ഓ! ഡേക്കോ, അവനെ നിങ്ങൾ കൂട്ടാക്കേണ്ട. ഞാൻ ഒരിക്കൽ അവന്റെ ജീവനെ രക്ഷിച്ചു. അതിനുശേഷം അവൻ ഒരു നായയെപ്പോലെ എന്നെ അനുഗമിക്കുകയാണു്."

ഇതു കേട്ട ആതിഥേയർ രണ്ടുപേരും പൊട്ടിച്ചിരിച്ചുപോയി. അതിനുശേഷം അവർ ഭക്ഷണത്തിനിരുന്നു. സുദീർഘമായ യാത്രമൂലം ക്ഷുത്പിപാസാപീഡിതനായ വൈദികൻ മൃഷ്ടാന്നം ഭക്ഷിച്ചു. ഭക്ഷണം കഴിഞ്ഞു അദ്ദേഹം സംസാരിക്കാൻ തുടങ്ങി. "ഞാൻ ഡുവേസെമിനാരി വിട്ടതിനുശേഷം ഇന്നാദ്യമായിട്ടാണു് പൂർണ്ണഭക്ഷണം കഴിക്കുന്നതു്. ഇനി അനേകദിവസങ്ങൾ കഴിഞ്ഞായിരിക്കും ഇതുപോലെ ഒന്നുകൂടി ഭക്ഷിക്കുന്നതു്."

"അപ്പോൾ അങ്ങു ഞങ്ങളോടുകൂടി കുറേ ദിവസത്തേക്കെങ്കിലും താമസിക്കുകയില്ലന്നോ?" അത്ഭുതത്തോടുകൂടി ഷെക്കർഹാം ചോദിച്ചു

"നിർഭാഗ്യവശാൽ അതു സാധ്യമല്ല. എന്റെ ജന്മദേശം ഡെർബിഷയർ ആണു്. അതുകൊണ്ടു വൈദികരില്ലാത്ത ആ സ്ഥലത്തു് ജോലി ചെയ്യണമെന്നാണു് എനിക്കു ലഭിച്ചിട്ടുള്ള ആജ്ഞ. നാളെ എൽസ്റ്ററിൽവച്ചു മൂന്നുപേർകൂടെ ഞങ്ങളുടെ കൂട്ടത്തിൽ എത്തുന്നതാണു്. അതിനുശേഷം നിരന്തരമായ പ്രവർത്തനം. അവസാനം പക്ഷെ രക്തസാക്ഷിത്വം."

"ദൈവം അങ്ങേ മതപീഡകന്മാരുടെ കൈയിൽനിന്നും സംരക്ഷിക്കട്ടെ." മേർട്ടൻ ആശംസാരൂപത്തിൽ മറുപടി പറഞ്ഞു: "ഡുവേയിൽനിന്നുള്ള യാത്ര സുഖമായിരുന്നോ?"

"ഉം. അതു സുഖമായിരുന്നു എന്നു പറയുവാൻ നിവൃത്തിയില്ല. കുറേ പ്രോട്ടസ്റ്റന്റുകാരായ മതവിരോധികൾ ഞാൻ ഒരു പുരോഹിതനാണെന്നു സംശയിച്ചു എന്നെ പിടിച്ചു ഗവമ്മെന്റു അധികാരികൾക്കു ഏല്പിക്കാൻ ഒരുമ്പെട്ടു. അവരുടെയെല്ലാം കൈകളിൽനിന്നു ഒരു വിധത്തിൽ രക്ഷപെട്ടു ഇവിടെ എത്തി എന്നു പറയാം."

"പക്ഷെ കുർബാനയും ചൊല്ലി കുറെ കുമ്പസാരവും കേട്ടതിനുശേഷമേ അങ്ങു ഇവിടെനിന്നു പോവുകയുള്ളു എന്നു വിശ്വസിക്കുന്നു."

വൈദികൻ അല്പം സംശയിക്കുന്നതുപോലെ തോന്നി.

"ശരി. എന്നാൽ സൂര്യോദയത്തിനുമുമ്പു അതെല്ലാം തീർന്നിരിക്കണം."

"എന്നാൽ ഞാൻ പോയി ആളുകളെയെല്ലാം ഈ വർത്തമാനം അറിയിക്കാൻ ഏർപ്പാടു ചെയ്യാം" എന്നു പറഞ്ഞിട്ടു് ഷെക്കർഹാം പുറത്തേക്കു പോയി.

അല്പസമയം കഴിഞ്ഞു അദ്ദേഹം തിരികെവന്നപ്പോൾ വൈദികനും മേർട്ടനും സംസാരിച്ചുകൊണ്ടിരിക്കുന്നതും മേർട്ടന്റെ മുഖം കോപംകൊണ്ടു ചുവന്നിരിക്കുന്നതുംകണ്ടു.

"ഷെക്കർഹാം, കൂട്ടനേ അച്ചൻ ലണ്ടനിലെ വാർത്തകൾ പറഞ്ഞതു എത്ര സങ്കടകരമായിരിക്കുന്നു. ഫാദർ എഡ്‌മണ്ടു ക്യാംപിയനെ പരസ്യമായി തൂക്കി കൊല്ലുകയും എല്ലാം ജനങ്ങളുടേയും മുമ്പിൽവച്ചു അദ്ദേഹത്തിന്റെ മൃതദേഹത്തെ നുറുക്കുകയും ചെയ്തു"

"യേശുവേ, ഞങ്ങളുടെ മേൽ കരുണയായിരിക്കണമേ." ഷെക്കർഹാം വാസ്തവത്തിൽ കരഞ്ഞുപോയി. "ഹാ! ഫാദർ ക്യാംപിയൻ...... കൊല്ലപ്പെട്ടു! ...... ഇതു സത്യമായിരിക്കുവാൻ ഇടയില്ല."

"കഷ്ടം! ഇതു വാസ്തവംതന്നെ" വൈദികൻ പ്രതിവചിച്ചു. "കഴിഞ്ഞ മാസം ഒന്നാംതീയതിയാണു് ഇതു നടന്നതു്. അദ്ദേഹത്തിന്റെ ആത്മാവു് സമാധാനത്തിൽ ആശ്വസിക്കട്ടെ!"

"ഹാ! എന്റെ ഷെക്കർഹാം" മേർട്ടൻ പറഞ്ഞു. "അദ്ദേഹത്തെ ആ കശ്മലന്മാർ വളരെയധികം പീഡിപ്പിച്ചു. പക്ഷേ അദ്ദേഹം അവസാനനിമിഷംവരെ സ്ഥിരചിത്തനായിരുന്നു."

"അതു മനസ്സിലാക്കാൻ യാതൊരു വിഷമവുമില്ല. അദ്ദേഹത്തിന്റെ മനസ്സു് ഉരുക്കുപോലെയായിരുന്നു." ഷെക്കർഹാം മറുപടി പറഞ്ഞു. വൈദികനോടായി: "അദ്ദേഹം ഞങ്ങളോടുകൂടി കുറേനാൾ താമസിച്ച വിവരം അച്ചനറിഞ്ഞുകൂടായിരിക്കും."

"അതു എത്ര നാളിനു മുൻപായിരുന്നു?" വൈദികൻ ചോദിച്ചു.

"അദ്ദേഹത്തിന്റെ അറസ്റ്റിനു് രണ്ടുമാസം മുൻപു്." ഷെക്കർഹാം പ്രതിവചിച്ചു.

"ഹാ! അവസാനനിമിഷം വരെ അദ്ദേഹം സുസ്മേരവദനനായിരുന്നു. പ്രോട്ടസ്റ്റന്റുകാർ അദ്ദേഹം ലാറ്റിനിൽ പ്രാർത്ഥിക്കുന്നതു ഇഷ്ടപ്പെടാതെ ഇംഗ്ലീഷിൽ പ്രാർത്ഥിക്കണമെന്നാവശ്യപ്പെട്ടു. മന്ദസ്മിതത്തോടുകൂടി ദൈവത്തോടു ഞങ്ങൾക്കു രണ്ടുപേർക്കും മനസ്സിലാകുന്ന ഭാഷയിൽ ഞാൻ പ്രാർത്ഥിക്കട്ടെ" എന്നു മറുപടി പറയുകയാണു് ചെയ്തതു്."

ഇത്രയും പറഞ്ഞപ്പോൾ കോപകലുഷിതനായി മേർട്ടൻ അട്ടഹസിച്ചു: "ഒരു മനുഷ്യനെ അയാളുടെ മതത്തെപ്രതിമാത്രം വധശിക്ഷയ്ക്കു വിധിയ്ക്കുവാൻ അനുവദിക്കുന്ന ഈ രാജ്യത്തിലെ നിയമങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ......ജസ്റ്റിമാരെന്നു നടിക്കുന്ന കുറേ പമ്പരവിഡ്ഢികൾ ഫാദർ ക്യാംപിയനെപ്പോലുള്ള പരിശുദ്ധന്മാരെ വധിക്കാൻ അനുവദിക്കുന്നതു ഈ നാട്ടിനു് എത്ര ലജ്ജാവഹം!"

ഷെക്കർഹാം ഇടയ്ക്കുകയറി പറഞ്ഞു: "ശാന്തമായിരിക്കൂ കത്ത്‌ബെട്ട്." വൈദികനോടായി: "നമ്മുടെ അച്ചന്മാരെപ്പറ്റി വേറെ വല്ല വിശേഷവുമുണ്ടോ?"

"പ്രത്യേകിച്ചൊന്നുമില്ല. ഫാദർ ക്യാംപിയനെ വധിച്ച ദിവസം തന്നെ അലക്സാണ്ടർ ബ്രയന്റു് എന്നൊരു ഈശോസഭവൈദികനും കൊല്ലപ്പെട്ടു."

"ഓ! ബ്രയന്റു്? എനിക്കു അദ്ദേഹത്തെ പരിചയമില്ലല്ലോ

(ശേഷം 9-ാംപേജിൽ)

E. C. & Co., JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററു്, അന്നന്നത്തെ നിലവാരം.
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

## തലശ്ശേരി രൂപതയുടെ പ്രഥമമെത്രാൻ ഡോക്ടർ വള്ളോപ്പിള്ളി തിരുമനസ്സിലെ

# സ്ഥാനാരോഹണം

തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായി ജനുവരി 8 ഠംനു റോമിൽവച്ചു അഭിഷേകം സ്വീകരിച്ച ഡോക്ടർ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു് മാർച്ചു 1-ാം തിയതി വൈകിട്ടു 4 മണിക്കു പ്രത്യാഗമിച്ചു സ്ഥാനാരോഹണ കർമ്മം അത്യാഡംബരപൂർവ്വം നിർവ്വഹിച്ചിരിക്കുന്നു. ടൗണിൻെറ മദ്ധ്യത്തിൽ ഇതിലേക്കു മനോഹരമായ ഒരു സ്വീകരണപ്പന്തൽ സജ്ജമാക്കിയിരുന്നു. പന്തൽ മുതൽ സെൻറുമേരീസ് പ്രോകത്തീഡ്രൽദേവാലയംവരെയുള്ളവീഥി തോരണങ്ങൾകൊണ്ടും ആർച്ചുകൾ സ്ഥാപിച്ചും വിവിധ ദേവാലയങ്ങളിൽനിന്നും മററും കൊണ്ടുവന്നിരുന്ന 200 ഓളം പട്ടുകുടകൾ ഇരുമാഗത്തും നിരത്തിപ്പിടിച്ചും അലങ്കരിച്ചിരുന്നു.

സ്വീകരണപ്പന്തലിൽ എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേററർ അപ്പോസ്തോലിക്കാ മൊററ റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ, തൃശ്ശൂർ മെത്രാൻ മൊററ റവ. ഡോക്ടർ ജോർജ് ആലപ്പാട്ട്, ചങ്ങനാശ്ശേരി മെത്രാൻ മൊററ റവ. ഡോക്ടർ മാത്യു കാവുകാട്ട്, പാലാ മെത്രാൻ മൊററ റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ എന്നീ തിരുമേനിമാരും, തലശ്ശേരിരൂപതാ അഡ്മിനിസ്ട്രേററർ വെരി റവ. ഫാദർ പഴേപറമ്പിൽ സൂറിയാനികമ്മലീത്താ പ്രിയോർ ജനറാൾ വെരി റവ. ഫാദർ മാവുരൂസ് തുടങ്ങിയ ഒട്ടുവളരെ വൈദികപ്രധാനന്മാരും, ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ മാന്യവ്യക്തികളും, വമ്പിച്ച ഒരു ജനക്കൂട്ടവും അഭിനവമെത്രാൻെറ ആഗമനത്തെ പ്രതീക്ഷിച്ചുനിന്നിരുന്നു. കൃത്യം 4 മണിക്കു് മോൺ. വള്ളോപ്പിള്ളി ഉഴുട്ടകമണ്ടു് മെത്രാൻ മൊററ റവ. ഡോക്ടർ പടിയറ തിരുമേനിയുമൊന്നിച്ചു പന്തലിൽ വന്നുചേർന്നു. ഹാരാർപ്പണങ്ങൾക്കുശേഷം ആഡംബരപൂർവ്വകവും ഔദ്യോഗികവുമായ സ്വീകരണഘോഷയാത്ര ദേവാലയത്തിലേക്കു പുറപ്പെട്ടു. കോഴിക്കോട്ടുമെത്രാൻ മൊററ റവ. ഡോക്ടർ പത്രോണി തിരുമനസ്സുകൊണ്ടു ദേവാലയകവാടത്തിൽവച്ചു അഭിനവമെത്രാനെ സ്വീകരിച്ചു.

തിരുമേനിമാർ യഥാസ്ഥാനങ്ങളിൽ ഉപവിഷ്ടരായശേഷം ബൂളാപ്രഖ്യാപനം നടന്നു. മാർപ്പാപ്പാ തിരുമനസ്സിലെ ഔദ്യോഗികരേഖയായ ബൂളാ ലത്തീനിൽ വായിച്ചപ്പോൾ എല്ലാവരും എഴുന്നേററുനിന്നു ഭക്ത്യാദരങ്ങൾ പ്രകടിപ്പിച്ചു. മലയാളവിവർത്തനവും തുടർന്നു വായിക്കപ്പെട്ടു. അനന്തരം സീനിയർ മെത്രാനായ മൊററ് റവ. ഡോക്ടർ ജോർജ് ആലപ്പാട്ടു തിരുമേനി ചങ്ങനാശേരി മെത്രാനുമൊരുമിച്ചു അഭിനവമെത്രാനെ സിംഹാസനത്തിലേക്കു ആനയിച്ചു ഉപവിഷ്ടനാക്കി തുടന്നു അഭിനവമെത്രാൻ മാർപ്പാപ്പായോടുള്ള പ്രത്യേകാശീർവ്വാദം നൽകുകയും, വിശുദ്ധ കർബാനയുടെ വാഴ്‌വുനടത്തുകയും "ലക്‌ആലാഹാ" എന്ന സ്തോത്രഗീതം ആലപിക്കുകയും ചെയ്തു.

പള്ളിയുടെ അങ്കണത്തിൽ മനോജ്ഞമായി അലങ്കരിച്ചിരുന്ന മണ്ഡപത്തിൽവച്ചായിരുന്നു അനുമോദനയോഗം നടന്നതു്. അദ്ധ്യക്ഷൻ തൃശ്ശൂർ മെത്രാൻ തിരുമേനിയായിരുന്നു. തലശ്ശേരി രൂപതവകയായ മംഗളപത്രം സ്ഥലത്തെ സബ് ജഡ്ജി ശ്രീ പി. യു. കുര്യാക്കോസ് അവർകൾ വായിച്ചു സമപ്പിച്ചു. രൂപതവകയായി ജ്ഞാനവൃക്ഷ പരമ്പരികളും ഒരു പണക്കിഴിയും തദവസരത്തിൽ മെത്രാൻ തിരുമേനിക്കു സമർപ്പിക്കപ്പെട്ടു. പാലാമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് തലശ്ശേരിരൂപതയുടെ ചരിത്രത്തെയും ഡോക്ടർ വള്ളോപ്പിള്ളി തിരുമനസ്സിലെ വ്യക്തിമാഹാത്മ്യത്തെയും വിശദീകരിച്ചും പുതിയ രൂപതയ്ക്കു മംഗളങ്ങൾ നേർന്നുകൊണ്ടും പ്രസംഗിച്ചു. അഖിലകേരളകത്തോലിക്കാകോൺഗ്രസ്സിനെ പ്രതിനിധീകരിച്ചു ശ്രീ എം. സി. മാത്യു ഒരു ലഘുപ്രസംഗം ചെയ്തു അഭിനവമെത്രാനു എറണാകുളം അതിരൂപതവകയായി മെത്രാൻെറ ഔദ്യോഗികചിഹ്നങ്ങളായ വടിയും മുടിയും അതിരൂപതാ അഡ്മിനിസ്ട്രേററർ ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി സമ്മാനിക്കുകയും, അദ്ദേഹം ആദരപൂർവ്വം അവ സ്വീകരിക്കുകയും ചെയ്തു. തുടർന്നു അഭിനവമെത്രാൻെറ മറുപടിപ്രസംഗമായിരുന്നു പുതിയ രൂപതയുടെ സാഹചര്യങ്ങളെയും പ്രശ്നങ്ങളെയും അദ്ദേഹം സമുചിതമായി വിവരിക്കുകയും ആർഭാടപൂർവ്വമായ സ്വീകരണത്തിൽ പ്രകാശിച്ചിരുന്ന ജനതയുടെ ഉത്സാഹവും ആനന്ദവും ഭാവിപ്രവർത്തനങ്ങൾക്കു പ്രചോദനം നൽകുന്നവയാകുന്നു എന്നു പ്രസ്താവിച്ചുകൊണ്ടു എല്ലാവർക്കും നന്ദി പ്രകടിപ്പിക്കുകയും ചെയ്തു. വിശേഷിച്ചു് തലശ്ശേരിരൂപതാ ശിശുവിനു നിരവധി സഹായസഹകരണങ്ങൾ ഔദാര്യപൂർവ്വം ചെയ്തുപോരുന്ന കോഴിക്കോട്ടു മെത്രാനച്ചൻ തിരുമേനിയേയും രൂപതാസ്ഥാപനത്തിനു അവിശ്രമം പരിശ്രമിച്ചിട്ടുള്ള എറണാകുളത്തെ കാലംചെയ്ത മെത്രാപ്പോലീത്താ തിരുമേനിയേയും മാറും അനുസ്മരിച്ചു. സംക്ഷിപ്തമായ ഉപസംഹാരത്തെ തുടർന്നു സബ് ജഡ്ജി ശ്രീ പി. പി. ദേവസ്യാ കൃതജ്ഞതാപ്രകടനം നടത്തി. 6½ മണിക്കു യോഗം അവസാനിച്ചു.

സ്വീകരണം സംബന്ധിച്ചു തല്ലൂരാലിക് അരമനയുടെ വിസ്തൃതമായ അങ്കണത്തിൽ ഒരു ക്ഷേമമായ ഒരു ഗാർഡൻപാർട്ടി നടത്തപ്പെട്ടു. അഭിവന്ദ്യ തിരുമേനിമാരും വൈദികരും കൂടാതെ സ്ഥലത്തെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും വിവിധ ഇടവകകളിലെ പ്രതിനിധികളും മാറുമായി നിരവധി മഹതീമഹാന്മാർ ജാതിമതഭേദമെന്യേ അതിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി മെത്രാൻ തിരുമനസ്സുകൊണ്ടും, സ്ഥലത്തെ ഡിസ്ട്രിക്ട് ആൻറു് സബ് ഡിവിഷൻ ജഡ്ജി ശ്രീ കെ. സി ചെറിയ കുഞ്ഞുണ്ണിരാജാ ബി. എ. ബി. എൽ. അവർകളും ടോസ്റ്റ് പ്രസംഗങ്ങൾ നടത്തി. ശ്രീ കുഞ്ഞുണ്ണിരാജാ അവർകളുടെ പ്രസംഗത്തിൽ അഭിനവമെത്രാൻെറ സ്വഭാവവൈശിഷ്ട്യത്തെയും കഴിവുകളെയും എടുത്തു പറയുകയും, പുതിയ മെത്രാനു മംഗളം നേരുകയും ചെയ്തിരുന്നു. അഭിനവമെത്രാൻ സമുചിതമായ മറുപടിപ്രസംഗം ചെയ്തു. അങ്ങനെ സ്വീകരണപരിപാടികൾ രാത്രി ഏഴര മണിയോടുകൂടി സമംഗളം പര്യവസാനിച്ചു.

---


# ഏകാന്തധ്യാനങ്ങൾ

| | | |
|---|---|---|
| 1) ചിത്തിരപുരം കാർപള്ളി | മാർച്ച് | 21—25 |
| 2) ഉഴവൂർ ഫൊ: പള്ളി | മാർച്ച് | 25—28 |
| 3) മരിയാപുരം എസ്സെയിററുപള്ളി കൈതപ്പൊയിൽ, കോഴിക്കോട്—6 | ഏപ്രി. | 13—18 |
| 4) തൃശ്ശൂർ (തോപ്പിൽ) പള്ളി | ഏപ്രി. | 20—23 |
| 5) മൂവാററുപുഴ കോളേജ് കപ്പേള | ഏപ്രി. | 25—29 |
| 6) ചങ്ങനാശ്ശേരി കോളേജ് കപ്പേള | ഏപ്രി. | 29—മേയ് 3 |

ധ്യാനഗുരു:- ഒരു കപ്പൂച്ചിൻ വൈദികൻ. ഈ ധ്യാനങ്ങളിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന വിലാസത്തിൽ മാർച്ച് 12-ാം തിയതിക്കുമുമ്പായി അറിയിക്കുക.
ബ: ലിയോ അച്ചൻ, അസ്സീസി ആശ്രമം, ഭരണങ്ങാനം.

---

## തൊമ്മൻജോസഫ് മെമ്മോറിയൽ വാർഡ് വാഴ്‌ക്കുളം



R. I. P.
ശ്രീ തൊമ്മൻ ജോസഫ്
വണ്ടനാക്കര
ദ്വിതീയ ചരമവാർഷികം
27-2-1956

സ്ഥലത്തെ സെൻറു് ജോർജ്ജസ് ആശുപത്രിയോടനുബന്ധിച്ചു് പുതുതായി പണിയുന്ന തൊമ്മൻ ജോസഫ് മെമ്മോറിയൽ പ്രസവവാർഡിൻെറ ശിലാസ്ഥാപനകർമ്മം തൃശ്ശൂർ മെത്രാൻ മൊററ റവ. ഡോക്ടർ ജോർജ് ആലപ്പാട്ടു തിരുമേനി 27-2-1956 തിങ്കളാഴ്ച വൈകുന്നേരം കൃത്യം 6-15നു് ആഘോഷപൂർവ്വം നിർവ്വഹിച്ചു. തദവസരത്തിൽ സ്ഥലം പള്ളി വികാരി മൊററ റവ. മോൺസിഞ്ഞോർ മാത്യു പോത്തനാമൂഴി തുടങ്ങിയ മററു പല വൈദികപ്രമുഖരും, ഒട്ടനേകം കന്യാസ്ത്രീകളും ഒരു വമ്പിച്ച ജനസമൂഹവും സംബന്ധിച്ചിരുന്നു. അഭിവന്ദ്യമെത്രാൻ തിരുമനസ്സുകൊണ്ടു് പരേതനായ തൊമ്മൻ ജോസഫിൻെറ ആത്മാവിനു നിത്യശാന്തി നേരുകയും ഇപ്രകാരം ആതുരാലയത്തിനു സന്നദ്ധനായി ഈ വാർഡിൻെറ സകല ചെലവുകളും സസന്തോഷം വഹിക്കുന്ന ജോസഫിൻെറ പിതാവു വണ്ടനാക്കര ശ്രീ വർക്കി തൊമ്മനും കുടുംബാംഗങ്ങൾക്കും ഭാവുകങ്ങൾ ആശംസിക്കുകയും ചെയ്തു. 1954 ഫെബ്രുവരി 27-ാംനു വൈകുന്നേരം 6-15നാണു് ശ്രീ തൊമ്മൻ ജോസഫ് തൻെറ 22-ാമത്തെ വയസ്സിൽ മാതൃമരണം പ്രാപിച്ചതു് എന്ന വസ്തുതയും ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണു്.

---

ആദ്ധ്യാത്മികവീഥി

## തപസ്സ്-കല്പിക്കപ്പെട്ടതിൽ കൂടുതൽ

ദൈവത്തിൻെറ വത്സലമക്കളേ,

തിരുസഭ കല്പിച്ചിട്ടുള്ള തപസ്സ് കൃത്യമായി അനുഷ്ഠിക്കേണ്ടതാണെന്നു കഴിഞ്ഞയാഴ്ച ഞാൻ പറഞ്ഞു. എന്നാൽ അതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ കുറേക്കൂടി കൂടുതൽ ചെയ്യാൻ ശ്രമിക്കേണ്ടതാണു്. അതിനു പല കാരണങ്ങളുണ്ടു്.

1. കല്പിക്കപ്പെടുന്ന തപസ്സുകൊണ്ടുമാത്രം നമ്മുടെ എല്ലാ പാപങ്ങളുടേയും പരിഹാരം തീരുകയില്ല. ചെറുതും വലുതുമായി നാം ദിവസേന അനേക പാപങ്ങൾ ചെയ്യുന്നുണ്ടു്. അവയ്ക്കെല്ലാം മതിയായ പരിഹാരം ചെയ്യാതെ—അവസാനകാശുവരെ കൊടുത്തുതീർക്കാതെ—സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല. അതിനാൽ നമ്മുടെ പാപങ്ങളുടെ എണ്ണത്തിനും വണ്ണത്തിനും അനുസരണമായി തപശ്ചര്യകളും വർദ്ധിപ്പിക്കണമെന്നാത്രെ ത്രേന്തോസ് സൂനഹദോസ് ഉദ്ബോധിപ്പിക്കുന്നതു്.


2. കല്പിക്കപ്പെട്ടിട്ടുള്ളതിൽ കൂടുതൽ ചെയ്യാൻ ശ്രമിക്കാത്ത പക്ഷം കല്പിക്കപ്പെട്ടിട്ടുള്ളതുപോലും കൃത്യമായി ചെയ്യുവാൻ സാധിക്കാതെവരും. ഒരു പരീക്ഷയിൽ ജയിക്കുന്നതിനു 35 ശതമാനം മാർക്കു കിട്ടിയാൽമതി എന്നുള്ളതുവച്ചുകൊണ്ടു് 35 ശതമാനം പാഠംമാത്രം പഠിച്ചുകൊണ്ടു് ആരെങ്കിലും പരീക്ഷയ്ക്കു ചേരാറുണ്ടോ? അങ്ങനെ പോകുന്നപക്ഷം അയാളുടെ തോൽവി ഏറെക്കുറെ നിശ്ചയമാണെന്നു പറയാം. അതുപോലെതന്നെ ചാവുദോഷത്തിൽ ഉൾപ്പെടാതിരിക്കാൻമാത്രം തിരുസഭയുടെ നിർദ്ദേശാനുസരണമുള്ള തപസ്സ് ചെയ്തുകൊള്ളാമെന്നു കരുതി അതിൽ ഒട്ടും കൂടുതൽ ചെയ്യാൻ ശ്രമിക്കാത്തവർ കല്പന തന്നെ ലംഘിക്കാൻ വളരെ എളുപ്പമുണ്ടു്. നമ്മുടെ നിത്യാനുഭവം അതുതന്നെയല്ലേ?

നേരമെറിച്ചു് അൻപതുനോമ്പിലെ ഒരുനേരത്തിനു പുറമെ മാസാദ്യശനിയാഴ്ചതോറുംകൂടി ഉപവാസമനുഷ്ഠിക്കുകയും സാധാരണ വെള്ളിയാഴ്ചയ്ക്കു പുറമെ ബുധനാഴ്ചയും ശനിയാഴ്ചയുംകൂടി മാംസവർജ്ജനം ആചരിക്കുകയും ചെയ്യുന്ന ഒരാൾ കല്പിക്കപ്പെട്ട ഉപവാസമോ മാംസവർജ്ജനമോ ലംഘിച്ചുവെന്നു് ഒരിക്കലും വരുകയില്ല.

3. സഹോദരസ്നേഹവും മിശിഹായോടുള്ള സ്നേഹവും കൂടുതൽ തപസ്സുചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ടു്. ഫാത്തിമായിൽവച്ചു മാതാവു പറഞ്ഞതുപോലെ അനേകപാപികൾ നിത്യം നശിച്ചുപോകുന്നതു് അവരുടെപേർക്കു പ്രാർത്ഥിക്കുന്നതിനും തപസ്സു ചെയ്യുന്നതിനും വേണ്ടത്ര ആളുകളില്ലാത്തതിനാലാണു്. മിശിഹാ നമ്മുടെ പാപപരിഹാരത്തിനായി പീഡകൾ സഹിച്ചില്ലേ? അവിടത്തോടുള്ള സ്നേഹത്തെക്കുറിച്ചു അയൽക്കാർക്കുവേണ്ടി നാമും തപസ്സുചെയ്യുന്നപക്ഷം അനേകരെ നിത്യനാശത്തിൽനിന്നു രക്ഷിക്കാൻ നമുക്കും സാധിക്കും.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്

---


# പഞ്ചവത്സര മാസക്കുറി

(Sanction No. D. Dis. 8286/55/RD. DTD. 10—1—'56)

60 നമ്പ്ര്—നമ്പ്ര് ഒന്നിനു് 10 നറുക്കു്—നറുക്കൊന്നിനു് 100 ക.

## ആകെ സല 60,000 രൂപാ

4 നറുക്കു്—എടുപ്പു്. 6 നറുക്കു്—ലേലം
സ്ഥിരപലിശ 3,800 ക. ബോണസ്സ് 1,800 ക.

(ബോണസ്സ് ഓരോ തവണയും കൃത്യമായി പണമടയ്ക്കുന്നവർക്കു സമമായി വീതിക്കുന്നതാണു്)

തലയാൾ കമ്മീഷൻ 1.66% മാത്രം.

പ്രസ്തുത കമ്മീഷനിൽനിന്നും 3,000 ക. ബാങ്ക് റിസർവ്വ് ചെയ്യുന്നതും 60 തവണയും ബോണസ്സിനു് അർഹരായ ടിക്കററുകാർക്കു് തുല്യമായി വീതിച്ചു സമ്മാനമായി കൊടുക്കുന്നതുമാണു്.

സ്ഥിരപലിശയും ലേലാദായവും ഒന്നിച്ചു് ആനുപാതികമായി വീതിക്കുന്നതാണു്.

600 രൂപാ മുതൽ 3—2—0 യുടെ അംശം വരെ ആർക്കും ചേരാവുന്നതും, വിളിച്ചെടുക്കാവുന്നതുമാകുന്നു.

സലവിവരം

| നറുക്ക സംഖ്യ | | സല | കമ്മീഷൻ | സ്ഥിരപലിശ | ബോണസ്സ് | ചിററാളിനു് കിട്ടുന്നസംഖ്യ |
|---|---|---|---|---|---|---|
| A (1×6) | 600 | 36,000 | 600 | 2,280 | 1,080 | 32,040 |
| B (1×5) | 500 | 30,000 | 500 | 1,900 | 900 | 26,700 |
| C (1×4) | 400 | 24,000 | 400 | 1,520 | 720 | 21,360 |
| D (1×3) | 300 | 18,000 | 300 | 1,040 | 580 | 16,020 |
| E (1×2) | 200 | 12,000 | 200 | 760 | 360 | 10,680 |
| F ( 1 ) | 100 | 6,000 | 100 | 380 | 180 | 5,340 |
| G (1/2) | 50 | 3,000 | 50 | 190 | 90 | 2,670 |
| H (1/4) | 25 | 1,500 | 25 | 95 | 45 | 1,335 |
| I (1/8) | 12/8 | 750 | 12/8 | 47/8 | 22/8 | 667/8 |
| J (1/16) | 6/4 | 375 | 6/4 | 23/12 | 11/4 | 333/12 |
| K (1/32) | 3/2 | 187/8 | 3/2 | 11/14 | 5/10 | 166/14 |

ആദ്യലേലവും നറുക്കെടുപ്പും
1956 ഏപ്രിൽ 7-ാംനു ശനിയാഴ്ച 4 മണിക്കു്
(എറണാകുളം ബ്രാഞ്ചിൽവെച്ചു്)
തലവരിയോലക്കും കൂടുതൽ വിവരങ്ങൾക്കു്.

ഫെഡറൽ ബാങ്ക് ക്ലിപ്തം
ഹെഡ് ആഫീസ്-ആലുവാ (PHONE 61)
ബ്രാഞ്ചുകൾ:- അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ
PHONE :- P.C.O 36 283 12

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol· 29 ‖ MARCH 7, ERNAKULAM ‖ No· 30


# ലോകനേതാവായ മാർപ്പാപ്പാ

മാർച്ച 11 ഇക്കൊല്ലം പാപ്പാദിനമഹമാണല്ലോ. അസുലഭലബ്ധമായ ഈ മഹദ്ദിനത്തെ യഥാർഹം കൊണ്ടാടുന്നതിനു കൃതജ്ഞതാബദ്ധമായ ജനസഞ്ചയം അത്യാകാംക്ഷ പ്രദർശിപ്പിക്കുന്നതു സർവ്വഥാ സംഗതമത്രെ. വിവിധ വീക്ഷണകോണങ്ങളിൽനിന്നാണ് ഓരോ വിഭാഗവും മാർപ്പാപ്പായെ അഭ്യവലോകനം ചെയ്യുന്നതു. പിഞ്ചുകുട്ടികൾ അവരുടെ കളിത്തോഴനായും, ബാലികാബാലന്മാർ അവരുടെ അരുമപ്പിതാവായും, യുവതീയുവാക്കന്മാർ അവരുടെ ആദർശനികേതനമായും, പൗരസഞ്ചയം അവരുടെ മാർഗ്ഗദീപമായും അവിടുത്തെ കാണുകയാണ്. യഥാർത്ഥവും അതുതന്നെ. ഇത്ര വിശാലവും വൈവിധ്യപൂർണ്ണവുമായ ഒരു വ്യക്തിത്വം അന്യത്ര കാണുവാൻ വളരെ ചുരുങ്ങും. അത്യഗാധമായ പാണ്ഡിത്യം, അനിരോദ്ധ്യമായ ആജ്ഞാശക്തി, അകം കുളിർപ്പിക്കുന്ന ഹൃദയാവർജ്ജകത, ഹൃദയങ്ങളെ തുളച്ചുകയറുന്ന അന്തർവീക്ഷണശക്തി, ആരിലും ധൈര്യം നൽകുന്ന സൗമ്യശീലം, പരക്ലേശങ്ങളിൽ പരിക്ലാന്തമാകുന്ന ഹൃദയാലുത്വം, അവശരിൽ അഭിനിവേശം ജനിപ്പിക്കത്തക്ക വശ്യത എന്നിങ്ങനെ തിരുമേനിയിൽ ഭാസുരം പ്രശോഭിക്കുന്ന വ്യക്തിമാഹാത്മ്യങ്ങളെ എണ്ണിത്തീർക്കുക ദുഷ്കരമാണ്. ആധുനികലോകത്തിനു വഴിവിളക്കായി തിരുമേനി നീണാൾ വിരാജിക്കുന്നതിനു ഏകയോഗമായി നമുക്കു പ്രാർത്ഥിക്കാം. ഹൃദയംഗമമായി അവിടുത്തേക്കു ആശിസ്സുകളർപ്പിക്കാം.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ 40 കോടിയിൽപ്പരം വരുന്ന കത്തോലിക്കാ ജനവിഭാഗത്തിന്റെ മതാദ്ധ്യക്ഷനാണ്. കത്തോലിക്കാസഭയ്ക്കും കത്തോലിക്കാ സമുദായത്തിനും അവിടുത്തെ ഭരണം ദൈവത്തിന്റെ ഒരു പ്രത്യേകാനുഗ്രഹം തന്നെയാണ്. അപകടപൂർണ്ണമായ ആധുനികകാലസാഹചര്യങ്ങളിൽ അഭൗമികപാടവത്തോടുകൂടി ഈ മഹിമ പത്രോസിന്റെ പടവിനെ സുരക്ഷിതം നയിച്ചുകൊണ്ടിരിക്കുകയാണ്. അനർഘമായ അവിടുത്തെ ജീവിതവും സേവനവും അത്യത്ഭുതാവഹമായ വിധത്തിൽ നൽകപ്പെട്ട ഒരനുഗ്രഹമാണെന്നു ഒരു കൊല്ലം മുമ്പു നടന്ന സംഭവങ്ങളെപ്പറ്റി അനേകഥാ അറിയപ്പെട്ടിട്ടുള്ള ഇക്കാലത്തു ആരോടും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. മാർപ്പാപ്പായോടും മാർപ്പാപ്പാവഴി തിരുസഭയോടും ഓരോ കത്തോലിക്കനും നിർവ്വഹിക്കുന്നതിനുള്ള കർത്തവ്യങ്ങളെപ്പറ്റി ഈ അവസരത്തിൽ പ്രത്യേകം ചിന്തിക്കേണ്ടതാണ്. നമ്മെ സത്യത്തിൽ ഉറപ്പിക്കുന്നതിനും രക്ഷാമാർഗ്ഗത്തിൽ നയിക്കുന്നതിനും സൗഭാഗ്യത്തിലെത്തിക്കുന്നതിനുമുള്ള ദിവ്യദൗത്യമാണ് അവിടുന്നു നിർവ്വഹിക്കുന്നതു. ആധുനികകാലത്തിനനുസരിച്ചവിധത്തിൽ വേണ്ട എല്ലാ പ്രാഭവത്തോടും പരിഷ്കാരത്തോടുംകൂടിയാണ് ഈ ദൗത്യം അവിടുന്നു കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നതു. ക്രിസ്തുവിന്റെ വികാരിയായ തിരുസഭാദ്ധ്യക്ഷന്റെ സ്വരം ഓരോ ക്രിസ്ത്യാനിയുടേയും ഹൃദയത്തിൽ പ്രതിധ്വനിക്കുകയും ഫലപൂർണ്ണമായി ഭവിക്കുകയും ചെയ്യട്ടെ. രക്ഷാദായകമായ ഈ ദൗത്യനിർവ്വഹണത്തിൽ മാർപ്പാപ്പായുടെ നേതൃനിർദ്ദേശങ്ങൾ പ്രചരിപ്പിക്കുക എന്ന മുദ്രാലയപ്രേഷിതത്വത്തിലാണ് സത്യദീപം ഏർപ്പെട്ടിരിക്കുന്നതു. അതുകൊണ്ടു അത്യാനന്ദത്തോടുകൂടിയാണ് പാപ്പാദിനത്തെ സത്യദീപം സ്മരിക്കുന്നതും, പരിശുദ്ധ മാർപ്പാപ്പായോടുള്ള സ്നേഹാദരങ്ങളും ആശംസകളേയും രേഖപ്പെടുത്തുന്നതും.

മാർപ്പാപ്പാ ഇന്നു ഒരു പൊതുവ്യക്തിയായി പരിഗണിക്കപ്പെട്ടിരിക്കുകയാണ്. കത്തോലിക്കരെന്നോ അകത്തോലിക്കരെന്നോ ക്രിസ്ത്യാനിയെന്നോ, അക്രൈസ്തവനെന്നോ, കിഴക്കനെന്നോ, പടിഞ്ഞാറനെന്നോ പണ്ഡിതനെന്നോ പാമരനെന്നോ, ധനികനെന്നോ ദരിദ്രനെന്നോ ഉള്ള യാതൊരു പരിഗണനകൾക്കും വിധേയനാകാതെ അവിടുന്നു എല്ലാവരുടേയും പിതാവായി എണ്ണപ്പെടുകയും അതിനനുസരണമായവിധത്തിൽ അവിടുന്നു വർത്തിച്ചുപോരുകയുമാണ് ചെയ്യുന്നതെന്നു ആധുനികനൂറ്റാണ്ടിലെ ഓരോ സംഭവങ്ങളും വിളിച്ചറിയിക്കുന്നുണ്ട്. ലോകത്തിന്റെ പൊതുവായ നേതൃത്വത്തിന്റെ ആസ്ഥാനകേന്ദ്രം ലോകൈകധാർമ്മികസമ്രാട്ടായ മാർപ്പാപ്പായാണെന്നു പറഞ്ഞാൽ അതിനെ സുബുദ്ധിയുള്ള ആർക്കും ഇന്നെതിർക്കുന്നതിനു സാധിക്കുകയില്ല. ലോകസമാധാനത്തിനുവേണ്ടി അവിടുന്നു ചെയ്തുകൊണ്ടിരിക്കുന്ന മഹത്സേവനങ്ങൾ ആരുടെയാണ് കണ്ണുതുറപ്പിക്കാതിരിക്കുക. ദൈവത്തിന്റെ പിതൃത്വത്തേയും മാനവസഞ്ചയത്തിന്റെ വിശ്വസാഹോദര്യത്തേയും അടിസ്ഥാനമാക്കിയും, ആദ്ധ്യാത്മികബോധത്തേയും സദാചാരമുറകളേയും മുറുകെപ്പിടിച്ചും നീതിബോധത്തിലൂടെ ജീവിതപ്രവർത്തനങ്ങളെ മുന്നേറുന്നതിനു മനുഷ്യൻ ആത്മാർത്ഥമായി ശ്രമിക്കുന്നതുകൊണ്ടുമാത്രമേ ലോകത്തിന്റെ വ്യവസ്ഥിതി സമാധാനപരമായ ഒന്നായി രൂപം പ്രാപിക്കുകയുള്ളുവെന്നു അവിടുന്നു നൽകുന്ന ദൗത്യത്തിന്റെ മാഹാത്മ്യം അല്പാല്പമായിട്ടെങ്കിലും ലോകം ഗ്രഹിച്ചുവരികയാണ്. ഇതിന്റെ പ്രത്യാഘാതമാണ് വിപ്ലവകുതുകികളായ വികടശക്തികൾ ഇടതടവില്ലാതെ ആയോധനസന്നദ്ധരായി നില്ക്കുന്നതു, എതിർപക്ഷത്തു; ഭൗതികത്വവാദികളായ പ്രബലശത്രുക്കൾ ഒളിഞ്ഞും തെളിഞ്ഞും ആക്രമണപരിപാടികളിലേർപ്പെടുന്നതു. ഇവക്കെല്ലാം താല്ക്കാലികമായ ചില പ്രതിബന്ധങ്ങളുണ്ടാക്കാൻ സാധിച്ചേക്കാം. പക്ഷെ സമാധാനത്തിനുവേണ്ടി ആവേശപൂർവ്വം അന്വേഷിച്ചുകൊണ്ടിരിക്കുന്ന ലോകജനതയെ അധികനാൾ വഞ്ചിക്കുന്നതിനു സാധിക്കുന്നതല്ല. ഭാരതത്തെപ്പോലെ ആദ്ധ്യാത്മികതയെ ബഹുമാനിക്കുന്ന ഒരു രാജ്യത്തിനും, ഭാരതീയരെപ്പോലെ മതബോധത്തിൽ അടിയുറച്ച വിശ്വാസമുള്ളവർക്കും ഇതു ശരിയായി മനസ്സിലാക്കുവാൻ വിഷമമുണ്ടാവുകയില്ല.

വിശ്വസാഹോദര്യത്തിന്റെ മഹത്തായ ആദർശങ്ങൾ മാർപ്പാപ്പാ തിരുമനസ്സിലെ ഹൃദയത്തിൽ എത്ര ആഴമായി പതിഞ്ഞിരിക്കുന്നുവെന്നു മനസ്സിലാക്കുവാൻ ക്ലേശനിവാരണാർത്ഥം ഈ അടുത്ത കാലങ്ങളിൽ അവിടുന്നു നിർവ്വഹിച്ചിട്ടുള്ള സേവനങ്ങളെ ഒന്നവലോകനം ചെയ്താൽ ധാരാളം മതിയാകും. രാജ്യവ്യത്യാസമോ ജാതിവ്യത്യാസമോ ഒന്നും പരിഗണിക്കാതെ, കരയുന്ന സഹോദരന്റെ കണ്ണുനീർ തുടയ്ക്കുന്നതിനും, അവശനായ സഹോദരനു സഹായഹസ്തം നീട്ടി അവനെ ഉയർത്തുന്നതിനും, വിശക്കുന്ന സഹോദരന്റെ അരവയറെങ്കിലും നിറക്കുന്നതിനും അവിടുന്നു എന്തെന്തു ത്യാഗങ്ങളും ക്ലേശങ്ങളുമാണ് സഹിച്ചിട്ടുള്ളതു്. കണക്കുകളിലേക്കും പട്ടികകളിലേക്കും കടക്കുന്നതു സാഹസമായിരിക്കും. നിരവധി സംഘടനകൾതന്നെ അവശസഹായാർത്ഥം പ്രവർത്തിക്കുന്നതിനു വത്തിക്കാന്റെ നിയന്ത്രണത്തിൽ ഏർപ്പെടുത്തപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. "Food for Children of Europe and the Far East" എന്ന സംഘടന 1946-ൽ സ്ഥാപിക്കപ്പെട്ടതാണ്. ക്ഷാമംമൂലം ക്ലേശിക്കുന്ന കുഞ്ഞുങ്ങൾക്കു സംരക്ഷണം നൽകുകയാണ് ഇതിന്റെ ഉദ്ദേശ്യം. കോടിക്കണക്കിനാണ് ഭക്ഷ്യസാധനങ്ങൾ നിറച്ച പാട്ടകൾ ലോകത്തിന്റെ വിവിധഭാഗങ്ങളിലെ അത്യാവശ്യങ്ങൾ മനസ്സിലാക്കി വിതരണം ചെയ്യപ്പെട്ടുകഴിഞ്ഞിട്ടുള്ളതു്. ഇന്ത്യയിൽതന്നെ പത്തുലക്ഷം റാത്തൽ പൊടി ഈ സംഘടന സപ്ലൈ ചെയ്തിട്ടുണ്ട്. "Pontifical Commission of Assistance" ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്ന വേറൊരു സംഘടനയാണ്. ഭക്ഷണസാധനങ്ങളായും ഔഷധങ്ങളായും വസ്ത്രങ്ങളായും ജലവാഹനങ്ങളിലും, കരവാഹനങ്ങളിലും, വ്യോമവാഹനങ്ങളിലും ക്ലേശമനുഭവിക്കുന്ന ഭൂവിഭാഗങ്ങളിലേക്കു അനേകായിരം ടൺ സാധനങ്ങൾ തുടർച്ചയായി അവർ അയച്ചുകൊണ്ടിരിക്കുകയാണ്. പെറുവിലും പേർഷ്യയിലും ഭൂകമ്പമുണ്ടായപ്പോഴും സ്പെയിനിലെ സൻറാണ്ടറിലും കൊളമ്പിയായിലെ ടുമാക്കോവിലും അഗ്നിബാധയുണ്ടായപ്പോഴും, ഫ്രാൻസിലും ഹങ്കറിയിലും മലവെള്ളപ്പൊക്കമുണ്ടായപ്പോഴും, ചൈനായിലും ഗ്രീസ്സിലും ക്ഷാമബാധയുണ്ടായപ്പോഴും, ഈജിപ്തിൽ കോളറാ പടർന്നുപിടിച്ചപ്പോഴും, ഇന്ത്യയിൽ വെള്ളപ്പൊക്കവും ക്ഷാമവുമുണ്ടായപ്പോഴും എത്ര ഉദാരമായ, ഫലപ്രദമായ സഹായങ്ങളാണ് വത്തിക്കാനിൽനിന്നു പലേ രൂപത്തിൽ പ്രവഹിക്കുകയുണ്ടായതു്. ഇതെല്ലാം സാഹോദര്യത്തിന്റേയും ക്ലേശനിവാരണോദ്യമത്തിന്റേയും പേരിൽ മാത്രമാണ് നൽകപ്പെടുന്നതെന്നു ലോകത്തിനു ബോദ്ധ്യമാണ്. ഈ സഹായങ്ങൾക്കുള്ളവ സമ്പാദിക്കുന്ന രീതിയും അവിസ്മരണീയമാണ്. മാർപ്പാപ്പായ്ക്കു സാമ്പത്തികമായി വളരെ പരിമിതമായ സാഹചര്യങ്ങൾ മാത്രമാണുള്ളതു്. എന്നാൽ ഈ മനുഷ്യസ്നേഹി അവിടുത്തെ അവശസഹോദരലക്ഷങ്ങൾക്കുവേണ്ടി സമ്പൽസമൃദ്ധിയുള്ള രാജ്യങ്ങളോടും ജനങ്ങളോടും അഭ്യർത്ഥിക്കുന്നു, സഹായം ചെയ്യണമെന്നു. വേറെ വാക്കുകളിൽ പറഞ്ഞാൽ അവശനായ സഹോദരനുവേണ്ടി അവിടുന്നു ധർമ്മം യാചിക്കുന്നു. ഉദാരമായ ദാനങ്ങൾ സ്വീകരിച്ചു ഉദാരമായി അവശരെ സഹായിക്കുന്നു. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അവശരെ സമീപിച്ചു അവരുടെ കണ്ണുനീരുകളെ തുടക്കുകയെന്നു ലോകത്തെ ഉൽബോധിപ്പിക്കുമ്പോൾ, അവിടുന്നുതന്നെ അക്ഷരാർത്ഥത്തിൽ അതു നിർവ്വഹിച്ചുകൊണ്ടിരിക്കുകയാകുന്നു. അവിടുത്തെ മാതൃകയും ആഹ്വാനവും നമ്മെ കർത്തവ്യബദ്ധരാക്കേണ്ടതാണ്.

പരിശുദ്ധ മാർപ്പാപ്പായുടെ പ്രത്യേകശ്രദ്ധ പതിഞ്ഞിട്ടുള്ള വേറൊരു രംഗമാണ് തൊഴിലാളിരംഗം. തൊഴിലാളിപ്രശ്നം കുറെ കൊല്ലങ്ങളായി മാനവസമുദായത്തിന്റെ സുസ്ഥിതിയെ ഉലച്ചുകൊണ്ടിരിക്കുന്നു. അതിന്റെ പേരിൽ വിനാശകരങ്ങളായ തത്വസംഹിതകൾ രൂപംപ്രാപിച്ചു കഴിഞ്ഞിട്ടുണ്ട്. അവ ലോകത്തെവിടെയും എത്രയെത്ര ദയനീയരംഗങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതെന്നും ഇന്നാരേയും പറഞ്ഞറിയിക്കേണ്ടതില്ല. കമ്മ്യൂണിസം മുതലായ പ്രസ്ഥാനങ്ങളിൽ അതു അജയ്യമായ ശക്തി പ്രാപിച്ചിരിക്കുന്നതുപോലെയും കാണപ്പെടുന്നു. എന്നാൽ സത്യത്തിന്റെ കാവൽപടയാളിയായ മാർപ്പാപ്പാ ഈ രംഗത്തിലും അവിടുത്തെ കർത്തവ്യം അതിവിദഗ്ദ്ധമായി നിർവ്വഹിച്ചുകൊണ്ടാണിരിക്കുന്നതു്. കമ്മ്യൂണിസം മുതലായ, നിരീശ്വരത്വത്തിലും ഭൗതികവാദത്തിലും നിലയുറപ്പിച്ചിട്ടുള്ളതും വിപ്ലവവും കൊല്ലും കൊലയും മാർഗ്ഗങ്ങളായി അംഗീകരിച്ചിട്ടുള്ളതും മനുഷ്യന്റെ സദാചാരബോധത്തേയും ധാർമ്മികമൂല്യങ്ങളേയും അവഗണിക്കുന്നതുമായ സിദ്ധാന്തങ്ങളൊന്നും തൊഴിലാളിയുടെ രക്ഷയ്ക്കുള്ളതല്ലെന്നും പ്രത്യുത അവനെ ഭൗതികമായി മാത്രമല്ല ആദ്ധ്യാത്മികമായും അധഃപ്പതിപ്പിക്കുന്നതാണെന്നും അവിടുന്നു ലോകത്തെ അനുസ്യൂതം പ്രബോധിപ്പിക്കുകയാണ്. അതോടൊപ്പം അനീതികൾക്കു വിധേയരായി ജീവിതക്ലേശങ്ങൾ താങ്ങുവാൻ കഴിയാതെ നരകിക്കുന്ന തൊഴിലാളിസഹോദരങ്ങളെ ആശ്ലേഷിച്ചു അവരെ സാന്ത്വനപ്പെടുത്തുന്നതിനു ആ പിതൃഹൃദയം വെമ്പൽകൊള്ളുകയും ചെയ്യുന്നു. തൊഴിലാളികളോടുള്ള അവിടുത്തെ ഓരോ വാക്കും, തൊഴിലാളികൾക്കുവേണ്ടി മററുള്ളവരോടു അവിടുന്നരുളിച്ചെയ്യുന്ന ഓരോ കാര്യവും ഈ വസ്തുത വെളിപ്പെടുത്തുന്നുണ്ട്. അവിടുന്നു തികച്ചും ഒരു തൊഴിലാളി മിത്രമാണ്. ക്രിസ്തു ഒരു തൊഴിലാളിയായിരുന്നെങ്കിൽ, അവിടുത്തെ ശിഷ്യന്മാർ തൊഴിലാളികളായിരുന്നെങ്കിൽ ക്രിസ്തുവിന്റെ വികാരിയും അപ്പസ്തോലപ്രമുഖന്റെ അനന്തരഗാമിയുമായ മാർപ്പാപ്പായിൽ ആ ബന്ധം നിതരാം പുലരുകയാണ്. ഈ മനോഭാവം ഓരോ ക്രിസ്ത്യാനിയും പകർത്തുന്നുവെങ്കിൽ വലിയൊരു വ്യതിയാനം ലോകരംഗത്തു നമുക്കു സൃഷ്ടിക്കുവാൻ കഴിയും. പരിശുദ്ധ പിതാവിനെപ്പോലെ തൊഴിലാളിക്ഷേമം നമ്മുടെയും ആദർശമായിരിക്കട്ടെ!

ഏവംവിധം ഓരോ രംഗത്തും പരിശുദ്ധപിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായെ നാം ദർശിക്കുമ്പോൾ അതുല്യനായ ഒരാദർശപുരുഷനെയാണ് അങ്ങിൽ നാം കാണുക. അവശർക്കും ക്ലേശിതർക്കും അനുകമ്പാനിധിയായ ഒരു സ്നേഹിതൻ; തൊഴിലാളികൾക്കു അനുഭാവപൂർണ്ണനായ ഒരു തൊഴിലാളി മിത്രം; ശാസ്ത്രജ്ഞന്മാർക്കു അതുല്യപണ്ഡിതനായ ഒരു സർവ്വശാസ്ത്രകോവിദൻ; നടീനടന്മാർക്കു നിർദ്ദേശങ്ങളും ഉത്തേജനവും നൽകുന്ന ഒരു ഡയറക്ടർ; ഏതേതു ജീവിതസ്ഥിതിയിലുള്ളവർക്കും അതതു സാഹചര്യങ്ങൾക്കനുസരിച്ചു വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നതിനു കഴിവുള്ള ഒരു നേതാവു്—ചുരുക്കത്തിൽ അവിടുന്നു എല്ലാവർക്കും എല്ലാമാണെന്നു പറയാം. ആഗോളപരിചയം അദ്ദേഹത്തിനുണ്ട്; ഏതു പ്രധാന ഭാഷയിലും സംസാരിക്കുന്നതിനും അതു ഗ്രഹിക്കുന്നതിനുമുള്ള പാടവം അദ്ദേഹത്തിനുണ്ട്; ആരോടും കണ്ണും കൈയും കാട്ടി മിഴിച്ചുനില്ക്കേണ്ട ആവശ്യമില്ലാത്തവണ്ണം സന്ദർശനാവസരങ്ങളിൽ അദ്ദേഹത്തിന്റെ പെരുമാററങ്ങളും സംഭാഷണങ്ങളും എല്ലാവർക്കും ഹൃദ്യവും സുഗ്രഹവുമായിരിക്കുന്നു. ഇപ്രകാരം നിരവധി അസുലഭങ്ങളായ ഗുണപൗഷ്കല്യങ്ങളാൽ അനുഗൃഹീതനായി ലോകത്തിന്റെ അനർഘമായ നേട്ടമായി പരിലസിക്കുന്ന പരിശുദ്ധ മാർപ്പാപ്പാ പന്ത്രണ്ടാം പീയൂസ് തിരുമേനി 80 വയസ്സു പൂർത്തിയാക്കിയിരിക്കുന്നു. മാർപ്പാപ്പാ എന്നുള്ള നിലയിൽത്തന്നെ അവിടുത്തെ സേവനം 17 കൊല്ലം നിർവ്വഹിച്ചു കഴിഞ്ഞിരിക്കുന്നു. അവിടുത്തേക്കു ഇപ്പോൾ കൃതാർത്ഥതയോടും വിശ്വാസത്തോടുംകൂടി പറയുവാൻ സാധിക്കും, "കർത്താവേ, ഇപ്പോൾ നിന്റെ ദാസനെ നീ സമാധാനത്തിൽ പറഞ്ഞയക്കുക" എന്നു. പക്ഷെ, ലോകത്തിനതു അപരിഹാര്യമായ ഒരു നഷ്ടമായിരിക്കും. അവിടുത്തെ മാതൃകയും, പ്രബോധനങ്ങളും, സേവനവും അന്ധകാരാവൃതമായ ലോകത്തെ പ്രകാശിപ്പിക്കണം—അവിടുത്തെ ആദർശം ലോകത്തെ നയിക്കണം. അതുകൊണ്ടു ഈ ശുഭാവസരത്തിൽ നമുക്കു പ്രാർത്ഥിക്കാം, അനന്തകാരുണികനായ ദൈവം പരിശുദ്ധപാപ്പായെ നീണാൾ കാത്തുരക്ഷിക്കുകയും അവിടുത്തെ ഭരണം ഭാസുരമായി തുടരുന്നതിനു അനുഗ്രഹിക്കുകയും ചെയ്യണമേ എന്നു.

## പ്രസാധകക്കുറിപ്പുകൾ

### മക്കളുടെ നല്ല വളർത്തലിൽ മാതാപിതാക്കന്മാർ ശ്രദ്ധിക്കണം

ലങ്കാസ്റ്റർ മെത്രാനായ റൈററ് റവ. മോൺ. ഫ്ളീൻ തിരുമനസ്സുകൊണ്ടു ക്രിസ്തീയവിവാഹത്തെ സംബന്ധിച്ചു ഒരു ഇടയലേഖനത്തിൽ മാതാപിതാക്കന്മാർക്കു കുട്ടികളെ നല്ലവരായി വളർത്തുന്നതിനുള്ള കർത്തവ്യത്തെപ്പററി ഊന്നിപ്പറയുന്നു. ഇന്നത്തെ വ്യാവസായികവും തൊഴിൽപരവുമായ സാഹചര്യങ്ങളിൽ തൊഴിലാളിമാതാക്കൾ അവരുടെ കുട്ടികളെ ജോലിസമയങ്ങളിൽ ശിശുസംരക്ഷണകേന്ദ്രങ്ങളിലും മററും ഏല്പിച്ചു ജോലിക്കു പോകുന്ന ഏർപ്പാടുകളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട സംഗതികളേയും അവർക്കു വന്നുചേരാവുന്ന വിപത്തുകളേയും സംബന്ധിച്ചു മുന്നറിയിപ്പു നൽകുകയും ചെയ്തിരിക്കുന്നു: "ഏതാദൃശമായ സാഹചര്യങ്ങളിൽ അവരുടെ കുട്ടികളേയും കുടുംബത്തേയും സംബന്ധിച്ചു കർത്തവ്യങ്ങൾ ശിഥിലീകരിക്കപ്പെടുന്ന അനുഭവങ്ങൾ ചില മാതാക്കൾ മനസ്സിലാക്കുന്നുണ്ടു. സാക്ഷാത്തായ മൂല്യങ്ങൾ അവിടങ്ങളിൽ ശിഥിലമാക്കപ്പെടുന്നില്ലേ? ദാമ്പത്യബന്ധത്തിൽ സ്വയാർപ്പിതരും ക്രിസ്തുവുമായി ഐക്യത്തിൽ ജീവിക്കുന്നവരുമായ മാതാപിതാക്കന്മാർക്കുള്ള ഈ ഏററവും സമുന്നതമായ കർത്തവ്യം ആദ്ധ്യാത്മികമണ്ഡലത്തിൽ അവരുടെ മക്കൾക്കു

വേണ്ട പരിശീലനം നൽകുക എന്നതാണ്. കുട്ടികൾ വിശുദ്ധരായി ജീവിക്കുന്നതിനും ദൈവത്തിന്റെ മക്കളായി വളരുന്നതിനും മാതാവും പിതാവും അവർക്കു വേണ്ട പരിശീലനം നൽകണം. വിശുദ്ധ ജോൺ ക്രിസോസ്റ്റം ഇതേപ്പററി പറയുന്നതിപ്രകാരമാണ്: ഹൃദയത്തേയും മനസ്സിനേയും നയിക്കുക എന്നതിൽ ഉപരിയായ എന്തു കൃത്യമാണുള്ളത്! യുവജനങ്ങളുടെ സ്വഭാവരൂപവൽക്കരണത്തേക്കാൾ കുലീനമായ എന്തു കർത്തവ്യമാണുള്ളത്? യുവഹൃദയങ്ങൾക്കു രൂപം കൊടുക്കുന്നതിൽ വിദഗ്ദ്ധനായ ഒരാൾ ഒരു ചിത്രകാരനേക്കാളും, ശില്പിയേക്കാളും മററു കലാകാരന്മാരേക്കാളും ശ്രേഷ്ഠമായ കലാനിർമ്മാണം നടത്തുകയാണ്' എന്നത്രെ എന്റെ അഭിമതം. ഈ തത്വം അദ്ധ്യാപനപരമായ എല്ലാ രംഗത്തുള്ളവരേയും ബാധിക്കുന്ന ഒന്നത്രെ. എന്നാൽ സർവ്വോപരിയായി ശിശുക്കളുടെ പരിശീലനത്തിനു ബാദ്ധ്യസ്ഥരായ മാതാക്കളെ ഇതു ബാധിക്കുന്നു. അതുകൊണ്ടു കുഞ്ഞുങ്ങളെ ശിശുപാഠശാലകളിലുംശിശുസംരക്ഷണസങ്കേതങ്ങളിലും ആക്കിയിട്ട് അവരുടെ പരിശീലനകാര്യത്തിലുള്ള ഗൗരവമായ കർത്തവ്യങ്ങളെ സംബന്ധിച്ചു ഉപേക്ഷ ഭാവിക്കുന്ന മാതാപിതാക്കന്മാരെ വീണ്ടും ഇക്കാര്യത്തെപ്പററി നാം ഉൽബോധിപ്പിച്ചുകൊള്ളുന്നു, ഇതു വലിയൊരു കൃത്യവിലോപമാണെന്ന്." സാമ്പത്തികമായ കഴിവുകേടുകൾകൊണ്ട് ചിലപ്പോൾ മാതാക്കൾക്കു അവരുടെ കുട്ടികളെ എവിടെയെങ്കിലും ആക്കിയിട്ടു ജോലിക്കു പോകേണ്ട സാഹചര്യങ്ങളുണ്ട്. ഗത്യന്തരമില്ലാത്ത പ്രസ്തുത സാഹചര്യങ്ങളിൽപോലും അവർക്കു അവരുടെ കുഞ്ഞുങ്ങളെ ഏല്പിച്ചുകൊടുക്കുന്ന ആളുകളേയും സ്ഥാപനങ്ങളേയുംപററി വളരെ ശ്രദ്ധയുണ്ടാകണം. അവരുടെ പിഞ്ചുമനസ്സുകളിൽ വഴിപിഴച്ച ആശയങ്ങളും ധാരണകളും കടന്നുപററുന്നതിനുള്ള അപകടങ്ങൾ ഒഴിവാക്കപ്പെടണം. എന്നാൽ പലപ്പോഴും അത്യാവശ്യത്തിന്റെ പേരിലെന്നതിനേക്കാൾ മററു പരിഗണനകൾകൊണ്ട് ശിശുസംരക്ഷണം അന്യകരങ്ങളിലേല്പിക്കുന്ന ഒരു രീതിയും ഇക്കാലത്തുവർദ്ധമാനമായിക്കൊണ്ടിരിക്കുകയാണ്. ഇതുമാതൃത്വത്തിന്റെ മഹനീയതയ്ക്കും മാതാക്കളുടെ കർത്തവ്യത്തിനും കടകവിരുദ്ധമായ ഒരേർപ്പാടാണെന്നു പറയാതെ നിവൃത്തിയില്ല. മാതാപിതാക്കളുടെ ഏററം പാവനവും ശ്രേഷ്ഠവുമായ കൃത്യം അവരുടെ കുഞ്ഞുങ്ങളുടെ നല്ല വളർത്തലാണെന്നും ശിശുപരിരക്ഷണമാണ് ഒരു മാതാവിന്റെ ഏററം കുലീനമായ ജോലിയെന്നും ഉള്ള ബോദ്ധ്യം ആരും വിസ്മരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതത്രെ. ആപ്പീസിൽ ജോലിചെയ്യുന്ന മാതാവും സാമൂഹികരംഗങ്ങളിൽ പ്രവർത്തനതല്പരയായി ചുററിത്തിരിയുന്ന യുവതിയും മനസ്സിലാക്കണം താരതമ്യേന ശ്രേഷ്ഠമായ കർത്തവ്യം കഴിയുമെങ്കിൽ അവരുടെ പ്രവർത്തനരംഗമായ കുടുംബത്തിൽ ഒതുങ്ങി ജീവിച്ചുകൊണ്ടു അവരുടെ അനർഘനിക്ഷേപങ്ങളായ സന്താനങ്ങളെ പരിചരിക്കുകയും അവർക്കു യഥാകാലം വേണ്ട പരിശീലനങ്ങളും അറിവും പ്രദാനം ചെയ്യുകയുമാണെന്ന്. കുഞ്ഞുങ്ങളുടെ ഇളംമനസ്സിലും ഹൃദയത്തിലും ദൈവവിശ്വാസവും സദാചാരമുറകളും ആലേഖനം ചെയ്യേണ്ട ഏററവും സ്വീകാര്യവും ഫലപ്രദവുമായ അവസരമാണതു്. അതാണ് അവരുടെ ഏററം മഹത്തരമായ സേവനവും. അതുകൊണ്ടു മാതാപിതാക്കന്മാർ പൊതുവിലും മാതാക്കൾ പ്രത്യേകിച്ചും ശിശുപരിശീലനകർത്തവ്യത്തിനു ബദ്ധശ്രദ്ധരാകേണ്ടതത്രെ.

x x x

## കമ്മ്യൂണിസത്തിന്റെ മതമർദ്ദനം

ഈയിടെ പ്രസിദ്ധീകൃതമായ "മോസ്കോയുടെ യൂറോപ്യൻ ഉപഗ്രഹരാജ്യങ്ങൾ" എന്ന ഒരു ലഘുഗ്രന്ഥത്തിൽ കമ്മ്യൂണിസം പൂർവ്വയൂറോപ്യൻരാജ്യങ്ങളിൽ മതത്തിനെതിരായി കൈക്കൊണ്ടിട്ടുള്ള മർദ്ദനപരിപാടികളെ പ്രമാണസഹിതം വിശദമാക്കിയിട്ടുള്ളതു പ്രത്യേകം ശ്രദ്ധാർഹമാണ്. അതിന്റെ ഒരുഭാഗത്തു മതത്തിനുവേണ്ടി ജീവാർപ്പണം ചെയ്തിട്ടുള്ള മഹാന്മാരായ വ്യക്തികളുടെ ഒരു പട്ടിക കൊടുത്തിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റുകൾ നിർവ്വഹിച്ച മർദ്ദനകൃത്യങ്ങളേയും അതു വിശദമായി ചേർത്തിട്ടുണ്ട്. ഏതാനും മാതൃകകൾ ഇപ്രകാരമാണ്:- പോളണ്ട്—1949-ൽ കത്തോലിക്കാസഭവക ആശുപത്രികൾ ദേശീകരിച്ചു; 50-ൽ സാധുസംരക്ഷണസ്ഥാപനങ്ങൾ കൈയേറി; പള്ളിവക സ്വത്തുക്കൾ കൈയടക്കി; 51-ൽ പശ്ചിമഭാഗങ്ങളിലെ സഭാപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തി; 53-ൽ കർദ്ദിനാൾ വിഷിൻസ്കിയെ അറസ്റ്റു ചെയ്തു. ചെക്കോസ്ലോവാക്കിയ—1948-ൽ പള്ളിവസ്തുക്കൾ കൈയേറി; സഭവക സ്കൂളുകളെ തുലയ്ക്കുന്നതിനുള്ള നിയമനിർമ്മാണം; കത്തോലിക്കാ പത്രമാസികകൾക്കെതിരായ നടപടികൾ; 49 ൽ കത്തോലിക്കാ പ്രവർത്തനത്തിന്റെ പേരിൽ ക്ഷുദ്രസംഘടനകൾ ഏർപ്പെടുത്തി; ഹയരാർക്കിയുടെ അഭിപ്രായം കൂടാതെ ഗവർമ്മെൻറു നേരിട്ട് വൈദികർക്കു വേതനം നൽകി; സഭാകാര്യങ്ങൾക്കു ഗവർമ്മെൻറു ആപ്പീസുകൾ സ്ഥാപിച്ചു; 50-ൽ മാർപ്പാപ്പായുടെ പ്രതിനിധിയെ ബഹിഷ്കരിച്ചു; 51 ൽ പ്രേഗിൽനിന്നു ബരാൻമെത്രാപ്പോലീത്തായെ ബഹിഷ്കരിച്ചു. റുമേനിയ—1946-ൽ വൈദികരുടെ "ഡെമോക്രാററിക്ക്" സംഘടന എന്ന പേരിൽ ഗവർമ്മെൻറിനെ അനുകൂലിക്കുന്ന ഒരു യൂണിയനുണ്ടാക്കി; 48-ൽ വത്തിക്കാനുമായുണ്ടായിരുന്ന ഉടമ്പടി പിൻവലിച്ചു; പൗരസ്ത്യറീത്തുകാരായ കത്തോലിക്കരെ ഓർത്തഡോക്സ് ശീശ്മസഭയിൽ ലയിപ്പിച്ചു; 51-ൽ പേപ്പൽ പ്രതിനിധിയെ ബഹിഷ്കരിച്ചു. ഹംഗറി—1945 ൽ പള്ളിവസ്തുക്കൾ കണ്ടുകെട്ടി; 48-ൽ പള്ളിവക സ്കൂളുകൾ കൈയടക്കി; കർദ്ദിനാൾ മിൻസെന്തിയെ അറസ്റ്റു ചെയ്തു; 49-ൽ സഭാകാര്യങ്ങൾക്കു ഗവർമ്മെൻറു ആപ്പീസുകൾ ആരംഭിച്ചു; മതപരമായ വിദ്യാഭ്യാസം നിയമവിരുദ്ധമാക്കി; 50-ൽ "സമാധാന"ത്തിനുവേണ്ടി വൈദികരുടെ ഒരു ഗവർമ്മെൻറു സംഘടന സമാരംഭിച്ചു; 51-ൽ ഗ്രോസ്സ് മെത്രാപ്പോലീത്തായെ കോടതികയററി. അൽബേനിയാ—1944-ൽ കത്തോലിക്കാപ്രസ്സുകൾ കണ്ടുകെട്ടി; 45-ൽ അപ്പസ്തോലിക്ക് ഡെലഗേററിനെ ബഹിഷ്കരിച്ചു; സ്കൂളുകൾ കൈയടക്കി; 48-ൽ പ്രമുഖരായ വൈദികരെയെല്ലാം അറസ്റ്റു ചെയ്തു; 51-ൽ "ദേശീയകത്തോലിക്കാസഭ" എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കി. ഉദ്ധൃതമായ മർദ്ദനസംഭവങ്ങളിൽ കമ്മ്യൂണിസത്തിന്റെ പ്രവർത്തനോദ്ദേശവും പരിപാടികളും വിശദമായി കാണുവാൻ സാധിക്കുന്നുണ്ട്. കമ്മ്യൂണിസം മതത്തിനും വിശ്വാസത്തിനും എതിരല്ലെന്നും, അതു ജനകീയസിദ്ധാന്തങ്ങളെ അംഗീകരിക്കുന്നുവെന്നുമുള്ള തൽപരകക്ഷികളുടെ പ്രചാരണതന്ത്രങ്ങളിൽ മതിമയങ്ങി ഈ നശീകരപ്രസ്ഥാനത്തോടു സഹിഷ്ണുതാമനോഭാവം പുലർത്തുന്നതിനു അഭിലഷിക്കുന്നവരെ കണ്ണുതുറപ്പിക്കുന്നതിനു ഏതത് രാജ്യങ്ങളിലെ സഹപൗരന്മാർക്കുണ്ടായ ദാരുണാനുഭവങ്ങൾ ഗ്രഹിക്കുന്നതു് സഹായകമാകാതിരിക്കുകയില്ലല്ലോ. കമ്മ്യൂണിസം അടിസ്ഥാനപരമായി നിരീശ്വരത്വത്തിലും മതവിദ്വേഷത്തിലും വിപ്ലവത്തിലും വിശ്വസിക്കുന്ന ഒരു പ്രസ്ഥാനമാകയാൽ അതിനു മറിച്ചു പ്രവർത്തിക്കുക സാദ്ധ്യമല്ല എന്നുള്ള വസ്തുതയാണ് അതിന്റെ ചരിത്രം വീണ്ടും വീണ്ടും ലോകത്തിനു വിശദമാക്കുന്നതു്.

## മാർച്ചുമാസത്തെ പൊതുനിയോഗം

"പരിശുദ്ധ പിതാവിന്റെ പൊതുവും പ്രത്യേകവുമായ നിയോഗങ്ങൾക്കുവേണ്ടി."

## വേദപ്രചാരനിയോഗം

"മഹമ്മദീയരുടെ പ്രദേശങ്ങൾക്കു അടുത്തുകിടക്കുന്ന ആഫ്രിക്കായിലെ മിഷനുകൾക്കുവേണ്ടി"

# പരിശുദ്ധ മാർപ്പാപ്പാതിരുമനസ്സിലെ

## 1955ലെ ക്രിസ്തുമസ്സ് സന്ദേശം

### ക്രിസ്ത്വവതാരത്തിന്റെ ആന്തരികാനന്ദം

നരകുലപരിത്രാതാവിന്റെ ജനനം വിശ്വാസികളുടെ ഹൃദയങ്ങളിൽ ഒരിക്കൽക്കൂടി നൽകുന്ന സുഭഗമായ ആനന്ദത്തെ സ്വാഗതം ചെയ്യുവാൻ തുറന്ന ഹൃദയത്തോടുകൂടി, പ്രിയപ്പെട്ട പുത്രീപുത്രന്മാരേ, നാം നിങ്ങൾക്കും, യാതൊരു വ്യത്യസ്തപരിഗണനയും കൂടാതെ എല്ലാ മനുഷ്യർക്കും സന്ദേശങ്ങൾ പ്രകടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ കാലങ്ങളിലെപ്പോലെ, നമ്മുടെ പ്രസംഗത്തിന്റെ വിഷയം ബെത്ലഹമിലെ ആ പരിപാവനമായ നിശയിൽ, ദിവ്യശിശുവിന്റെ പിള്ളത്തൊട്ടിയിൽനിന്നു പ്രസരിച്ച പ്രകാശത്തിന്റെയും വരപ്രസാദത്തിന്റെയും അക്ഷയമായ രഹസ്യത്തിൽനിന്നു നാം തിരഞ്ഞെടുക്കുന്നതാണ്. മുള്ളുകൾക്കിടയിൽ യഥാർത്ഥ ജീവിതപഥത്തെ ദുഃഖത്തോടുകൂടി അന്വേഷിക്കുന്നവരുടെ കാലൊച്ച ഈ ഭൂമിയിൽ ശ്രവിക്കപ്പെടുന്ന കാലത്തോളം അതിന്റെ ജാജ്വല്യത ഒരിക്കലും മങ്ങിപ്പോകുന്നതല്ല.



മാർപ്പാപ്പായും റോമിലെ നാലു പേപ്പൽ ബസ്ലിക്കാകളും

ഭൂഖണ്ഡങ്ങളിലായി ചിതറിക്കിടക്കുന്ന നഗരങ്ങളിലും, പട്ടണങ്ങളിലും, താഴ്വരകളിലും മരുഭൂമികളിലും, പുൽമേടുകളിലും വിസ്തൃതങ്ങളായ ഹിമാനികളിലും, സമുദ്രത്തിലും, ലോകമാസകലവും ആയിരിക്കുന്ന മനുഷ്യരെല്ലാം, അന്ധകാരത്തിന്റെയും ശാപത്തിന്റെയും ഭൂതകാലത്തെ അവസാനിപ്പിച്ച സത്യത്തിന്റെയും രക്ഷയുടെയും ഭരണകവാടം തുറന്നുതന്ന അനന്തമായ സ്നേഹത്തിന്റെയും ദൈവികമായ മഹത്വത്തിന്റെയും രഹസ്യം വിളംബരം ചെയ്യുന്ന മാലാഖായുടെ സ്വരം, അതു പ്രത്യേകിച്ചും തങ്ങൾക്കോരോരുത്തർക്കുമായി അന്നാലെന്നപോലെ, വീണ്ടും കേട്ടിരുന്നെങ്കിൽ എന്നു നാം എത്രയധികം ആശിക്കുന്നുവെന്നോ! "നിങ്ങൾ ഭയപ്പെടേണ്ടാ. കണ്ടാലും, ഞാൻ നിങ്ങളോടു പറയുന്ന വാർത്ത, ജനങ്ങൾക്കാകമാനം അത്യാനന്ദകരമായ സദ്വാർത്തയാകുന്നു. ഈ ദിവസം, ദാവീദിന്റെ നഗരത്തിൽ, നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു. അതു കർത്താവായ ഈശോതന്നെ." (ലൂക്കാ: II. 10—11)

രക്ഷയുടെ സന്ദേശത്തെ പ്രശാന്തമായ ആരാധനയോടെ ആദ്യമായി ശ്രവിച്ചവരുടെ കൂട്ടത്തിലുണ്ടായിരുന്ന സാധുക്കളായ ആട്ടിടയന്മാരെപ്പോലെ, ഇന്നത്തെ മനുഷ്യരേയും അതേ ആശ്ചര്യബോധത്താൽ കീഴടക്കുകയും ആകർഷിക്കുകയും ചെയ്തിരുന്നെങ്കിൽ എന്നു നാം ആഗ്രഹിക്കുന്നു. ആ ആശ്ചര്യബോധം മനുഷ്യനാവുകളാൽ വർണ്ണിക്കാവതല്ലാത്തതും, ഒരു അത്യുൽകൃഷ്ടമായ മഹത്വം—അവർണ്ണനീയമായ ദൈവത്തിന്റെ മഹത്വം—തങ്ങളുടെ ദൃഷ്ടിക്ക് ആവിഷ്കൃതമാകുമ്പോൾ, ധ്യാനപരമായ ആരാധനയിലേക്കു മനസ്സിനെ തിരിക്കുന്നതുമാകുന്നു.

### ആധുനികമനുഷ്യനും അവതാരസത്യവും

(a) ബാഹ്യമായ മനുഷ്യശക്തിയുടെ ആരാധകന്മാർ:

ഇത്ര മഹനീയമായ ഒരു പ്രകൃത്യതീതസത്യത്തിനു വിധേയനാകുന്നതിനും, അതു പ്രദാനം ചെയ്യുന്ന ആനന്ദത്താൽ ഗ്രസ്തനാകുന്നതിനും സ്വയം സമ്മതിക്കാത്തക്ക ഒരു നിലയിലാണോ ആധുനികമനുഷ്യൻ എന്നു് ഭയത്തോടും ഉൽകണ്ഠയോടുംകൂടെ ചോദിക്കുന്നതിനു മതിയായ കാരണം ഉണ്ടായിരിക്കുന്നു. ഈ മനുഷ്യൻ തന്റെതന്നെ വർദ്ധമാനമായ ശക്തിയിൽ അത്രയധികം ദൃഢബോദ്ധ്യമുള്ളവനാകയാൽ, തന്റെ ഉപകരണങ്ങളുടെയും സംഘടനകളുടെയും ആയുധങ്ങളുടെയും ശക്തിക്കും, തന്റെ കണക്കുകൂട്ടലുകളുടെ കൃത്യതയ്ക്കും, തന്റെ ഉല്പാദനങ്ങളുടെ വൈപുല്യത്തിനും, തന്റെ വാക്കുകൾകൊണ്ടും നോട്ടങ്ങൾകൊണ്ടും സ്വാധീനതകൊണ്ടും എത്തപ്പെടാവുന്ന ദൂരത്തിനും അനുസൃതമായി തന്റെ ഉയരം അളക്കുവാൻ പ്രേരിതനായിരിക്കുന്നു. അനായാസമായ അഭിവൃദ്ധിയുടെ ഒരു യുഗത്തെപ്പററി, അതു ലഭിക്കുവാൻ ഒരുവൻ അവന്റെ കൈനീട്ടിയാൽ മതിയെന്നപോലെ, ഈ മനുഷ്യൻ, അഹങ്കാരപൂർവ്വം, ദീർഘനേരം സംസാരിക്കുന്നു. തന്നെയും തന്റെ ഭാവിയെയും പററി അത്ര സുനിശ്ചിതനായിരിക്കുന്ന ഈ മനുഷ്യൻ, പ്രകൃതിയുടെ അത്യഗാധമായ രഹസ്യങ്ങൾ അറിയുന്നതിനും അതിന്റെ ശക്തികളെ തന്റെ ഇച്ഛയ്ക്കനുസൃതമായി വളയ്ക്കുന്നതിനുമുള്ള, ഉപ്പിപ്പെടുത്തുവാൻ പ്രയാസമായ ഒരു ആഗ്രഹത്താൽ പ്രേരിതനായി, തന്റെ സ്വന്തം ശരീരത്തിൽതന്നെ, ഗ്രഹാന്തരപ്രദേശങ്ങൾ ഉൾക്കൊള്ളിക്കുന്നതിനു ഉൽസുകനായി, എന്തിനും ഇനിയുന്നു.

യഥാർത്ഥത്തിൽ ആധുനികമനുഷ്യൻ, മനുഷ്യന്റെ മനസ്സും പ്രയത്നവും ഉല്പാദിപ്പിച്ചിട്ടുള്ളതെല്ലാം കൈവശമുള്ളതുകൊണ്ടു പ്രത്യേകിച്ചും, തനിക്കു ചെയ്യാവുന്നതിനും, ദൈവത്തിന്റെ അപരിമിതമായ ശക്തിയിൽനിന്നു പുറപ്പെടുന്നതിനും ഇടയ്ക്കുള്ള അനന്തമായ ദൂരത്തെ കൂടുതലായി ഗ്രഹിക്കേണ്ടതാകുന്നു. എന്നാൽ യഥാർത്ഥനില ഇതിൽനിന്നു ഭിന്നമാകുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യർ സ്വീകരിച്ചിരിക്കുന്ന, ലോകത്തെയും ജീവിതത്തെയും പററിയുള്ള അയഥാർത്ഥമോ പരിമിതമോ ആയ ബോദ്ധ്യങ്ങൾ, ദൈവത്തിന്റെ വേലകളിൽനിന്നും പ്രത്യേകിച്ചും വചനത്തിന്റെ അവതാരത്തിൽനിന്നും ആനന്ദത്തിന്റെയും അഭിമാനത്തിന്റെയും ഒരു ബോധം സ്വീകരിക്കുന്നതിൽനിന്ന് അവരെ തടയുന്നുവെന്നുമാത്രമല്ല, എല്ലാമനുഷ്യപ്രയത്നങ്ങൾക്കും സുസ്ഥിരതയും യോജിപ്പും നൽകുന്ന ആ അപരിത്യാജ്യമായ തത്വത്തെ അംഗീകരിക്കുന്നതിനു അവർക്കു സാദ്ധ്യമല്ലാതാക്കിത്തീർക്കുകയും ചെയ്യുന്നു. സയൻസിന്റെയും ടെക്

നോളജിയുടെയും ലോകത്തിൽനിന്നു ഭിന്നമായും അതീതമായും തങ്ങളുടെ ഉല്പത്തിയും ലക്ഷ്യവും അന്വേഷിക്കുവാനുള്ള ആദ്ധ്യാത്മ പ്രചോദനത്തെ അനുവർത്തിക്കുവാൻ വിസമ്മതിച്ചുകൊണ്ടു മാനുഷികപ്രയത്നങ്ങളിൽനിന്നു ലഭിക്കുന്ന പരിമിതമായ ദീപ്തിയാൽ കണ്ണു മഞ്ഞളിച്ചുപോകുന്നതിനു തങ്ങളെത്തന്നെ അനുവദിക്കുന്നവർ കുറച്ചൊന്നുമല്ല.

ബാബേൽഗോപുരനിർമ്മാതാക്കളെപ്പോലെ അവർ അബദ്ധസ്വപ്നങ്ങൾ കാണുകയാണ്; ശാരീരികവും ആദ്ധ്യാത്മികവുമായ ജീവിതത്തിൻ്റെ എല്ലാ ആവശ്യങ്ങൾക്കും പാററിയതും മതിയായതുമായ വിധം മനുഷ്യനിൽ ദൈവത്വമാരോപിക്കുവാൻ ശ്രമിക്കുകയാണ്. അവരിൽ ദൈവത്തിൻ്റെ അവതാരവും "നമ്മുടെ ഇടയിലുള്ള അവിടുത്തെ വാസവും" (യോഹ: I. 14) എന്തെങ്കിലും അഗാധമായ താല്പര്യമോ, ഫലപ്രദമായ വികാരങ്ങളോ സംജാതമാക്കുന്നില്ല.

ഒരു ജനനംകൊണ്ടു പ്രകടിതമാകുന്നതിൽ കൂടുതലായ എന്തെങ്കിലും ഒരു സന്ദേശമോ ലക്ഷ്യമോ ക്രിസ്തുവിൻ്റെ അവതാരത്തിൽ അവർ കാണുന്നില്ല. ഒരു വിദൂരമായ പ്രതിഫലനമെന്നനിലയിൽ ക്രൈസ്തവാവതാരവും അതിൻ്റെ രഹസ്യത്തിൻ്റെ മഹത്വത്തെ പ്രസരിപ്പിക്കുന്ന കലാപരവും സൂക്ഷ്മതരവുമായ ലഘുമൂല്യങ്ങളെപ്പോലും അദൃശ്യമാക്കിത്തീർക്കുന്ന ഭൗതികവും ശബ്ദായമാനവുമായ ആചാരങ്ങളാൽ ശ്വാസംമുട്ടിക്കപ്പെടാത്തപ്പോൾ പോലും, അവർക്കു കുറെയൊക്കെ സജീവമെങ്കിലും കേവലം മാനുഷികമായ മനോഭാവങ്ങൾ മാത്രമേയുള്ളൂ.

**(b) അബദ്ധമായ ഒരു ആന്തരികജീവിതത്തിൻ്റെ ഉപാസകന്മാർ:**

നേരെമറിച്ച് മററു ചിലർ, മുൻപറഞ്ഞതിനെതിരായി ദൈവത്തിൻ്റെ വേലകളെ കുററം വിധിക്കുന്നു. അങ്ങനെ ക്രൈസ്തവാവതാരത്തിൻ്റെ നിഗൂഢമായ ആനന്ദങ്ങളിലേക്കുള്ള പ്രവേശത്തിൽനിന്നു തങ്ങളെത്തന്നെ പ്രതിരോധിക്കുന്നു. മനുഷ്യരൂപത്തിൽ വേഷമണിഞ്ഞിട്ടുള്ള ആധുനികസമുദായത്തിൻ്റെ മൃഗീയത പ്രകടമാക്കുന്ന കഴിഞ്ഞ ഇരുപതു കൊല്ലക്കാലത്തെ കർക്കശമായ അനുഭവത്തിനു സാക്ഷിയായ അവർ അതിൻ്റെ ആകാരത്തിൻ്റെ ബാഹ്യമായ ശോഭയെ രൂക്ഷമായവിധം അഭിശപിക്കുന്നു. മനുഷ്യനും അവൻ്റെ വേലകൾക്കുമുള്ള എല്ലാ യോഗ്യതകളെയും നിഷേധിക്കുന്നു. മനുഷ്യൻ്റെ അമിതമായ ആഹ്ലാദം അവരുടെ ഹൃദയങ്ങളിൽ സംജാതമാക്കുന്ന അഗാധമായ വെറുപ്പിനെ അവർ മറച്ചുവയ്ക്കുന്നുമില്ല. അതേ സമയംതന്നെ, മനുഷ്യൻ ബാഹ്യവും സർവ്വോപരി സാങ്കേതികവുമായ ഈ ശക്തിപ്രാഭവത്തെ ഉപേക്ഷിക്കണമെന്നും, ആന്തരമായ ഒരു ജീവിതത്തിൻ്റെ സമ്പത്തിനെ—സാദ്ധ്യമായ എല്ലാ പരിതസ്ഥിതിയെയും സംതൃപ്തിപ്പെടുത്തുന്ന മാനുഷികമല്ലാത്ത സമസ്തവും—കണ്ടെത്തുന്ന തന്നിലേക്കുതന്നെ അവൻ പ്രവേശിക്കുകയും ചെയ്യുമെന്നും അവർ പ്രത്യാശിക്കുന്നു.

എന്നാൽ, പൂർണ്ണമായും ആന്തരികമായ ഈ മനുഷ്യജീവിതം, മനുഷ്യൻ്റെ എല്ലാ ആവശ്യങ്ങളെയും സാധിച്ചുകൊള്ളാമെന്നു അതു നൽകുന്ന വാഗ്ദാനത്തെ സംരക്ഷിക്കുവാൻ, അപ്രാപ്തമായിരിക്കുന്നു. അതു യഥാർത്ഥത്തിൽ ഔദ്ധത്യത്താലും, മിക്കവാറും നിരാശയാലും, ഭയത്താലും, ബാഹ്യ

പരേതനായ

## ശ്രീ ഇലഞ്ഞിക്കൽ കുര്യപ്പ് ഔസേഫ്

കോതമംഗലം



ഇദ്ദേഹം ഈ കഴിഞ്ഞ ഫെബ്രുവരി 2-ാം തീയതി 66-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം കോതമംഗലം ഫൊറോനാപ്പള്ളിയിൽ യഥാവിധി നിർവ്വഹിച്ചു. എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക് ഡോക്ടർ പാറേക്കാട്ടിൽ, ആലപ്പുഴമെത്രാൻ ഡോക്ടർ ആറാട്ടുകുളം എന്നീ തിരുമേനിമാർ പരേതൻ്റെ വീട്ടിലെത്തി ഒപ്പീസ് നടത്തി. വിജയപുരം മെത്രാൻ ഡോക്ടർ അംബ്രോസ് തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരം നടന്നു. പരേതൻ്റെ ആത്മാവിനു നിത്യശാന്തി ലഭിക്കട്ടെ. R. I. P.

മായ ക്രമത്തിന് അനുരോധമായിരിക്കുവാനുള്ള അപ്രാപ്തിയാലും പ്രേരിതമായി, ജീവിതത്തിൽനിന്നു പിന്മാറുകയാകുന്നു. പൂർണ്ണവും, ശക്തിമത്തും ഫലപ്രദവുമായ ഒരു യഥാർത്ഥ ആന്തരജീവിതവുമായി അതിനു പൊരുത്തമായി യാതൊന്നുമുണ്ടായിരിക്കുന്നില്ല.

യഥാർത്ഥമായ ആന്തരജീവിതത്തിൽ മനുഷ്യൻ ഏകനായിരിക്കുന്നില്ല. പ്രത്യുത, ക്രിസ്തുവിനോടുകൂടി അവിടുത്തെ ചിന്തകളിലും, പ്രവർത്തനങ്ങളിലും ഭാഗഭാക്കായി, ഒരു സുഹൃത്തിനെയും, ശിഷ്യനെയും, സഹകാരിയെയും പോലെ അവിടുത്തോടുകൂടി ബന്ധപ്പെട്ടുകൊണ്ട്, അവൻ ജീവിക്കുകയാകുന്നു. അതേ സമയം തന്നെ, അവിടുന്നു നമ്മുടെ സ്വന്തം ആത്മാവുകളുടെ പാലകനും രക്ഷകനുമായിരിക്കുന്നതിനാൽ, ദൈവകല്പനകൾക്കനുസൃതമായി, ലോകത്തെ അഭിമുഖീകരിക്കുന്നതിനു അങ്ങയാൽ സഹായിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. (1 പത്രോ: 2, 2 3)

**(c) അചക്ഷ്യരും അനഭിജ്ഞരുമായവർ:**

അവതീർണ്ണനായ ദൈവത്തിൻ്റെ മാർഗ്ഗദർശകവും അനുകൂലവുമായ സ്വാധീനശക്തിയിൽനിന്നു മനുഷ്യനെപ്പററിയുള്ള അബദ്ധവും പ്രമാദപൂർണ്ണവുമായ ഒരു ധാരണ പിൻവലിച്ചിട്ടുള്ള ഒന്നാമത്തെയും രണ്ടാമത്തെയും തരങ്ങളിൽ പെട്ടവർക്കിടയ്ക്ക്, ആധുനികസമുദായത്തിൻ്റെ ബാഹ്യപ്രതാപത്തിൽ അഹംഭാവിക്കുകയോ, ആത്മാവിൻ്റെ ഏകാന്തമായ ജീവിതത്തിലേക്കു പിൻവാങ്ങുവാൻ ഉദ്ദേശിക്കുകയോ ചെയ്യാത്ത വിപുലമായ സമൂഹം നിലകൊള്ളുന്നു. ലോകത്തിലെ വിഭവങ്ങൾ ധാരാളമായി അനുഭവിക്കാമെന്നുറപ്പു കിട്ടുന്നതിൽ കൂടുതലായ എന്തെങ്കിലും താല്പര്യമോ ആശയോ ഇല്ലാതെ, നാളത്തെ ദിനം തങ്ങളുടെ ജീവിതത്തോതിൽ എന്തെങ്കിലും ന്യൂനീകരണം വരുമെന്ന ഭയം കൂടാതെ, തൽക്കാലത്തേക്കു ജീവിക്കുന്നതിൽ തങ്ങൾ സംതൃപ്തരായിരിക്കുന്നുവെന്നു പറയുന്നവരാണ് അവർ. ദൈവത്തിൻ്റെ പ്രതാപമോ, മനുഷ്യൻ്റെ മഹത്വമോ — ക്രൈസ്തവാവതാരരഹസ്യത്തിൽ ഇവ രണ്ടും അത്ഭുതകരവും പ്രത്യക്ഷവുമായ രീതിയിൽ ഉയർത്തപ്പെട്ടിരിക്കുന്നു — ഈ പാവപ്പെട്ട ആത്മാക്കളിൽ യാതൊരു വികാരവും ഉണ്ടാക്കുന്നില്ല. തങ്ങളുടെ ജീവിതങ്ങൾക്കു എന്തെങ്കിലും അർത്ഥം നൽകുന്നതിനു അവ

## For favours received



Excuse delay.
Mrs. Lucy Joseph, Kallur

ർ അപ്രാപ്തരും അശക്തരുമായിത്തീർന്നിരിക്കുന്നു.

ഈ വിധത്തിൽ, അവതീർണ്ണനായ ദൈവത്തിൻ്റെ സാന്നിദ്ധ്യം അവഗണിക്കുകയോ, പിന്നിലേക്കു തള്ളിമാററുകയോ ചെയ്തുകൊണ്ടു ആധുനികമനുഷ്യൻ, ഒരു ലോകത്തെ നിർമ്മിച്ചിരിക്കുന്നു: അത്ഭുതകരമായതിനെ ക്ലേശകരമായതുമായി കൂട്ടിക്കുഴച്ചിട്ടുള്ള, നിഷ്ക്രമണമാർഗ്ഗമില്ലാത്ത ഒരു റോഡുപാതയോ, എല്ലാവിധ സജ്ജീകരണങ്ങളുമുണ്ടെങ്കിലും ഒരു മേൽക്കൂരയുടെ അഭാവത്താൽ അന്തേവാസികൾക്കു സുരക്ഷിതത്വം നൽകുന്നതിനു അപര്യാപ്തമായ ഒരു ഭവനംപോലെയോ, വൈപരീത്യങ്ങളാൽ നിറഞ്ഞ ഒരു ലോകം! ചില രാഷ്ട്രങ്ങളിൽ, ബൃഹത്തരമായ വിധം അഭിവൃദ്ധിവികാസങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, എല്ലാത്തരക്കാരായ ജനങ്ങൾക്കും ഭൗതികമായ കാലക്ഷേപത്തിനു ഉറപ്പു ലഭിച്ചിട്ടുണ്ടെങ്കിലും, എന്തെന്നു നിർവചിച്ചുകൂടാത്ത ഒരു ഭീതിബോധം, അവശ്യംഭാവ്യമെന്നു തോന്നുന്ന എന്തോ ഒന്നിൻ്റെ ഉൽക്കണ്ഠാകുലമായ പ്രതീക്ഷ പ്രചരിക്കുകയും വർദ്ധിച്ചു വരികയും ചെയ്യുന്നു. ബെത്‌ലഹമിലെ ഗ്രാമപ്രദേശങ്ങളിലുണ്ടായിരുന്ന സാധുക്കളായ ആട്ടിടയന്മാരുടെ പ്രതീക്ഷ അനുസ്മരിച്ചുപോകുന്നു. അവിളംബമായ പ്രതികരണത്തിനു സന്നദ്ധരായ ആ ആട്ടിടയന്മാർക്കു, ഇല്ലാതെയുള്ളതിനെ അന്വേഷിക്കുക അത്യന്താപേക്ഷിതമായിരിക്കുന്ന ഇരുപതാം നൂററാണ്ടിലെ ഉദ്ധതരായ മനുഷ്യരെ പഠിപ്പിക്കുവാൻ സാധിക്കുന്നതാണ്: "എഴുന്നേൽക്കുക. നമുക്കു ബെത്‌ലഹമിലേക്കു പോകാം, അവർ പറഞ്ഞു, കർത്താവ് ഇവിടെ അറിയിച്ചിരിക്കുന്നതുപോലെ സംഭവിച്ചിരിക്കുന്നതിനെ നമുക്കു പോയി കാണാം." (ലൂക്കാ: ii, 15). ഈ സംഭവം രണ്ടായിരം കൊല്ലം മുൻപാണു നടന്നതു്. എന്നാൽ അതിൻ്റെ സത്യവും സ്വാധീനശക്തിയും, അതായതു ദൈവം തൻ്റെ സ്വന്തത്തിലേക്കു വന്നുവെന്നതു്, മനുഷ്യരുടെ അന്തഃകരണങ്ങളെ തുടരെ കൈവശപ്പെടുത്തിയേ മതിയാവൂ. (യോഹ: 1, 11)

ദൈവം ഭൂമിയിൽ വരികയും വസിക്കുകയും ചെയ്തുവെന്നതു് ഇനി കുററരഹിതമായി മനുഷ്യവർഗ്ഗത്തിനു തള്ളിക്കളയുകയോ വിസ്മരിക്കുകയോ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യനും അവൻ്റെ സ്വന്തമായവയും തമ്മിലും, അതും ദൈവവും തമ്മിലും, ക്രമവും സമാധാനവും സംസ്ഥാപിക്കുന്നതിനു, ദൈവപരിപാലനയുടെ നിർവഹണമനുസരിച്ച്, അത്യന്താപേക്ഷിതമായിരിക്കുന്നു. അപ്പസ്തോലനായ വിശുദ്ധ പൗലോസ് ഈ ക്രമത്തിൻ്റെ സമഗ്രതയെ, മനോഹരമായ ഒരു ഉൾഗ്രഥനത്തിൽ വിവരിച്ചിട്ടുണ്ടു്. "എല്ലാ വസ്തുക്കളും നിങ്ങളുടെയാകുന്നു; നിങ്ങൾ ക്രിസ്തുവിൻ്റെയും, ക്രിസ്തു ദൈവത്തിൻ്റെയുമാകുന്നു" (I കോറി: iii 23). അക്ഷയ്യമായ ഈ ക്രമത്തിൽനിന്നും ദൈവത്തെയും ക്രിസ്തുവിനെയും നീക്കം ചെയ്ത്, അപ്പസ്തോലൻ്റെ വാക്കുകളിൽ, മനുഷ്യനു മററു സൃഷ്ടികളുടെ മേലുള്ള അവകാശം മാത്രം നിലനിർത്തുവാൻ ആഗ്രഹിക്കുന്നവർ സ്രഷ്ടാവിൻ്റെ സംവിധാനത്തിൽ ഗുരുതരമായ ഒരു വിടവുണ്ടാക്കിത്തീർക്കുകയാണു ചെയ്യുന്നതു്. വിശുദ്ധ പൗലോസ് തന്നെ മുന്നറിവു നൽകുന്നുണ്ടു്. "ആകയാൽ യാതൊരുത്തനും തൻ്റെ വിശ്വാസം മനുഷ്യരിൽ നിക്ഷേപിക്കരുതു്." (I കോറി: iii, 22).

തങ്ങളുടെ കണ്ടുപിടിത്തങ്ങളിലും ഉപജ്ഞാനങ്ങളിലും അത്യധികം അഭിമാനിക്കുന്നവരും, മുൻകാലങ്ങളിലെപ്പോലെ ഏകാന്തതയുടെ ക്ലേശങ്ങളാൽ മർദ്ദിതരല്ലാത്തവരും, നേരെമറിച്ച് ജനക്കൂട്ടത്തിൻ്റെ ഭാവനാശക്തിയെ, അതേ രാജ്യതന്ത്രജ്ഞന്മാരുടെ ജാഗരൂകമായ ശ്രദ്ധയെപ്പോലും, പ്രാപിച്ചിട്ടുള്ളവരുമായ നമ്മുടെ കാലത്തെ മനുഷ്യർക്ക് ഈ അനുശാസനം എത്രയധികം ബോധകമാണെന്നു ആർക്കാണു ബോദ്ധ്യമാകാത്തതു്? എന്നാൽ അവർക്കു അർഹമായ ബഹുമതി നൽകുന്ന കാര്യം ഒന്നു വേറേ, അവരിൽനിന്നും അവരുടെ കണ്ടുപിടിത്തങ്ങളിൽനിന്നും ജീവിതത്തിൻ്റെ മൗലികപ്രശ്നത്തിനു പ്രതിവിധി പ്രതീക്ഷിക്കുകയെന്നതു ഒന്നു വേറെ. അതേസമയംതന്നെ, നമ്മുടെ ആധുനികയുഗത്തിലെ സമ്പത്തും പ്രയത്നവും പദ്ധതികളും കണ്ടുപിടിത്തങ്ങളും അഭിമാനങ്ങളും യാതനകളുമെല്ലാം ദൈവത്തിൻ്റെ ഛായയായ മനുഷ്യനോടുള്ള ബന്ധത്തിലാണു പരിഗണിക്കപ്പെടേണ്ടതു്.

ആകയാൽ, പുരോഗതിയെന്നു പറയപ്പെടുന്നവ ലോകക്രമത്തിൻ്റെ ദൈവികനിയമങ്ങൾക്കു അനുരോധമല്ലാതിരിക്കുന്നുവെങ്കിൽ തീർച്ചയായും അതു പുരോഗതിയല്ല. പ്രത്യുത നാശത്തിലേക്കുള്ള വഴിയാകുന്നു. ഏററം പരിപൂർണ്ണമായ സംഘടനാസമ്പ്രദായമോ, ഗണനാരംഗത്തിലുള്ള ഏററവും വികസിതമായ പദ്ധതികളോ അനിവാര്യമായ ഫലങ്ങളെ തടഞ്ഞുനിർത്തുകയില്ല. മനുഷ്യനു അത്യന്താപേക്ഷിതമായ സ്ഥൈര്യത്തെ സൃഷ്ടിക്കുവാൻ അവയ്ക്കു യാതൊരു ശക്തിയുമില്ല; അതിനുപകരം വേറൊന്നു കണ്ടെത്തുവാൻ അത്രപോലും സാദ്ധ്യമല്ല. (തുടരും)




### കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു്, കൃതജ്ഞത.

By Saramma Mathew
(A Marthomite)

### അടുത്തയാഴ്ചയിൽ

മാർച്ച്
8 വ്യാ: വി. യോഹന്നാൻ
9 വെ: കർത്താവിൻ്റെ തിരുമുറിവുകൾ
10 ശ: വി. എമിലിയാൻ
11 ഞാ: നോമ്പ് 4-ാം ഞായർ
12 തി: വി. ഗ്രിഗോരിയോസ്
13 ചൊ: വി. സബീനൂസ്
14 ബു: വി. മററിൽഡാ



(4-ാം പേജ് തുടർച്ച)

തോന്നുന്നു."

"എനിക്കദ്ദേഹത്തെ അറിയാം." മേർട്ടൻ പറഞ്ഞു. "അദ്ദേഹം ആത്മാവുകളുടെ രക്ഷയ്ക്കായി രാവും പകലും ബുദ്ധിമുട്ടി ജോലി ചെയ്ത ഒരാളാണ്. അവർ അദ്ദേഹത്തെ പിടിപ്പിച്ചുവോ?"

"അദ്ദേഹത്തിന്റെ ശരീരമാസകലം സൂചികൾ തറച്ചു അദ്ദേഹത്തെ പിടിപ്പിച്ചു എന്നാണ് ഞാൻ കേട്ടത്."

"ഓ! ആ മൃഗങ്ങൾ... കഴുവുമരം പോരാഞ്ഞതുകൊണ്ടാണോ സൂചികൾ കൂടി ഉപയോഗപ്പെടുത്തിയത്. നമ്മുടെ എലിശാ ഇപ്പോൾ എന്തു ചെയ്യുകയാണ്. കത്തോലിക്കാ വിശ്വാസത്തിനു വേണ്ടി സൂചികൾ കൊണ്ടുള്ള പീഡനം ഏൽക്കാൻ അവൾ തയ്യാറാകുമോ? അവളും അനുചരന്മാരും നരകത്തിന്റെ അടിത്തട്ടിൽ......"

"മതി. മതി. കത്ത്ബേട്ട്", ഹെക്കൻഹാം ഇടയ്ക്കു കയറിപ്പറഞ്ഞു. "വേറെ ആരെങ്കിലും കേട്ടാൽ നിന്റെ മേൽ രാജദ്രോഹക്കുറ്റം ആരോപിക്കപ്പെടും". വൈദികനോടായി, "ഒരു ദീർഘമായ യാത്രകഴിഞ്ഞു അച്ചൻ നന്നേ ക്ഷീണിച്ചിട്ടുണ്ടാവും. അങ്ങേക്കു വിശ്രമത്തിനായി ഒരുക്കിയിരിക്കുന്ന മുറി കാണിച്ചുതരാം."

"അതേ, ഞാൻ നന്നേ ക്ഷീണിച്ചിട്ടുണ്ട്. കൂടാതെ ഇനിയും കുറേ പ്രാർത്ഥനകൾ ചൊല്ലുവാനുമുണ്ട്. എന്നാൽ നിങ്ങൾക്കിവിടെ ഒളിക്കാനായി ചില ഗൂഢസ്ഥലങ്ങളില്ലേ. അതു ഞാനും കൂടി അറിഞ്ഞിരിക്കുന്നതു ഇരുകൂട്ടർക്കും ഉപകാരമായിരിക്കുമല്ലോ."

"ഞങ്ങൾക്കു മൂന്നു ഇരുട്ടറകൾ ഉണ്ട്. ഇവകളെല്ലാം തന്നെ വളരെ ഉപകാരമുള്ളവയായിരുന്നു. ഒന്നു ഈ മുറിയിൽ തന്നെയാണ്. അതു ഞാൻ കാണിച്ചുതരാം."

ഹെക്കൻഹാം ആ മതിലിൽ ഉന്തിനിന്നിരുന്ന ഒരു ബട്ടൺ ഞെക്കിയപ്പോൾ അതിനുള്ളിൽ മൂന്നുപേർക്കു സുഖമായിരിക്കാവുന്ന ഒരു മുറി പ്രത്യക്ഷപ്പെട്ടു. ഒരു കസേരമാത്രമായിരുന്നു അതിനകത്തുണ്ടായിരുന്ന ഏകസാധനം. അകത്തു കയറിയതിനു ശേഷം അതു ബന്ധിക്കാനുള്ള വിധവും മററും അവർ കാണിച്ചുകൊടുത്തു. അതിനുശേഷം മററു രണ്ടു ഗൂഢസ്ഥലങ്ങളിലേക്കും അദ്ദേഹത്തെ ആനയിച്ചു. ഇതിനിടയിൽ ഒരു അസാധാരണസംഭവം നടന്നു. വൈദികൻ തന്റെ ഭൃത്യനോടായി ചില ആംഗ്യങ്ങൾ കാണിച്ചതു അതിഥേയർ രണ്ടുപേരും ശ്രദ്ധിച്ചില്ല.

അര മണിക്കൂർ കഴിഞ്ഞു വൈദികൻ വിശ്രമമുറിയിൽ പ്രവേശിച്ചപ്പോൾ അവർ ഇരുവരും വീണ്ടും ഭക്ഷണശാലയിലേക്കു പോയി.

"ഇത്രവേഗം അദ്ദേഹം നമ്മെ വിട്ടുപിരിയുന്നതിൽ എനിക്കു വലിയ മനസ്താപമുണ്ട്. വൈദികനെന്ന കാര്യം പോകട്ടെ, അല്ലാതെതന്നെ അദ്ദേഹം എത്ര ഒരു നല്ലമനുഷ്യനാണ്."

"അദ്ദേഹം എല്ലാ കാര്യങ്ങളിലും വളരെ വിവേകപൂർവം പെരുമാറുമെന്നു വിശ്വസിക്കുന്നു. സാധാരണയായി സെമ്മിനാരിയിൽ നിന്നു പുറത്തു വരുന്ന കൊച്ചച്ചന്മാർ ചിലപ്പോൾ സാഹസികമായി പ്രവർത്തിക്കുന്നതായി കാണുന്നു.

(തുടരും)




# For Favours Received

A

## പരിശുദ്ധ പിതാവിനു ജന്മദിന സമ്മാനങ്ങൾ

പരിശുദ്ധ മാർപ്പാപ്പായുടെ 80-ാം ജന്മദിനം സമീപിക്കുന്നതോടുകൂടി അതിനുള്ള ഒരുക്കങ്ങൾ ഓരോ വിഭാഗങ്ങളിലും ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അവിടുത്തെ ജന്മദിനം തികച്ചും ആദ്ധ്യാത്മികവും മതപരവും ക്ലേശനിവാരണപരവുമായ രീതിയിൽ വേണം ആചരിക്കുവാൻ എന്നു അവിടുന്നു പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. എങ്ങിനെയും മാർച്ച് 11-ാം തിയതി തിരുമനസ്സുകൊണ്ടു സെന്റ് പീറേറഴ്സിൽ അർപ്പിക്കുന്ന ദിവ്യബലിയിലും തുടർന്നു നടത്തുന്ന സന്ദർശനത്തിലും സംബന്ധിക്കുന്നതിനു ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും തീർത്ഥകരുടെ ഒരു വമ്പിച്ച പ്രവാഹം ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ, മഹത്തായ ഈ അവസരത്തിനു യോജിച്ച പല സ്മാരകങ്ങളുടെയും സജ്ജീകരണങ്ങളും ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. അവയിൽ ഇപ്പോൾ അറിവായിട്ടുള്ള പ്രധാന സ്മാരകങ്ങൾ ഇവയാണ്:

1. വത്തിക്കാനിലെ 42 വിദേശരാജ്യ പ്രതിനിധികളോരോരുത്തരും ലോകസമാധാനത്തെ മുൻനിർത്തി അവരുടെ രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള പ്രസിദ്ധീകരണങ്ങളുടെ ഓരോ ശേഖരം പരിശുദ്ധ പിതാവിനു ജന്മദിനസമ്മാനമായി സമർപ്പിക്കും.

2. റോമാനഗരപ്രാന്തത്തിലുള്ള "പിയെത്രാ പാപ്പ" എന്ന സ്ഥലത്തു "ദിവ്യതൊഴിലാളിയായ ക്രിസ്തു"വിന്റെ നാമധേയത്തിൽ സ്ഥാപിതമാകുന്ന പുതിയ കെട്ടിടങ്ങൾ.

3. സെൻേറാച്ചെല്ലെ എന്ന തൊഴിലാളിസങ്കേതത്തിനടുത്തു സമാരംഭിക്കുന്ന യുവാക്കന്മാർക്കു വേണ്ടിയുള്ള വിദ്യാഭ്യാസകേന്ദ്രം. അതിൽ തൊഴിലാളിയുവാക്കന്മാർക്കു മതപരവും പൗരപരവുമായ ശിക്ഷണം നൽകുന്നതായിരിക്കും.

4. സെന്റ് പീറേറഴ്സ് ദേവാലയത്തിനടുത്തു മാർപ്പാപ്പായുടെ മദ്ധ്യസ്ഥനായ വിശുദ്ധ പിയൂസിന്റെ നാമത്തിൽ സ്ഥാപിക്കുന്ന പ്രാർത്ഥനാലയം.

5. ഇററാലിയൻ ഒളിമ്പിക്ക് കമ്മററിക്കാർ പരിശുദ്ധ പിതാവിന്റെ ഓർമ്മയ്ക്കായി ആപ്പിയൻ വേയിൽ പണിയിക്കുന്ന കായികാഭ്യാസക്കളരി.

6. മരിയത്തിന്റെ രാജ്ഞിത്വപ്രഖ്യാപനം നിർവ്വഹിച്ച പരിശുദ്ധ പിതാവിന്റെ സ്മരണയ്ക്കായി റോമിലെ സ്ത്രീകളുടെ വകയായി പണിയിക്കുന്ന മരിയരാജ്ഞിയുടെ തീർത്ഥാടനദേവാലയം.

7. ഇററലിയിലെ കാത്തലിക്ക ആക്ഷൻ യൂത്തുമൂവ്മെൻറുകാർ പണിയിക്കുന്ന യുവാക്കന്മാർക്കായുള്ള വിശ്രമകേന്ദ്രം.

8. സ്പെയിനിലെ ഹയരാർക്കിയുടെ വകയായി റോമിലുള്ള സ്പാനിഷ് കോളേജിനുവേണ്ടി പണിയുന്ന പുതിയ ഒരു കെട്ടിടം.

## പുസ്തകാഭിപ്രായം

### വിജ്ഞാനവാടി

(തോമസ് അക്കെമ്പിസ്. വിവർത്തകൻ: ചാക്കോശാസ്ത്രി, റാന്നി. ക്രൗൺ 1/8 പേജ് VIII + 138. വില 12 ണ)

ആദ്ധ്യാത്മിക ഗ്രന്ഥങ്ങളിൽ ക്രിസ്ത്വാനുകരണത്തെപ്പോലെ പെരുമ ആർജ്ജിച്ചിട്ടുള്ള ഗ്രന്ഥം ഉലോം ചുരുക്കമാണ്. അക്കെമ്പിസിന്റെ കൃതികൾ എത്രയെന്നു നമുക്കറിഞ്ഞുകൂടാ. ക്രിസ്ത്വാനുകരണത്തിന്റെ കർത്താവു അദ്ദേഹമാണെന്നാണ് വിശ്വസിക്കപ്പെട്ടുപോരുന്നത്. ക്രിസ്ത്വാനുകരണത്തിനു മലയാളത്തിൽ നാലു കത്തോലിക്കാ വിവർത്തനങ്ങളും, ഒരു പ്രൊട്ടസ്റ്റന്റ് വിവർത്തനവും ഉണ്ട്. അടുത്ത കാലത്തു ഹാ


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചത്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,87,573 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |
| 1954 | 5,97,150 | 22,46,601 | 29,22,345 | 36,50,149 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ

ആത്മകഥാകഥനം

# എൻെറ കത്തോലിക്കാ പുനരൈക്യം

**(മാത്യു കണിയിടേത്ത്, ചെങ്ങറ)**

മാന്യ അകത്തോലിക്കസഹോദരങ്ങളേ! ഞാൻ അട്ടച്ചാക്കൽ യാക്കോബായ പള്ളിയിലെ ഒരു അംഗമായിരുന്നു. ആ ഇടവകയിലെ ബ. വികാരിയച്ചൻ യാക്കോബായ സഭാവിശ്വാസത്തിൽ വളരെ തീക്ഷ്ണതയുള്ള ഒരാളാണ്. മിശിഹാ സ്ഥാപിച്ച സഭ യാക്കോബായസഭ മാത്രമാണെന്നും, ബാക്കിയുള്ള സഭാവിശ്വാസങ്ങളെല്ലാം വളരെ തെററാണെന്നും അദ്ദേഹം വിവിധമാർഗ്ഗങ്ങളിൽ ഞങ്ങളെ പഠിപ്പിച്ചു. സമീപത്തുള്ള കത്തോലിക്കപള്ളിയിൽ ആരെങ്കിലും ചേരുവാൻ ശ്രമിച്ചാൽ അദ്ദേഹം അവരെ തടയുന്നതിനു ശക്തിയായി പരിശ്രമിക്കുക പതിവായിരുന്നു. മാർത്തോമ്മാസമുദായത്തിൻെറ വിശ്വാസത്തെ വളരെ പുച്ഛിച്ച് അദ്ദേഹം പലപ്പോഴും പ്രസംഗിച്ചിട്ടുണ്ട്. കേവലം ബാലനും ഇതരസമുദായകാര്യങ്ങളിൽ അജ്ഞനുമായിരുന്ന ഞാൻ അവയെല്ലാം ശരിയാണെന്നു അന്നു വിശ്വസിച്ചിരുന്നു.

അങ്ങനെയിരിക്കെ ഞാൻ പത്തനംതിട്ട കോളേജിൽ വന്നു പഠനം തുടങ്ങി. അന്നു മുതലാണ് ഇതരസമുദായകാര്യങ്ങളെപ്പററി എനിക്കു അറിവുണ്ടാകുവാൻ തുടങ്ങിയതെന്നു പറയാം. വിവിധസമുദായക്കാരുമായി പരിചയപ്പെട്ട കൂട്ടത്തിൽ അവരിൽ പലരുടേയും മതഗ്രന്ഥങ്ങൾ എനിക്കു വായിക്കുവാൻ കിട്ടി. എന്നാൽ ദൈവം സ്ഥാപിച്ച സഭ യാക്കോബായസഭ മാത്രമാണെന്നു ഞാൻ ഉറപ്പായി വിശ്വസിച്ചിരുന്നതുകൊണ്ട്, മററുള്ള സഭാകാര്യങ്ങൾ കേവലം ജ്ഞാനസമ്പാദനത്തിനുവേണ്ടി മാത്രമേ ഞാൻ വായിച്ചിരുന്നുള്ളു.

ഈ അവസരത്തിൽ ഞങ്ങളുടെ ഇടവകപ്പള്ളിയിൽ ഒരു സംഭവമുണ്ടായി. ഇടവകയിലെ ഒരു പ്രധാനിയുടെ മകൻ ഞങ്ങളുടെ വികാരിയച്ചൻെറ "കുറി"യും വാങ്ങി, മാർത്തോമ്മാപള്ളിയിൽ ചെന്നു മാർത്തോമ്മാവൈദികനിൽനിന്നും വിവാഹകൂദാശ സ്വീകരിച്ച് തിരികെ വന്നു. ഈ സംഗതി അറിഞ്ഞപ്പോൾ എനിക്ക് ഒരു പ്രയാസം തോന്നി. മാർത്തോമ്മാസമുദായത്തിനു പട്ടത്വമില്ലെന്നും, അവർ ശപിക്കപ്പെട്ടവരാണെന്നും, പലപ്പോഴും പള്ളിയിൽ പ്രസംഗിച്ചിട്ടുള്ള ബ. അച്ചൻ, ഇതിനു അനുകൂലിച്ചതു ശരിയാണോ എന്നു ഞാൻ അന്വേഷിച്ചപ്പോൾ, യാക്കോബായസഭയിലെ പ്രധാന വ്യക്തികളിൽ പലരും അപ്രകാരം ചെയ്യുന്നുണ്ടെന്നും, അവരോടു സഭാമേലദ്ധ്യക്ഷന്മാർ, സഭാപരമായ യാതൊരു നടപടിയും ചെയ്യുന്നില്ലെന്നും എനിക്കു മനസ്സിലായി. അതേ അവസരത്തിൽ, എൻെറ സമീപത്തുള്ള സാധുക്കളായ കത്തോലിക്കർപോലും അകത്തോലിക്കരുമായി വിവാഹബന്ധത്തിലേപ്പെടുവാൻ വിസമ്മതിക്കുന്നതായും എനിക്കു ബോദ്ധ്യപ്പെട്ടു. ഇതിൻെറ കാരണം എന്താണെന്നു അറിയണമെന്നു ഞാൻ നിശ്ചയിച്ചു. കത്തോലിക്കരുടേയും അകത്തോലിക്കരുടേയും വിശ്വാസകാര്യങ്ങളെ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ നിഷ്പക്ഷനിലയിൽ ഞാൻ പഠിച്ചു. അപ്പോഴാണ് എനിക്കു മനസ്സിലാകുന്നതു് ഏകവിശ്വാസത്തിലും ഏകഭരണത്തിലും ഇരിക്കുന്ന കത്തോലിക്കാസഭയ്ക്കു മാത്രമേ ആ സഭയുടെ നിയമങ്ങൾ പാലിക്കുവാൻ സാദ്ധ്യമാകു എന്നു്. ഇന്നു ഭൂമുഖത്തുള്ള മററു യാതൊരു ക്രൈസ്തവസംഘടനയ്ക്കും അവരുടെ നിയമം നടപ്പിൽ വരുത്തുവാൻ ഇന്നുവരെ സാധിച്ചിട്ടില്ലെന്നും എനിക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു.

കൂദാശകൾ ദൈവകൃപയുടെ ഉറവകളാണെന്നും അവ സ്വീകരിക്കേണ്ടതു് രക്ഷയ്ക്കു് അത്യാവശ്യമാണെന്നും, പഠിപ്പിക്കുന്ന യാക്കോബായസഭ, ഇപ്രകാരം കൂദാശകളെ വ്യർത്ഥമാക്കുന്നതു് ശരിയല്ലെന്നും, കൂദാശകളെ ശരിയായി പ്രദാനംചെയ്യുന്ന ഏകസഭ കത്തോലിക്കാസഭ മാത്രമാണെന്നും എനിക്കു ബോദ്ധ്യപ്പെട്ടതോടുകൂടി, ആ സഭയിൽ ചേർന്നു നിൽക്കേണ്ടതു ഏററവും അത്യാവശ്യമാണെന്നു് എൻെറ മനസ്സാക്ഷി എന്നെ പ്രേരിപ്പിച്ചു തുടങ്ങി. പ്രതികൂലസാഹചര്യങ്ങൾ എന്നെ വല്ലാതെ വിഷമിപ്പിക്കുകയും ചെയ്തു സർവ്വശക്തനിൽ ആശ്രയിച്ചുകൊണ്ടു 1956 ജനുവരി 21-ാംനു (അഷ്ടദിനപ്രാർത്ഥനാസമരദിനത്തിൽ തന്നെ) ഞാൻ റവ. ഫാദർ ശമുവേൽ ശങ്കരത്തിലിൻെറ മുമ്പാകെ സത്യപ്രതിജ്ഞചെയ്തു് കത്തോലിക്കാതിരുസഭയിലേക്കു പുനരൈക്യപ്പെട്ടു.

എൻെറ പുനരൈക്യത്തിനു സഹായിച്ച സകലരോടും എൻെറ ഹൃദയംഗമമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും "ഇടയനും തൊഴുത്തുമില്ലാത്ത ആടുകളെപ്പോലെ അലഞ്ഞു കഷ്ടപ്പെടുന്ന" എൻെറ യാക്കോബായ സഹോദരങ്ങൾ യഥാർത്ഥ ഇടയൻെറ "പിസ്സലിഗി"ൽ വന്നു ചേരുവാൻ അപേക്ഷിച്ചുകൊണ്ടും വിരമിച്ചുകൊള്ളട്ടെ.

---

പെരിങ്ങഴപള്ളിയിടവക ഇല്ലത്തുതണ്ടേൽ കരിശുങ്കൽ മാതാവിൻെറ മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

പൂനാട്ടു മത്തായി ജോസഫ്,
കാരിമാററം

---

വി. യൂദാ തദ്ദേവൂസ് ശ്ലീഹായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

ത്രേസ്യ, തൃശ്ശൂർ

---

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിറ്റഡ്
എറണാകുളം, തൃശ്ശൂർ,
മട്ടാഞ്ചേരി, ചാലക്കുടി,
വില്ലിംഗ്ഡൺ ദ്വീപു്




## മലബന്ധവും മററു രോഗങ്ങളും

രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായും, അല്പമായും, വളരെ താമസത്തോടുകൂടിയും, വളരെ വരണ്ടും മലം പോകുന്നതുകാരണം ഉദരത്തിങ്കലുള്ള വായുവിൻെറ കീഴ്പോട്ടുള്ള ഗതി കുറയുകയും (വായുസ്തംഭനം-ഗ്യാസ്ട്രബിൾ-അനുഭവപ്പെടുകയും), തദ്വാര ദേഹത്തിലെ ഉഷ്ണാംശം (പിത്തം) ക്രമംവിട്ട് വർദ്ധിക്കുകയും, കഫവും രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളും ഉരുകുകയും ദുഷിക്കുകയും വരണ്ടുപോവുകയും ചെയ്യുന്നു. മലത്തിൻേറയും വായുവിൻേറയും തടസ്സംമൂലം ഇങ്ങനെ ഉരുകിയും ദുഷിച്ചും സ്വസ്ഥാനങ്ങളിൽനിന്നിളകി ഉദരത്തിങ്കലേക്ക് ചെന്നുകൊണ്ടിരിക്കുന്ന കഫത്തിൻേറയും ധാതുക്കളുടേയും അംശങ്ങൾക്ക് മലത്തോടുകൂടി യഥാസമയം പുറത്തുപോകുവാൻ സാധിക്കാതെ വരിക നിമിത്തം ആ ദുർന്നീരുകൾ കുടലുകൾക്കുള്ളിൽ തന്നെ പററിച്ചേർന്ന്നിന്നുകൊണ്ട് തടിപ്പുകളായും കുരുക്കളായും (അർശസ്സ്-മൂലക്കുരു) രൂപാന്തരപ്പെടുന്നു. ഇതുമുതൽ മലം നാടപോലെ കനംകുറഞ്ഞ് പോവുക, രക്തംകലന്ന് പോവുക മുതലായ ലക്ഷണങ്ങളോടുകൂടി മലബന്ധവും, വായുസ്തംഭനവും, ചൂടും പൂർവ്വാധികം വർദ്ധിക്കുകയും ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, നീരിറക്കം, പനി, ക്ഷയം, ഏങ്ങൽ, നെഞ്ചുവേദന, വയറുവേദന, അസ്ഥിസ്രാവം, പ്രമേഹം, രക്തദൂഷ്യം മുതലായ നാനാവിധ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു.

നീർവീഴ്ച, ചുമ മുതലായ രോഗങ്ങളുടെ ഉത്ഭവം ഇപ്രകാരമാണെന്നുള്ള വസ്തുത മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണ് ഔഷധങ്ങൾ പലതും മാറിമാറി ഉപയോഗിച്ചുകൊണ്ടിരുന്നിട്ടും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നുകരകയറുവാൻ സാധിക്കാതെ പലരും തങ്ങളുടെ ആയുഷ്കാലം മുഴുവനും നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതു്

## മലബന്ധവും കാളൻ'സ് ദ്രാക്ഷാഘൃതവും

മലബന്ധവും മററു രോഗങ്ങളും തമ്മിലുള്ള ബന്ധം മേൽവിവരിച്ചപ്രകാരമാണെന്നുള്ളതിൻെറ ദൃഷ്ടാന്തമാണ് മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങളേയും, വാതത്തേയും, പിത്തത്തേയും ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളേയും (ഓജസ്സിനേയും), ജാഠരാഗ്നിയേയും വർദ്ധിപ്പിക്കുന്നതിനും, രക്തത്തെ ശുദ്ധീകരിക്കുന്നതിനും, തടസ്സപ്പെട്ട് നില്ക്കുന്ന വായു, മലം, മൂത്രം ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഒരു ഔഷധമാകുന്ന ദ്രാക്ഷാഘൃതം ഉപയോഗിക്കുമ്പോൾ മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങൾക്കും, ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, പനി, ക്ഷയം മുതലായ നാനാവിധ രോഗങ്ങൾക്കും ശമനം സിദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നതു്. ഈ ഔഷധം പ്രത്യേക പത്ഥ്യം കൂടാതെ ഉപയോഗിക്കാവുന്നതാണെങ്കിലും കൂടുതൽ ഫലസിദ്ധിക്കുവേണ്ടി പയറ്, കടല, മോര്, മുളക് മുതലായ രൂക്ഷദ്രവ്യങ്ങളെ സാധിക്കുന്നേടത്തോളം ഉപേക്ഷിക്കുന്നതു് വളരെ ഉത്തമമാണ്

ദ്രാക്ഷാഘൃതം 5/8 (അരേതാരക്കാൽ) റാ കുപ്പി 1ക്ക് 4—0—0

5ക. മുൻകൂർ അയക്കുന്നവർക്ക് റജിസ്റ്റേർഡു പാർസലായി (പോസ്റ്റൽമാർഗ്ഗം) അയച്ചുകൊടുക്കുന്നതാണ്

N. B. ഈ ഔഷധം കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.


**കാളൻ, നെല്ലായി.**

ർ ഹെമ്മൻ ക. സി. ഡി. പരിഭാഷപ്പെടുത്തിയ മരിയാനുകരണവും അക്കെമ്പിസിൻെറ ഒരു കൃതിയാണ്. ശ്രീ ചാക്കോശാസ്ത്രി വിവർത്തനം ചെയ്തതും മഞ്ഞുമ്മൽ ചെറുപുഷ്പം പ്രസ്സിൽ അച്ചടിച്ചിട്ടുള്ളതുമായ "വിജ്ഞാനവാടി" അക്കൂട്ടത്തിൽ പെട്ട മറെറാരു കൃതിയാണ്. ഉള്ളടക്കത്തെ സംബന്ധിച്ചിടത്തോളം ഇതും ക്രിസ്ത്വാനുകരണം പോലെ ഇരിക്കുന്നു. വിവർത്തനം നന്നായിട്ടുണ്ട്; ലളിതമായ കൊച്ചുകൊച്ചു വാചകങ്ങളിൽ ഹൃദയാവർജ്ജകമായ സൂക്തങ്ങൾ കോർത്തിണക്കിയിരിക്കുകയാണ്. എത്ര വായിച്ചാലും മതിവരാത്ത മധുരിമയുള്ളതും ആലോചനാമൃതങ്ങളുമായ സത്യങ്ങളും സാക്ഷ്യങ്ങളും അതിലുണ്ട്. ആദ്യഭാഗം 18 അദ്ധ്യായങ്ങളും ഉത്തരഭാഗം 34 അദ്ധ്യായങ്ങളും ഉൾക്കൊള്ളുന്നു. കമനീയമായ ഒരു പുറംചട്ട പുസ്തകത്തെ ആകർഷകമാക്കിയിട്ടുണ്ട്. പുണ്യപൂർണ്ണത കാംക്ഷിക്കുന്നവർക്ക് ഒരു വിലപ്പെട്ട ഗ്രന്ഥമാണിതെന്നതിനു സംശയമില്ല.

S. H. ലീഗ്, സെമിനാരി, ആലുവാ N; ചെറുപുഷ്പം പ്രസ്, മഞ്ഞുമ്മൽ ആലുവാ; ദീപിക പ്രസ്, മേരിഗിരി, തിരുവല്ലാ എന്നിവിടങ്ങളിൽ ഈ പുസ്തകം കിട്ടും.

ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിക്കുന്നു. J. A.

## എവറസ്ററ് കോളർ



സി. എ. ഔസേഫ് & സൻസ്
ആഭരണവ്യാപാരം, തൃശ്ശൂർ

(12-ാം പേജ് തുടർച്ച)

ത്തിനിടയിൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം വീതം പൊതുസന്ദർശനങ്ങൾ അനുവദിച്ചിരുന്നല്ലോ. സന്ദർശകരുടെ ഇടയിൽ സാധാരണയായി കുട്ടികളുടെ ഒരു വിഭാഗം ഉണ്ടായിരിക്കും. സ്കൂളുകളിൽ നിന്നും അനാഥമന്ദിരങ്ങളിൽ നിന്നും മററും കൂട്ടമായിട്ടാണ് അവർ വരിക. കുട്ടികളോടു പരിശുദ്ധ പിതാവു് ചില ചോദ്യങ്ങൾ ചോദിക്കും—അവരെല്ലാം ഒരേ സ്വരത്തിൽ മറുപടിയും പറയും. "കുഞ്ഞുങ്ങളേ, നിങ്ങൾക്കു സുഖമാണോ?"—"അതേ" ഒററ സ്വരത്തിൽ മറുപടി. "നിങ്ങൾക്കു വയറു നിറച്ചു ഭക്ഷണം കിട്ടുന്നുണ്ടോ?"—"ഉവ്വ്." ഈ ഉത്തരങ്ങൾ മാർപ്പാപ്പായെ ആനന്ദിപ്പിക്കും. ഒരു ദിവസം പരിശുദ്ധ പിതാവു പെട്ടെന്നു ചോദിച്ച ചോദ്യം ഇതായിരുന്നു: "നിങ്ങൾ വീട്ടിലിരുന്നു പഠിക്കുന്നുണ്ടോ?" "ഇല്ല" ഒരേ സ്വരത്തിൽ മറുപടി. ഒരു വീരൻ ഈ മറുപടി കൊണ്ടുമാത്രം തൃപ്തിപ്പെട്ടില്ല. എല്ലാവരുടേയും സ്വരമടങ്ങിയപ്പോൾ അവൻെറ കളനാദം ഇങ്ങനെ മുഴങ്ങി: "പിതാവേ, ഇപ്പോൾ ഒഴിവുകാലമാണെന്നു അങ്ങേക്കറിഞ്ഞുകൂടേ?" മാർപ്പാപ്പാ അമളി സമ്മതിച്ചു്, പൊട്ടിച്ചിരിച്ചു.

—o—

# സൃഷ്ടി

(ജി. സി. ടൈലർ)

മനുഷ്യൻ കുരങ്ങിൽനിന്നാണുത്ഭവിച്ചതെന്നു വാദിക്കുന്നവർ ഒരത്ഭുതം സമ്മതിച്ചേ മതിയാവൂ. ചരിത്രാതീതകാലത്തു ഏതോ ഒരു തള്ളക്കുരങ്ങു് ആദ്യം പ്രസവിച്ചതു് ഒരു മനുഷ്യനെയാണു്. അതു സ്ത്രീയായിരുന്നോ പുരുഷനായിരുന്നോ എന്ന ചോദ്യം വരുന്നു. അതിനു മറുപടിപറയുവാൻ വിഷമമില്ല. ആ തള്ളക്കുരങ്ങു ഒരു മനുഷ്യക്കുഞ്ഞിനെക്കൂടി പ്രസവിക്കുവാൻ അനുവദിക്കണം. ആദ്യത്തേതു പുരുഷനും രണ്ടാമത്തേതു സ്ത്രീയുമെങ്കിൽ ഏറ്റവും നന്നു്. എന്നാൽ ആ പ്രശ്നം അവിടെയും അവസാനിക്കയില്ല. തള്ളക്കോഴി താറാവിൻകുഞ്ഞുങ്ങളെക്കൂടി സ്വന്തം കുഞ്ഞുങ്ങളുടെ കൂട്ടത്തിൽ വളർത്തുന്നതുപോലെ തള്ളക്കുരങ്ങു് മനുഷ്യക്കുഞ്ഞുങ്ങളെയും വളർത്തി എന്നു വരാം.

അടുത്ത കാലത്തു ഒരു സംഭവം തന്നെ ഉണ്ടായിട്ടുണ്ടു്. ബെഹ്റോച്ച് എന്ന സ്ഥലത്തു് നാഗാബാബാ എന്ന പേരിൽ ഒരു മനുഷ്യൻ ജീവിക്കുന്നു. ഇപ്പോൾ അയാൾക്കു 24 വയസ്സ് പ്രായം കാണും. മൃഗങ്ങളെപ്പോലെ നാലു കാലിൽനിന്നുകൊണ്ടു അയാൾ പുല്ലുതിന്നുജീവിക്കുന്നു. പുല്ലിനു സുഗന്ധമാണെന്നും ധാന്യങ്ങൾക്കു ദുർഗന്ധമാണെന്നും ആണു് ആ മനുഷ്യൻ പറയുന്നതു്. കുമോൻ കുന്നുകളിലെ ഒരു കടുവാ വളർത്തിയതാണു് ആ മനുഷ്യനെ എന്നു റിപ്പോർട്ടുകളിൽ കാണുന്നു. ഏതായാലും കടുവായുടെ സംരക്ഷണയാൽ വളന്ന ഒരു മനുഷ്യൻ പുല്ലുതിന്നുന്നതും സംസാരിക്കുന്നതും അത്ഭുതകരമാണു്. നാഗാബാബായെ ഒരു മാനാണു് വളർത്തിയതെന്നു പറഞ്ഞാൽ അയാൾ നാലു കാലിൽ നിന്നുകൊണ്ടു പുല്ലു തിന്നുന്നതു് ഒരു കുഴഞ്ഞ പ്രശ്നമാകയില്ല. എന്നാലും അയാൾ സംസാരിക്കുവാൻ എങ്ങനെ അഭ്യസിച്ചു എന്ന പ്രശ്നം പിന്നെയും അവശേഷിക്കുന്നു.

ആഫ്രിക്കയുടെ വടക്കു കിഴക്കേ തീരത്തു തോമസ് എന്ന പേരുള്ള ഒരു ചെറിയ ദ്വീപുണ്ടു്. 25,000-മാണു് അവിടത്തെ ജനസംഖ്യ. സംസാരശക്തിയുള്ളവരല്ല അവിടത്തെ ജനങ്ങൾ. പക്ഷികളെപ്പോലെ ചിലച്ചും ചൂളമടിച്ചുമാണു് അവർ ആശയവിനിമയം ചെയ്യുന്നതു്. അവരുടെ ചൂളംവിളി ഏകദേശം 5 മൈൽ ദൂരെ കേൾക്കാമെന്നു പറയുന്നു. അവരെപ്പററി രസാവഹമായ ഒരൈതിഹ്യമുണ്ടു്. അവരുടെ പൂർവ്വന്മാരുടെ ജന്മദേശം ആഫ്രിക്കയായിരുന്നു. ഏതോ കാരണങ്ങൾക്കായി, അന്നത്തെ രാജാവു അവരുടെ നാക്കറുത്തു് അവരെ തോമസ് ദ്വീപിലേക്കു നാടുകടത്തിക്കളഞ്ഞു. അവരുടെ സന്താനപരമ്പരയിൽപ്പെട്ടവരാണു് ഇന്നത്തെ ദ്വീപുവാസികൾ.

ജന്മനാ ശ്രവണശക്തിയില്ലാത്ത ആളുകളെ നാം കണ്ടുമുട്ടാറുണ്ടല്ലോ. അവർക്കു മറൊരു ശക്തികൂടി നഷ്ടപ്പെടുന്നതായി നാം കാണുന്നു. കേൾക്കുവാൻ കഴിവില്ലാത്തവനു് സംസാരിക്കുവാനുള്ള കഴിവുകൂടി നഷ്ടപ്പെടുന്നതായിട്ടാണു് അനുഭവം. നാക്കിനു യാതൊരു ഹാനിയും ഉണ്ടായിരിക്കയുമില്ല. ശ്രവണേന്ദ്രിയങ്ങളാണു് സംസാരത്തിനു മനുഷ്യനെ ഒരുക്കുന്നതെന്നു വേണം ഇതിൽനിന്നും അനുമിക്കുവാൻ. കേൾക്കാത്ത വാക്കുകളൊന്നും പറയുവാൻ നമുക്കു സാദ്ധ്യമല്ല. അങ്ങനെയെങ്കിൽ ഒരു കുരങ്ങു വളർത്തിയ സ്ത്രീയും പുരുഷനും എങ്ങനെ പറയുവാൻ പഠിച്ചു? പരിണാമവാദികൾ അവിടെയും ഒരു അത്ഭുതം സമ്മതിക്കണം. അതേതുടർന്നു മററനേകം പ്രശ്നങ്ങളുണ്ടു്. അതെല്ലാമെല്ലാം ഓരോ അത്ഭുതവും ചരടിൽ കോർത്തിടണം. എന്നാൽ നാസ്തികനു് അത്ഭുതം യുക്തിവിരുദ്ധവുമാണു്. ഒട്ടകപ്പക്ഷിയെപ്പോലെ വലിയ പ്രശ്നങ്ങളുടെ മുമ്പിൽ അയാൾ കണ്ണടച്ചുകളയുന്നു. മററുള്ളവരെല്ലാം അയാളെപ്പോലെ ഭോഷന്മാരായിത്തീരുവാൻ അയാൾ ആഗ്രഹിക്കയും ചെയ്യുന്നു. പരിണാമവാദികളിൽ ഏറ്റവും വലിയ പരിണാമവാദിയാണു മോശ. സകലത്തിന്റെയും ഉത്ഭവകാരണം ഒരനന്തശക്തിയിൽ അദ്ദേഹം സ്ഥാപിക്കുന്നു.

പുറപ്പാടിന്റെ പുസ്തകം 2-ാം അദ്ധ്യായത്തിൽ പുരുഷന്റെയും സ്ത്രീയുടെയും സൃഷ്ടിയെക്കുറിച്ചു് ഇപ്രകാരം എഴുതിയിരിക്കുന്നു:- "ദൈവമായ കർത്താവു് പൊടിയായ ആദത്തെ ചെമ്മണ്ണിൽനിന്നുരുവാക്കി: അവന്റെ മുഖത്തു ജീവശ്വാസം നിശ്വസിച്ചു ആദം ജീവനുള്ളവനായിത്തീരുകയും ചെയ്തു." അതിനുശേഷം സ്ത്രീയുടെ സൃഷ്ടിയെക്കുറിച്ചിങ്ങനെ:- "ദൈവമായ കർത്താവു് ആദത്തിനു ഒരു ഗാഢനിദ്ര വരുത്തുകയും, അവൻ ഉറങ്ങുകയും ചെയ്തു അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്തു് അതിനു പകരം മാംസം പിടിപ്പിച്ചു ആദത്തിൽനിന്നെടുത്ത വാരിയെല്ലു ദൈവമായ കർത്താവു് ഒരു സ്ത്രീയാക്കിത്തീർത്തു അവളെ ആദത്തിന്റെ അടുക്കൽ കൊണ്ടുവന്നു ആദം പറഞ്ഞു: ഇതു പ്രാവശ്യം എന്റെ അസ്ഥികളിൽനിന്നുള്ള അസ്ഥിയും, എന്റെ മാംസത്തിൽനിന്നുള്ള മാംസവും. ഇവൾ സ്ത്രീയെന്നു വിളിക്കപ്പെടും; എന്തുകൊണ്ടെന്നാൽ ഇവൾ പുരുഷനിൽനിന്നും എടുക്കപ്പെട്ടവളാകുന്നു."

ദൈവമായ കർത്താവിനെക്കൊണ്ടു് ഇങ്ങനെ ഒരു നാടകം അഭിനയിപ്പിച്ചിരിക്കുന്നതെന്തേ? പുറപ്പാടിന്റെ പുസ്തകം ഒന്നാം അദ്ധ്യായം ആരംഭിക്കുന്നതു് എത്ര പ്രൗഢമായ രീതിയിലാണു്! "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു... ദൈവം അരുളിച്ചെയ്തു: വെളിച്ചമുണ്ടാകട്ടെ. വെളിച്ചമുണ്ടായി" ഇങ്ങനെയാണു് അതിലെ വിവരണം. എന്നാൽ മനുഷ്യസൃഷ്ടിയുടെ ഘട്ടം വന്നപ്പോൾ "ദൈവം അരുളിച്ചെയ്തു: നമ്മുടെ രൂപത്തിൽ, നമ്മുടെ സാദൃശ്യം പോലെ മനുഷ്യനെ നമുക്കുണ്ടാക്കാം. സമുദ്രത്തിലെ മത്സ്യങ്ങളെയും, ആകാശത്തിലെ പക്ഷികളെയും, നാട്ടുമൃഗത്തെയും, ഭൂമിയിലെ സകല ജീവികളെയും, ഭൂമിമേൽ ഇഴയുന്ന എല്ലാം ജന്തുക്കളെയും അവർ ഭരിക്കട്ടെ."

ലോകത്തിൽ ഏറ്റവും പരിപൂർണ്ണമായ സൃഷ്ടി മനുഷ്യനാണെന്നു സമ്മതിച്ചേ മതിയാവൂ ആ വസ്തുതയാണു് വേദപുസ്തകത്തിൽ പ്രധാനമായി രേഖപ്പെടുത്തിയിരിക്കുന്നതു്. "പൊടിയായ ആദത്തെ ചെമ്മണ്ണിൽനിന്നും ഉരുവാക്കി" എന്നു വായിക്കുമ്പോൾ കർത്താവായ ദൈവം ഒരു കുശവനെപ്പോലെ ചെമ്മണ്ണു കുഴച്ചു ആദ്യം മനുഷ്യന്റെ രൂപം സൃഷ്ടിച്ചു എന്നും പിന്നീടു് അവനു ജീവൻ നൽകി എന്നും തോന്നിപ്പോകും. പക്ഷേ അശരീരിയായ ഒരാൾ മണ്ണു കുഴച്ചു രൂപമുണ്ടാക്കി എന്നും മുഖത്തു ശ്വാസം ഊതി എന്നും മററും പറയുന്നതു് രൂപകാർത്ഥത്തിൽ ആണല്ലോ ധരിക്കേണ്ടതു്. ആദത്തിന്റെ ശരീരം ഭൂമിയിൽനിന്നും ഉളവായി എന്നു പറയുന്ന മോശയാണോ, അതു കുരങ്ങിൽനിന്നും വന്നു എന്നു പറയുന്ന ഡാർവിനാണോ യഥാർത്ഥത്തിൽ പരിണാമവാദി എന്നു ചിന്തിക്കണം. "ദൈവം അരുളിച്ചെയ്തു: ഭൂമി, അതതു തരത്തിൽ ജീവിയെ ഉളവാക്കട്ടെ; അപ്രകാരം സംഭവിച്ചു." ഇതാണു വേദപുസ്തകത്തിൽ കാണുന്നതു്.

ചരിത്രാതീതകാലത്തു നക്ഷത്രങ്ങളും ഗ്രഹങ്ങളും സൂര്യനുംകൂടി ഒന്നിച്ചുനിന്നിരുന്ന ഒരു വലിയ തീക്കട്ടയായിരുന്നു (Nebular theory) വളരെ വേഗത്തിൽ അതു സ്വയംകറങ്ങിക്കൊണ്ടുമിരുന്നു. തീക്കട്ടയിൽനിന്നും ചിലപ്പോൾ പൊട്ടിത്തെറിക്കലുകൾ ഉണ്ടാകാറുണ്ടല്ലോ അങ്ങനെ ആ വലിയ തീക്കട്ടയും പൊട്ടിത്തെറിച്ചിരിക്കാം. ഭൂമിയും, ചന്ദ്രനും, നക്ഷത്രങ്ങളും അങ്ങനെ ഉണ്ടായതായിരിക്കാനാണെളുപ്പം. ഇതു മഹാനായ ലാപ്ലേസിന്റെ ശാസ്ത്രീയമായ ഒരഭ്യൂഹമാണു്. ഇതു ശരിയായിരിക്കാം. പക്ഷേ എന്നാലും കറങ്ങിക്കൊണ്ടിരുന്ന ആ തീക്കട്ട താനേ അങ്ങുണ്ടായതാണെന്നു് സുബുദ്ധിയുള്ളവരാരും വാദിക്കയില്ല. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങൾക്കും ജീവനില്ലെന്നു തീർച്ചയാണു്. ഒരു പമ്പരം എടുത്തൊന്നു കറക്കുക. കുറേ സമയത്തേക്കു് അതു താനേ കറങ്ങിക്കൊണ്ടിരിക്കും. പിന്നെ കറക്കം അങ്ങു നിൽക്കുകയാണു്. അചേതനങ്ങൾ അങ്ങനെയേ വർത്തിക്കൂ. ആദ്യത്തെ അഗ്നിഗോളത്തെ ആരു കറക്കി എന്നു ന്യായമായി ചോദിക്കാം. ആ ഗോളത്തിനു ചാവി കൊടുത്തിരുന്നതു് ആരെന്നും ചോദിക്കാം. അനന്തശക്തിയും അനന്തജ്ഞാനിയുമായ ഒരു ദൈവത്തിൽ അടിയുറപ്പിക്കാതെ ഇത്തരം ചോദ്യങ്ങൾക്കു മറുപടി പറയുക സാദ്ധ്യമോ?

ദൈവം ഒരാൾ ഉണ്ടെന്നു ഞെങ്ങി അങ്ങു സമ്മതിച്ചേക്കാം. എന്നാലും വേദപുസ്തകത്തിൽ മോശ എഴുതിപ്പിടിപ്പിച്ചിരിക്കുന്നതെല്ലാം സത്യവിരുദ്ധങ്ങളല്ലേ? ആറു ദിവസംകൊണ്ടു സൃഷ്ടികർമ്മമെല്ലാം നടന്നു എന്നദ്ദേഹം പറഞ്ഞിരിക്കുന്നു. ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ ഗവേഷണങ്ങളിൽനിന്നും തെളിഞ്ഞിരിക്കുന്ന വസ്തുത മറൊന്നാണു്. ഒരു കാലത്തു ഈ ഭൂമി ഒരഗ്നിഗോളമായിരുന്നു. അതു തണുത്തു തണുത്തു് ഈ സ്ഥിതിയിൽ ആകുന്നതിനുതന്നെ അനേകം കോടി വർഷങ്ങൾ വേണം. അതിനാൽ ശാസ്ത്രം വേദപുസ്തകത്തിനെതിരല്ലേ?

ചില ശാസ്ത്രജ്ഞന്മാർ സാധാരണ ചോദിക്കുന്ന ഒരു ചോദ്യം. പക്ഷേ മോശയുടെ കാലഗണന എങ്ങനെയായിരുന്നു എന്നു കണ്ടുപിടിക്കുവാൻ അവർ ശ്രദ്ധിക്കാറില്ല. വേദപുസ്തകത്തിൽ കാണുന്ന വാക്യം ഇതാണു്: "ദൈവം അരുളിച്ചെയ്തു; വെളിച്ചമുണ്ടാകട്ടെ; വെളിച്ചമുണ്ടായി. വെളിച്ചം നല്ലതെന്നു ദൈവം കണ്ടു. ദൈവം വെളിച്ചവും ഇരുട്ടും തമ്മിൽ വേർതിരിച്ചു. ദൈവം വെളിച്ചത്തെ പകൽ എന്നു വിളിച്ചു; ഇരുട്ടിനെ രാത്രി എന്നും വിളിച്ചു. സന്ധ്യയുണ്ടായി, ഉഷസ്സുമുണ്ടായി; ഒന്നാം ദിവസം."

സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമുണ്ടായതിനുമുമ്പുള്ള ഒരു ദിവസത്തെക്കുറിച്ചാണു മോശ പറയുന്നതു്. ആദ്യത്തെ ഇരുളും വെളിച്ചവും എന്തായിരുന്നുവെന്നു കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ല ശാസ്ത്രജ്ഞന്മാർക്കുപോലും. സൃഷ്ടികർമ്മത്തിനുമുമ്പു് ഒരു മഹാശൂന്യത ഉണ്ടായിരുന്നു എന്നു സമ്മതിക്കണം. ആ ശൂന്യതയിൽ ഒരു പ്രകാശമാണു ആദ്യത്തെ സൃഷ്ടി. ലാപ്ലേസ് പറയുന്ന തീക്കട്ടയായിരിക്കാം ആ പ്രകാശം. സൂര്യനും ഭൂമിയും തമ്മിലുള്ള ബന്ധത്തിൽനിന്നും ഉളവാകുന്ന രാത്രിയും പകലും അന്നില്ലായിരുന്നു എന്നു തീർച്ചയാണല്ലോ. എബ്രായഭാഷയിലാണു മോശ ഗ്രന്ഥങ്ങൾ എഴുതിയതു്. 24 മണിക്കൂറുള്ള ഒരു ദിവസത്തിനും അനേകം കൊല്ലങ്ങളെ കുറിക്കുന്ന യുഗത്തിനും "യോം" എന്ന പദംതന്നെ അദ്ദേഹം പ്രയോഗിച്ചിരിക്കുന്നു. അതിനാൽ "സന്ധ്യയുണ്ടായി, ഉഷസ്സുമുണ്ടായി; ഒന്നാം ദിവസം" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഒരു യുഗത്തിന്റെ ആരംഭവും അവസാനവുമുണ്ടായി; ഒന്നാം യുഗം, എന്നാണു്.

രണ്ടാം യുഗത്തിലെ സംഭവങ്ങളെപ്പററി മോശ എഴുതിയിരിക്കുന്നു: "ദൈവം അരുളിച്ചെയ്തു, വെള്ളത്തിന്റെ മദ്ധ്യേ ഒരു വിതാനമുണ്ടാകട്ടെ. അതു വെള്ളങ്ങൾ തമ്മിൽ വേർതിരിക്കുന്നതായിരിക്കട്ടെ. ദൈവം വിതാനമുണ്ടാക്കി, വിതാനത്തിനു കീഴുള്ള വെള്ളവും വിതാനത്തിനുമേലുള്ള വെള്ളവും തമ്മിൽ വേർതിരിച്ചു ദൈവം വിതാനത്തെ ആകാശമെന്നു വിളിച്ചു. സന്ധ്യയുണ്ടായി, ഉഷസ്സുമുണ്ടായി, രണ്ടാം ദിവസം."

വെള്ളത്തിനു മദ്ധ്യേ വിതാനമുണ്ടാകട്ടെ എന്നു പറഞ്ഞിരിക്കുന്നതു് ഒരു വലിയ സംഭവത്തെ സൂചിപ്പിക്കുന്നതിനാണു്. ദ്രാവകാവസ്ഥയിൽ എത്തിയിരുന്ന അഗ്നിഗോളം പല ഭാഗങ്ങളായി വേർപെട്ടു മററനേകം ഗോളങ്ങൾ ഉത്ഭവിച്ചു എന്നതു കാണിക്കുന്നു. വിതാനത്തിനു മീതെയുള്ള വെള്ളം, കീഴുള്ള വെള്ളം എന്നു തുടങ്ങിയുള്ള പ്രസ്താവനകൾ മുകളിലും താഴെയുമായി ദ്രാവകരൂപത്തിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന ഗോളങ്ങളെ ഉദ്ദേശിച്ചായിരിക്കണം.

അനേകം വലിയ വലിയ ഗോളങ്ങൾ ഉണ്ടെങ്കിലും ഒരു ചെറിയ ഗോളം മാത്രമായ ഭൂമി എല്ലാത്തിന്റെയും മകുടമാണു്. മൂന്നാം യുഗത്തിലെ സംഭവങ്ങളിൽ ഭൂമിയുടെ പരിണാമം മാത്രമേ മോശ വിവരിക്കുന്നുള്ളു. "ദൈവം അരുളിച്ചെയ്തു: ആകാശത്തിനു കീഴുള്ള വെള്ളം ഒരു സ്ഥലത്തു കൂടട്ടെ; ഉണങ്ങിയ കര കാണപ്പെടട്ടെ; അപ്രകാരം സംഭവിച്ചു. ഉണങ്ങിയതിനെ ദൈവം ഭൂമി എന്നു വിളിച്ചു. വെള്ളത്തിന്റെ കൂട്ടത്തെ സമുദ്രങ്ങളെന്നും വിളിച്ചു. ദൈവം അരുളിച്ചെയ്തു: "ഭൂമിയിൽ അതതിന്റെ തരം വിത്തുവിതയ്ക്കുന്ന പച്ചപ്പുല്ലും, അതതിന്റെ തരം ഫലങ്ങൾ ചെയ്യുന്നതായി തന്നിൽത്തന്നെ മുളയുള്ള ഫലവൃക്ഷങ്ങളും ഭൂമിയുളവാക്കട്ടെ. അപ്രകാരം സംഭവിച്ചു. അതതിന്റെ തരം വിത്തുവിതയ്ക്കുന്ന പച്ചപ്പുല്ലും, അതതിന്റെ തരം ഫലങ്ങൾ ചെയ്യുന്നതായി തന്നിൽ തന്നെ മുളയുള്ള ഫലവൃക്ഷങ്ങളും ഭൂമിയുളവാക്കി. സന്ധ്യയുണ്ടായി, ഉഷസ്സുമുണ്ടായി. മൂന്നാം ദിവസം."

മൂന്നാം യുഗത്തിൽതന്നെ മററു ഗോളങ്ങളിൽ സംഭവിച്ച പരിണാമങ്ങളെപ്പററി മോശ ഒന്നും പറയുന്നില്ല. നാലാം യുഗമായപ്പോഴേക്കും ഭൂമിയിൽനിന്നും നോക്കിയാൽ കാണാവുന്ന മനോഹരമായ കാഴ്ചയാണു് മോശയുടെ വിഷയം. അദ്ദേഹം എഴുതുന്നു: "ദൈവം അരുളിച്ചെയ്തു: പകലും രാവും തമ്മിൽ വേർതിരിക്കുവാനായി ആകാശവിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ; അവ അടയാളങ്ങൾക്കും, കാലങ്ങൾക്കും, ദിവസങ്ങൾക്കും, വത്സരങ്ങൾക്കുംവേണ്ടിയായിരിക്കട്ടെ. ഭൂമിമേൽ പ്രകാശിക്കുന്നതിനായി ആകാശവിതാനത്തിൽ അവ പ്രകാശിച്ചുകൊണ്ടിരിക്കയും ചെയ്യട്ടെ. പകലിന്റെ ഭരണത്തിനു ഒരു വലിയ വെളിച്ചവും രാവിന്റെ ഭരണത്തിനു ഒരു ചെറിയ വെളിച്ചവുമായി രണ്ടു വലിയ വെളിച്ചങ്ങളും നക്ഷത്രങ്ങളും ദൈവം ഉണ്ടാക്കി. ഭൂമിമേൽ പ്രകാശിക്കുവാനും, പകലിനെയും രാവിനെയും ഭരിക്കുവാനും, വെളിച്ചവും ഇരുട്ടും തമ്മിൽ വേർതിരിക്കുവാനുമായി ദൈവം അവയെ ആകാശവിതാനത്തിൽ സ്ഥാപിച്ചു. സന്ധ്യയുണ്ടായി, ഉഷസ്സുമുണ്ടായി. നാലാം ദിവസം.

സൂര്യന്റെ ചൂടും പ്രകാശവും ക്രമീകരിക്കപ്പെട്ടുകഴിഞ്ഞപ്പോൾ ഭൂമിമേൽ ജീവജാലങ്ങൾക്കു വസിക്കാമെന്നായി. പരിണാമവാദികൾക്കു് ഒരു സങ്കല്പമുണ്ടു്. ആദ്യം വെള്ളത്തിൽ ഒരു ചെറിയ ജീവിയുണ്ടായി. അതു പരിണാമം പ്രാപിച്ചു വെള്ളത്തിലും കരയ്ക്കുംകൂടി ജീവിക്കുന്ന ഒരു ജന്തുവായി രൂപാന്തരപ്പെട്ടു. ആമയോ തവളയോ പോലുള്ള ഒരു ജീവിയായിരുന്നിരിക്കാം അതു്. അതു പരിണാമം പ്രാപിച്ചു കരയിൽമാത്രം ജീവിക്കുന്ന ഒരു ജന്തുവായിത്തീർന്നു. ആ ജന്തു പരിണാമം പ്രാപിച്ചു മനുഷ്യനായിത്തീർന്നു. മനുഷ്യൻ ഇനി എന്തായിത്തീരുമെന്നു കാലങ്ങൾ തെളിയിക്കുമായിരിക്കും!

മോശയുടെ പരിണാമവാദത്തിൽ ഇനിയും രണ്ടു യുഗങ്ങൾ കൂടിയുണ്ടു്. അഞ്ചും ആറും യുഗങ്ങൾ. അഞ്ചാം യുഗത്തിലുണ്ടായി ജലത്തിലെ ജന്തുക്കൾ. ദൈവം അരുളിച്ചെയ്തു: ജീവനുള്ള ഇഴജാതികളെ വെള്ളം ജനിപ്പിക്കട്ടെ. ഭൂമിയുടെ മീതെ ആകാശവിതാനത്തിന്മേൽ പക്ഷി പറക്കുകയും ചെയ്യട്ടെ. വലിയ തിമിംഗലങ്ങളെയും, അതതുകളുടെ തരത്തിൽ വെള്ളം ജനിപ്പിച്ച ഇഴജന്തുക്കളിലെ സകല ജീവികളെയും, തരത്തിനൊത്ത ചിറകുള്ള സകല പക്ഷികളെയും ദൈവം സൃഷ്ടിച്ചു. ദൈവം അവയെ അനുഗ്രഹിച്ചു അവയോടു അരുളിച്ചെയ്തു: നിങ്ങൾ വർദ്ധിച്ചുപെരുകി സമുദ്രങ്ങളിലെ വെള്ളത്തിൽ നിറയുവിൻ; പക്ഷി ഭൂമിയിൽ വർദ്ധിക്കയും ചെയ്യട്ടെ, സന്ധ്യയുണ്ടായി. ഉഷസ്സുമുണ്ടായി. അഞ്ചാം ദിവസം."

വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു് ആറാമത്തെ യുഗം. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ ആവിർഭവിക്കുന്നു ഈ കാലഘട്ടത്തിൽ. മോശ എഴുതുന്നു: "ദൈവം അരുളിച്ചെയ്തു: ഭൂമി അതതു തരത്തിൽ ജീവിയെ ഉളവാക്കട്ടെ. അതതു തരത്തിൽ ഭൂമിയിലെ ജീവിയേയും അതതു തരത്തിൽ നാട്ടുമൃഗത്തെയും, അതതു തരങ്ങളിൽ ഭൂമിയിലെ സകല ഇഴജന്തുക്കളെയും ദൈവം ഉണ്ടാക്കി; നല്ലതെന്നു ദൈവം കാണുകയും ചെയ്തു." ആ യുഗാന്ത്യത്തിൽ "ദൈവം തന്റെ രൂപത്തിൽ ആദത്തെ സൃഷ്ടിച്ചു. ദൈവത്തിന്റെ രൂപത്തിൽ അവനെ സൃഷ്ടിച്ചു. പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. അവരോടു ദൈവം അരുളിച്ചെയ്തു: നിങ്ങൾ വർദ്ധിച്ചു പെരുകുവിൻ; ഭൂമിയിൽ നിറഞ്ഞു അതിനെ കീഴടക്കുവിൻ; സമുദ്രത്തിലെ മത്സ്യങ്ങളെയും, ആകാശത്തിലെ പക്ഷിയേയും, നാട്ടുമൃഗത്തെയും, ഭൂമിമേൽ ഇഴയുന്ന സകല ജീവികളെയും ഭരിക്കുവിൻ."

—o—

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam March 7 1956 No. 30



## ബാലരംഗം

### "വിദ്യാർത്ഥി മദ്ധ്യസ്ഥൻ"

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,



വീട്ടിൽനിന്നു വിദൂരസ്ഥിതമായ വിയന്നാ കലാലയത്തിൽ പഠിച്ചുകൊണ്ടിരിക്കുന്ന കോസ്റ്റാസഹോദരന്മാർ അവരുടെ ജീവിതത്തിന്റെ വഴിത്തിരിവുകളിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണു. ദുർവൃത്തനായിത്തീർന്ന പോളിന്റെ നിരന്തരമായ മർദ്ദനങ്ങൾ സ്റ്റനിസ്ലാവൂസിനെ വളരെ കഷ്ടപ്പെടുത്തി. അവന്റെ ഭക്തജീവിതവും, പഠനത്തിലുള്ള ശ്രദ്ധയും, മേലധികാരികളോടുള്ള അനുസരണവും പോളിനു അവനോടുള്ള വെറുപ്പിനെ വർദ്ധിപ്പിക്കുന്നതിനു കാരണമായി. നല്ല കുട്ടികൾ പലപ്പോഴും ദുർമ്മാർഗ്ഗികളായ അവരുടെ കൂട്ടുകാരിൽ നിന്നനുഭവിക്കുന്നതിനിടയാകുന്ന അവസ്ഥാന്തരമാണു ഇവിടെ കാണുന്നതു. അവരെ കളിയാക്കുന്നതിനും, അവരുടെ മേൽ കുററാരോപണങ്ങൾ നടത്തുന്നതിനും, അവരോടു തീരാത്ത വൈരാഗ്യം ഭാവിക്കുന്നതിനും, കഴിയുമെങ്കിൽ അവരെ ഉപദ്രവിക്കുന്നതിനും കച്ചകെട്ടിനടക്കുന്ന ഒരു ഗണത്തെ എവിടെയും കാണുവാൻ കഴിയും. അവരുടെ വിക്രിയകളെ നാം ശരിയായി മനസ്സിലാക്കുകയും അവരിൽനിന്നകലുന്നതിനും അവരുടെ തന്ത്രങ്ങളിലോ വശീകരണങ്ങളിലോ പെടുന്നതിനിടയാകാതിരിക്കുന്നതിനും സൂക്ഷിക്കുകയും ചെയ്യണം. അവരുടെ ഭീഷണികളിൽ നാം അധൈര്യപ്പെടേണ്ടതില്ല. അവർ നമ്മെ ഉപദ്രവിച്ചാലും നല്ല ഈശോയ്ക്കുവേണ്ടി ധൈര്യപൂർവ്വം അവയെ നമുക്കു സഹിക്കാം. അതാണല്ലോ സ്റ്റനിസ്ലാവൂസ് ചെയ്തതു.

വല്യേട്ടൻ.




### 62-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—സമാധാനം

### പ്രശ്നം നമ്പ്ര് 63

(ജോർജ്ജ് വി. ചിറയത്തു Reg. No. 36)

അക്രമവും അനീതിയും നിറഞ്ഞ ഈ ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗത്തിൽനിന്നു തന്നെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു ദിവ്യായുധമാണു ഞാൻ. എന്റെ പേരിനു നാലക്ഷരം. ഒന്നാമത്തേതു ജലാശയത്തിലുണ്ടു, മണലാരണ്യത്തിലില്ല; രണ്ടാമത്തേതു പരിമളത്തിലുണ്ടു സുഗന്ധത്തിലില്ല; മൂന്നാമത്തേതു മാതാവിലുണ്ടു പിതാവിലില്ല; അവസാനത്തെ അക്ഷരം പുലർകാലത്തിലുണ്ടു സന്ധ്യാവേളയിലില്ല. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

## കുട്ടികൾ മാർപ്പാപ്പായ്ക്കുവേണ്ടി പ്രാർത്ഥിക്കുവിൻ!

### കുട്ടികൾക്കായുള്ള മാർപ്പാപ്പായുടെ സന്ദേശം

ക്രിസ്തുവിന്റെ വികാരിയായ മാർപ്പാപ്പാ കുട്ടികളെ സ്നേഹിക്കുന്നു എന്നും അവരെ തന്റെ സ്നേഹിതന്മാരാക്കുന്നതിനു ആഗ്രഹിക്കുന്നു എന്നും എല്ലാവർക്കും അറിയാം. സാധിക്കുമായിരുന്നെങ്കിൽ പാപ്പാ നിങ്ങളുടെ മദ്ധ്യേ ഇറങ്ങിവരികയും നിങ്ങളോരോരുത്തരോടും സംസാരിക്കുകയും അത്യധികമായ സ്നേഹത്തോടുകൂടി നിങ്ങളുടെ തലയിൽ കൈവച്ചാശീർവദിക്കുകയും ചെയ്യുമായിരുന്നു.



നിങ്ങൾ ഓർക്കുന്നുണ്ടോ, ഈശോ യൂദയാനഗരവീഥികളിൽക്കൂടി പൊയ്ക്കൊണ്ടിരുന്നപ്പോൾ അവിടത്തെ കുട്ടികൾ അവിടുത്തെ സ്തുതിച്ചുകൊണ്ടോടിക്കൂടിയിരുന്നതു? ഈശോയ്ക്കു അസഹ്യമാകുമെന്നു കരുതി അവിടുത്തെ കൂടെയുണ്ടായിരുന്നവർ, കുട്ടികളേയുംകൊണ്ടുവന്ന അമ്മമാരെ തടഞ്ഞപ്പോൾ അവർക്കു താക്കീതു നൽകി കുഞ്ഞുങ്ങളെ സ്വീകരിച്ചതു? ഇന്നത്തെ സ്ഥിതി ഇപ്രകാരമായിരിക്കുമോ എന്നു ആശങ്കപ്പെടേണ്ടിയിരിക്കുന്നു. അന്നത്തെപ്പോലെ കുഞ്ഞുങ്ങളെല്ലാം ഈശോയുടെ കുഞ്ഞു സ്നേഹിതന്മാരാണോ എന്നു സംശയിക്കണം......

കുഞ്ഞുമക്കളേ, നിങ്ങൾ സൂക്ഷിക്കണേ. നിങ്ങൾ തെരുവീഥിയിൽക്കൂടി നടന്നുപോകുമ്പോഴും, കുട്ടിക്കളികളിൽ ഏർപ്പെട്ടിരിക്കുമ്പോഴും പുസ്തകങ്ങളും വർത്തമാനപ്പത്രങ്ങളും വായിക്കാൻ കൈയിലെടുക്കുമ്പോഴും, ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾമൂലം നിങ്ങളുടെ വീടുകളിൽതന്നെയിരുന്നുകൊണ്ടു കാണാവുന്ന പ്രദർശനങ്ങൾ വീക്ഷിക്കുമ്പോഴും നിങ്ങളോർക്കണം, ഒരുപക്ഷേ നിങ്ങളെ കടിക്കുന്നതിനുള്ള ഒരു കാളസർപ്പം അതിൽ ഒളിഞ്ഞിരിക്കുന്നുണ്ടാകാം; ഈശോയിൽനിന്നു നിങ്ങളെ അകററുന്നതിനു അതു പ്രേരകമാകുന്നുണ്ടോ എന്നു. ആ സർപ്പത്തിന്റെ കളികൾ നിങ്ങൾ സൂക്ഷിച്ചുനില്ക്കരുതു. അതു നിങ്ങളെ പരീക്ഷിക്കും. നിങ്ങൾ നാശത്തിൽ പെട്ടുപോകും.

അതു നിങ്ങളെ ഭയപ്പെടുത്തുന്ന ആദ്യനിമിഷത്തിൽതന്നെ നിങ്ങൾ ഉറക്കെ നിലവിളിക്കുക. നിങ്ങളുടെ അമ്മയുടെ അടുക്കലേക്കു ഓടിപ്പോവുക; പ്രത്യേകിച്ചു നിങ്ങളുടെ സ്വർഗ്ഗീയ അമ്മയായ കന്യകമറിയത്തിന്റെ അടുക്കലേക്കു; ഈ അമ്മ എപ്പോഴും നിങ്ങളുടെ അടുത്തുണ്ടു. ദൈവത്തിന്റെ ശക്തിയും ആ അമ്മയുടെ സ്വാധീനത്തിലുണ്ടു. നിങ്ങളുടെ കാവൽദൂതന്മാരേയും നിങ്ങൾ വിളിച്ചപേക്ഷിക്കുക, നിങ്ങളെ സംരക്ഷിക്കുന്നതിനു.

നിങ്ങൾ നല്ലവരായിരിക്കണമെങ്കിൽ ദിവ്യഈശോ, നിങ്ങളുടെ മാതാപിതാക്കന്മാരും അദ്ധ്യാപകന്മാരും വൈദികരും വഴി നിങ്ങളോടു പറയുന്നതെല്ലാം നിങ്ങൾ അനുവർത്തിക്കണം. ഉണ്ണിശോയെ കൂടുതലായി അറിയുന്നതിനും സ്നേഹിക്കുന്നതിനും നിങ്ങൾ പരിശീലിക്കുക.... ദിവ്യ ഈശോയെ അനുകരിക്കുന്നതിനു ദൃഢപ്രതിജ്ഞ ചെയ്തിട്ടുള്ള ഒട്ടുവളരെ കുട്ടികളുണ്ടു എന്നറിയുന്നതു മാർപ്പാപ്പായ്ക്കു എത്ര സന്തോഷകരമായ കാര്യമാണു. ആൺകുട്ടികളും പെൺകുട്ടികളുമായ എന്റെ കുഞ്ഞുമക്കളേ, നിങ്ങൾക്കും ഈശോയെപ്പോലെ നല്ലവരും ഉത്തമരും അനുസരണയുള്ളവരും ആയിരിക്കുന്നതിനു ആഗ്രഹമില്ലേ?

എന്നോടു പറയുക. നിങ്ങൾ നമ്മുടെ പരിശുദ്ധ അമ്മയെ സ്നേഹിക്കുവാൻ ആഗ്രഹിക്കുന്നില്ലേ? എന്നാൽ ആ അമ്മ എന്തെങ്കിലും നിങ്ങളോടാവശ്യപ്പെടുമ്പോൾ മധുരമായ ഒരു സമ്മതം മൂളുന്നതിനു നിങ്ങൾ പരിശീലിക്കണം. നിങ്ങൾ പ്രാർത്ഥിക്കണമെന്നു ആ അമ്മ ആവശ്യപ്പെടുന്നു; നിങ്ങൾ ഉത്സാഹിച്ചു പഠിക്കണമെന്നു ആ അമ്മ ആഗ്രഹിക്കുന്നു. ഇതിനെല്ലാം ഉല്ലാസഭരിതരായി നിങ്ങൾ പറയണം, "എസ്" എന്നു. നിങ്ങൾക്കു ഈശോ തന്നെയാകുന്ന



മാർപ്പാപ്പാ ശിശുക്കളുടെ മദ്ധ്യത്തിൽ

ആത്മീയഭക്ഷണം, നിവൃത്തിയുണ്ടെങ്കിൽ ദിവസവും, തരണമെന്നു ആ അമ്മയോടു പറയൂ. ആ അമ്മ സക്രാരിയുടെ വാതിലുകൾ നിങ്ങൾക്കായി തുറന്നു തരും. മനോഹരമായ മാതൃകരങ്ങളാൽ ജീവന്റെ അപ്പത്തെ നിങ്ങളുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കും.

പ്രിയ കുഞ്ഞുങ്ങളേ, ഈശോയുടെ ശത്രുക്കൾ അവിടുത്തേക്കെതിരായി ഇന്നും പോരാടുകയാണു. അവിടുത്തെ തിരുസഭയെ നശിപ്പിക്കണമെന്നാണു അവരുടെ ലക്ഷ്യം. പക്ഷേ നിങ്ങൾക്കറിയാം, നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല; ദൈവത്തിന്റെ ശത്രുക്കൾ ഇനിയും പരാജയപ്പെടുത്തപ്പെടും. എന്നാൽ എല്ലാ രംഗങ്ങളിലും ശത്രുക്കൾക്കെതിരായി മല്ലിടുന്നതിനു തിരുസഭയ്ക്കു വളരെയധികം ശക്തി ആവശ്യമുണ്ടു. ഈ ഉഗ്രമായ പോരാട്ടത്തെ ശോഭനമായ ഒരു വിജയത്തിൽ കൊണ്ടെത്തിക്കുന്നതിനു പാപ്പാ പ്രത്യേകമായി ആശ്രയിക്കുന്നതു കുഞ്ഞുങ്ങളായ നിങ്ങളുടെ പ്രാർത്ഥനകളെയും നിങ്ങളുടെ കുഞ്ഞുകുഞ്ഞു ത്യാഗപ്രവൃത്തികളെയുമാണു.

അതുകൊണ്ടു തിരുസഭയെ സംരക്ഷിക്കുന്നതിനും, അതിന്റെ ശത്രുനിരകളെ തകർക്കുന്നതിനും, എല്ലാ മനുഷ്യരെയും പ്രത്യേകിച്ചു അവിടുത്തെ കാരുണ്യം കൂടുതൽ ആവശ്യമായിരിക്കുന്നവരേയും രക്ഷിക്കുന്നതിനും നിങ്ങൾ ഈശോയോടു അപേക്ഷിക്കുക.



### വേനൽക്കാല വസതിയിൽകുട്ടികളുടെ വിളയാട്ടം

മാർപ്പാപ്പാ വേനൽക്കാലവസതിയായ കാസ്റ്റൽ ഗണ്ടോൾഫോയിലായിരിക്കുമ്പോൾ കുട്ടികളോടുകൂടി വളരെ സമയം ചിലവഴിക്കുക പതിവാണു. കുട്ടികൾക്കു അക്കാലങ്ങളിൽ വളരെ സ്വാതന്ത്ര്യമായ സന്ദർശനങ്ങൾ അനുവദിക്കും. ദിവസവും സായാഹ്നത്തിൽ വില്ലായുടെ നിരത്തുകളിൽക്കൂടി സഞ്ചരിക്കുമ്പോൾ അവിടത്തെ 'ജോലിക്കാരുടെ കുട്ടികൾ തിരുമേനിയെ വട്ടമിടും. പരിശുദ്ധ പിതാവു അവരോടു പല കാര്യങ്ങൾ ചോദിക്കുകയും വിനോദങ്ങൾ പറഞ്ഞു അവരെ രസിപ്പിക്കുകയും ചെയ്യും. തിരുമനസ്സിലെ പരിചാരകൻ ഇതിനിടയിൽ ഓടുന്നുണ്ടാകും ആ കുഞ്ഞുങ്ങൾക്കുവേണ്ടി മധുരപലഹാരങ്ങൾ കൊണ്ടുവരുവാൻ. വില്ലായിലെ പരിചാരകരുടെ 15 കൊച്ചുകുട്ടികളുണ്ടു. അവരോരോരുത്തരേയും പരിശുദ്ധ പിതാവിനു നല്ല പരിചയമാണു.

### "പാപ്പായ്ക്കറിഞ്ഞുകൂടേ?"

കഴിഞ്ഞകൊല്ലം കുട്ടികളുടെ ഒരു സന്ദർശനവേളയിൽ മാർപ്പാപ്പായ്ക്കു ചെറിയൊരമളി പററി. ആ സംഭവം രസാവഹമാണു. കഴിഞ്ഞ വേനൽക്കാലവിശ്രമ

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-I